ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ആഗസ്റ്റ് - സെപ്റ്റംബർ 2021 പുസ്തകം 2 ലക്കം 8-9

**ആസ്തി വിൽപ്പനയും മൂലധനനിക്ഷേപ രംഗത്ത് അതുളവാക്കുന്ന പ്രത്യാഘാതങ്ങളും**

**15 സംസ്ഥാനങ്ങളുടെ 1990-91 - 2018-19 കാലയളവിലെ നികുതി മേഖലയിലെ പ്രകടനവും അനുബന്ധ ചോദ്യങ്ങളും**

**മഹാമാരിക്കാലത്ത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ചെലവുകളിൽ വന്ന മാറ്റം**

**മുദ്രപ്പത്ര വിലയും രജിസ്ട്രേഷനും:ന്യായവില നിർണ്ണയത്തിൽ ആധുനിക സങ്കേതങ്ങളുടെ പങ്ക്**

**ജി എസ് ടി വരുമാനത്തിലെ തിരിച്ചുവരവ്: പ്രശ്നങ്ങളും സാധ്യതകളും**

**പണപ്പെരുപ്പവും ഭക്ഷ്യോത്പന്ന വിലയും കോവിഡ് ഘട്ടത്തിൽ**

**വൈദ്യുതി നികുതി വരുമാനത്തിൽ കേരളം നേരിടുന്ന വെല്ലുവിളി**

**അധികവരുമാനം കൈവരിക്കുന്നതിൽ പ്രളയ സെസ്സ് നൽകുന്ന പാഠം**

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ആഗസ്റ്റ്–സെപ്റ്റംബർ 2021 പുസ്തകം 2 ലക്കം 8 & 9

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
എൽ അനിതാകുമാരി
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

എഡിറ്റിംഗ് അസിസ്റ്റന്റ്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള– 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം


**പേജ്**

*എഡിറ്റോറിയൽ*
***കേരള ഇക്കോണമി* ഒരു വർഷം പിന്നിടുന്നു** 3

1. **ആസ്തി വിൽപ്പനയും മൂലധനനിക്ഷേപ രംഗത്ത് അതുളവാക്കുന്ന പ്രത്യാഘാതങ്ങളും** 7
   എൽ. അനിതാകുമാരി

2. **15 സംസ്ഥാനങ്ങളുടെ 1990-91 - 2018-19 കാലയളവിലെ നികുതി മേഖലയിലെ പ്രകടനവും അനുബന്ധ ചോദ്യങ്ങളും** 14
   ആർ. മോഹൻ, ഷൈജൻ ഡി

3. **സംസ്ഥാന സാമ്പത്തികം**
   മഹാമാരിക്കാലത്ത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ചെലവുകളിൽ വന്ന മാറ്റം 26
   പാർമ ചക്രവർത്തി

   മുദ്രപ്പത്ര വിലയും രജിസ്ട്രേഷനും: ന്യായവില നിർണ്ണയത്തിൽ ആധുനിക സങ്കേതങ്ങളുടെ പങ്ക് 34
   ഡി. നാരായണ

4. **ടാക്സ് മോണിറ്റർ**
   ജി എസ് ടി വരുമാനത്തിലെ തിരിച്ചുവരവ്: പ്രശ്നങ്ങളും സാധ്യതകളും 43
   സന്തോഷ്കുമാർ ഡാഷ്

5. **പ്രൈസ് മോണിറ്റർ**
   പണപ്പെരുപ്പവും ഭക്ഷ്യോത്പന്ന വിലയും കോവിഡ് ഘട്ടത്തിൽ 49
   കിരൺകുമാർ കക്കർലപുടി, പി. എസ് രഞ്ജിത്ത്

6. **സെക്ടറൽ ഫോക്കസ്**
വൈദ്യുതി നികുതി വരുമാനത്തിൽ കേരളം നേരിടുന്ന വെല്ലുവിളി 57
സക്കറിയ സിദ്ദിഖി, കെ. ജെ ജോസഫ്, ലിജുമോഹൻ എ

7. **ജി എസ് ടി അപ്ഡേറ്റ്സ്**
അധികവരുമാനം കൈവരിക്കുന്നതിൽ പ്രളയ സെസ്സ് നൽകുന്ന പാഠം 70
റെൽഫി പോൾ

8. **New studies on Kerala** 87
Young scholars' forum, GIFT.

9. **What is new(s) from GIFT** 92

# എഡിറ്റോറിയൽ
## *കേരള ഇക്കോണമി* ഒരു വർഷം പിന്നിടുന്നു

*കേരള ഇക്കോണമി* പ്രസിദ്ധീകരണത്തിന്റെ ഒരു വർഷം പിന്നിടുന്നുവെന്ന് അറിയിക്കുന്നതിൽ എഡിറ്റോറിയൽ ടീമിന് അതിയായ ചാരിതാർഥ്യമുണ്ട്. ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ (ഗിഫ്റ്റ്) അന്നത്തെ ചെയർപേഴ്സനായ പ്രഫസർ ടി. എം. തോമസ് ഐസക് നിർദേശിച്ചതുപോലെ, സംസ്ഥാനത്തിന്റെ നയരൂപീകരണ രംഗത്തും അക്കാദമിക് തലത്തിലും സവിശേഷമായ സ്ഥാനം അലങ്കരിക്കുക എന്ന രീതിയിലാണ് *കേരള ഇക്കോണമി* രൂപകൽപ്പന ചെയ്തത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കുറിച്ച് ആധികാരികമായ വിവരങ്ങളും വിശകലനങ്ങളും ലഭിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വാർഷിക പ്രസിദ്ധീകരണമായ 'ഇക്കണോമിക് റിവ്യു' പുറത്തിറങ്ങുന്നത് വരെ കാത്തിരിക്കണമായിരുന്നു. ഇവിടെ, അതിദ്രുതം ലഭിക്കുന്ന വിവരങ്ങൾ പ്രയോജനപ്പെടുത്തി കേരളത്തിന്റെ സമ്പദ്ഘടനയുടെ കൃത്യവും സമകാലികവുമായ വിശകലനങ്ങൾ അനുവാചകരിലേക്ക് എത്തിക്കുന്നതിനാണ് *കേരള ഇക്കോണമി* ലക്ഷ്യമിട്ടത്. സംസ്ഥാന ധനകാര്യം, ഉൽപ്പന്ന രംഗത്തെ വളർച്ച, നികുതി വരുമാനത്തിലെ പ്രവണതകൾ, തൊഴിൽ മേഖല, വേതനം, വിലനിലവാരം തുടങ്ങിയ വിവിധ വശങ്ങൾക്ക് പുറമെ, സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക സ്ഥാനമുള്ള പ്രത്യേക മേഖലകളുടെ അവലോകനവും ഇതിൽ ഉൾപ്പെടുന്നു. കേരളത്തെ കുറിച്ച് ലോകത്തെമ്പാടും നടക്കുന്ന ഗവേഷണങ്ങളെ കുറിച്ചുള്ള വിവരങ്ങൾക്കു പുറമേ ഗിഫ്റ്റ് നടത്തുന്ന വിവിധങ്ങളായ ഗവേഷണ-പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയുടെ വിശദവിവരങ്ങൾ അനുവാചകരിലെത്തിക്കാൻ *കേരള ഇക്കോണമി* ക്ക് കഴിഞ്ഞു. കേരളത്തിന്റെ സാമ്പത്തിക രംഗത്തെ വിവിധ പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള സാധാരണ പതിപ്പുകൾക്ക് പുറമെ, വിശിഷ്ട വ്യക്തികൾ എഡിറ്റ് ചെയ്ത മൂന്ന് പ്രത്യേക പതിപ്പുകളും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിനെ ആധാരമാക്കി 'വൈജ്ഞാനിക സമ്പദ്ഘടനയിലേക്കുള്ള കേരളത്തിന്റെ പരിണാമം' എന്ന വിഷയത്തിൽ ഗിഫ്റ്റ് ഒരു അന്താരാഷ്ട്ര വെബ്ബിനാർ സംഘടിപ്പിച്ചിരുന്നു. 24 രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ ഇതിൽ പങ്കെടുക്കുകയുണ്ടായി. ഇതിനെ കേന്ദ്രീകരിച്ചാണ് ആദ്യത്തെ പ്രത്യേക പതിപ്പ് പുറത്തിറക്കിയത്. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ, സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണിക്കൃഷ്ണനായിരുന്നു ഇതിന്റെ ഗസ്റ്റ് എഡിറ്റർ. ഇതിന്റെ തുടർച്ചയായി സാമ്പത്തിക സർവെ, 2021-22 ലെ കേന്ദ്ര ബജറ്റ് എന്നിവയെ അധികരിച്ച് ഗവണ്മെന്റ് വിമൻസ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗിഫ്റ്റ് സംഘടിപ്പിച്ച സെമിനാറിനെ ആധാരമാക്കി മറ്റൊരു

പ്രത്യേക പതിപ്പും പ്രസിദ്ധീകരിക്കുകയുണ്ടായി. ശ്രീമതി അനിതകുമാരി, ഡോ. എൻ. രാമലിംഗം, ഡോ. വി. ഉമജ്യോതി, ഡോ. റോണി തോമസ് എന്നിവരാണ് ഇത് എഡിറ്റ് ചെയ്തത്. സംസ്ഥാന ധനമന്ത്രിയും ഗിഫ്റ്റിന്റെ ഇപ്പോഴത്തെ ചെയർപേഴ്സണുമായ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെ ആസ്പദമാക്കി ഗിഫ്റ്റ് സംഘടിപ്പിച്ച ചർച്ചകൾ ആധാരമാക്കിയാണ് മൂന്നാമത്തെ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിച്ചത്.

*കേരള ഇക്കോണമി* യുടെ പ്രധാന സവിശേഷത ഒരേ സമയം ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുന്നതിന് പുറമെ, ഓൺ ലൈനായും അച്ചടിച്ച രൂപത്തിലും ലഭ്യമാകുന്നു എന്നതാണ്. പ്രൊഫസർ ടി. എം. തോമസ് ഐസക്കിന്റെ മാർഗ്ഗനിർദേശത്തിൽ, ഗിഫ്റ്റിലെ ഒരു തനത് ടീമിന്റെ (ഡോ. എ.വി. ജോസ്, പ്രൊഫ. ഡി. നാരായണ, ഡോ. എൻ. രാമലിംഗം, ശ്രീമതി അനിതകുമാരി) നേതൃത്വത്തിൽ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങളായ പ്രൊഫസർ കെ. എൻ. ഹരിലാൽ, ഡോ. കെ. രവിരാമൻ എന്നിവരുടെ സഹകരണത്തിലുമാണ് പ്രസിദ്ധീകരണം തുടങ്ങിയത്. മുതിർന്ന മാധ്യമപ്രവർത്തകനായ ജോർജ് ജോസഫ്, ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്ലിയിലെ ഡോ. പ്യാരേലാൽ രാഘവൻ എന്നിവർ കൺസൾട്ടിങ് എഡിറ്റർമാരായും പ്രവർത്തിക്കുന്നു. എസക്സ് യൂണിവേഴ്സിറ്റിയിലെ പ്രഫസർ തങ്കം അരുൺ, ശിവ് നാടാർ സർവകലാശാലയിലെ പ്രൊഫസർ രാജേശ്വരി റെയ്ന, ഗുജറാത്ത് ഇൻസ്റ്റിട്യൂട്ട് ഓഫ് ഡെവലപ്മെന്റ് റിസർച്ചിലെ പ്രഫസർ താര എസ്. നായർ, ടെറുമോ പെൻപോൾ മുൻ സി ഇ ഒ ശ്രീ. സി. ബാലഗോപാൽ, കാലിക്കറ്റ് സർവകലാശാലയിലെ (ഡോ. ജോൺ മത്തായി സെന്റർ) ഡോ. ഡി. ഷൈജൻ, കേരള സർവ്വകലാശാല ഇക്കണോമിക്സ് വിഭാഗത്തിലെ ഡോ. സിദ്ദിഖ് റാബിയത്ത്, ഗിഫ്റ്റിലെ ഡോ. സക്കറിയ സിദ്ദിഖി, ഡോ. അനൂപ് എസ്. കുമാർ എന്നിവരെ ഉൾപ്പെടുത്തി എഡിറ്റോറിയൽ ടീം പിന്നീട് വിപുലപ്പെടുത്തുകയുണ്ടായി.

സർക്കാർ, നയരൂപീകരണ തലങ്ങളിലും അക്കാദമിക് രംഗത്തും, പൊതുജനങ്ങളിൽ നിന്നും *കേരള ഇക്കോണമി* ക്ക് സമുചിതമായ അംഗീകാരം ഇതിനോടകം ലഭിച്ചുവെന്നതിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. ഈ സംരംഭത്തിന് പ്രഫസർ എം. എസ് സ്വാമിനാഥൻ, പ്രഫസർ ഹനുമന്തറാവു എന്നീ പ്രഗത്ഭമതികളിൽ നിന്നും പ്രോത്സാഹജനകമായ പ്രതികരണം ലഭിച്ചു എന്നതിൽ വലിയ ചാരിതാർഥ്യമുണ്ട്. സ്ഥലഭേദമന്യേ വായനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പ്രതികരണമുണ്ടായി എന്നത് ഞങ്ങൾക്ക് കൂടുതൽ കരുത്തും ആവേശവും പകർന്ന് നൽകുന്നു. അവരോടെല്ലാം ഞങ്ങൾ കൃതജ്ഞതാബദ്ധരാണ്. രജിസ്ട്രാർ ശ്രീ ആർ. രാജഗോപാലിന്റെ നേതൃത്വത്തിൽ ഗിഫ്റ്റിലെ എന്റെ സഹപ്രവർത്തകരും വളരെ സന്തോഷപൂർവമാണ് ഈ ദൗത്യത്തിന് പിന്തുണ നൽകുന്നത്. ലേഖനകർത്താവ് എന്നതിന് പുറമെ, കവർ ഡിസൈനിലും ലേ ഔട്ടിലും കാര്യമായ സംഭാവന നൽകുന്ന ഡോ. യു. പി അനിൽകുമാറിന്റെയും മികച്ച രീതിയിൽ മലയാളം പരി ഭാഷ നിങ്ങളുടെ മുന്നിലെത്തിക്കുന്ന ശ്രീ. ജോർജ് ജോസഫിന്റെയും സേവനങ്ങളെ പത്യേകം സ്മരിക്കുന്നു.

ഗിഫ്റ്റിന്റെ പുതിയ ചെയർപേഴ്സൺ ബഹുമാന്യനായ ധനമന്ത്രി ശ്രീ കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ മുന്നോട്ടുള്ള പാതയെ കുറിച്ച് ശക്തമായ ആത്മവിശ്വാസവും പ്രതീക്ഷയുമാണ് ഞങ്ങൾക്കുള്ളത്. ഇതിന്റെ ഉള്ളടക്കത്തെ കുറിച്ചും പ്രസിദ്ധീകരണം സംബന്ധിച്ചും നിരവധിയായ അന്വേഷണങ്ങൾ ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ വ്യത്യസ്തങ്ങളായ മേഖലകളിലെ മർമ്മപ്രധാനമായ പ്രശ്നങ്ങൾ ഉൾപ്പെടുത്തി ഉള്ളടക്കത്തെ വൈവിധ്യവത്കരിക്കുന്നതിന് താല്പര്യപ്പെടുകയാണ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും *കേരള ഇക്കോണമി*യുടെ ഇരുഭാഷകളിലുമുള്ള പതിപ്പുകൾ യഥാസമയം എത്തിക്കുവാൻ ഗിഫ്റ്റ് ശ്രദ്ധിച്ചിരുന്നു. ഇതുവരെ സൗജന്യമായാണ് *കേരള ഇക്കോണമി* അനുവാചകരിലേക്ക് എത്തിയിരുന്നത്. വായനക്കാരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഇത് വരിസംഖ്യയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന്റെ സാദ്ധ്യതകൾ ഞങ്ങൾ ആരായുന്നുണ്ട്.

തുടർന്നും താങ്കളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

**കെ. ജെ. ജോസഫ്**

GIFT GULATI INSTITUTE OF FINANCE AND TAXATION

# ആസ്തി വിൽപ്പനയും മൂലധനനിക്ഷേപ രംഗത്ത് അതുളവാക്കുന്ന പ്രത്യാഘാതങ്ങളും

എൽ. അനിതാകുമാരി

അടിസ്ഥാന സൗകര്യങ്ങൾ ആധുനിക രീതിയിൽ വികസിപ്പിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തനനിരതമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തി വിൽക്കുക എന്നത് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റിന്റെ ഒരു പ്രധാന ഭാഗമായിരുന്നു. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 'നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ' എന്ന ആശയം ബജറ്റ് മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇതിനായി അധിക വിഭവസമാഹരണം നടത്തുന്നതിനായി ഒരു 'അസറ്റ് മോണിറ്റൈസേഷൻ ഡാഷ്ബോർഡ്' ആരംഭിക്കുന്നതിനുള്ള ശുപാർശയും ബജറ്റിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിലെ ആസ്തികൾ വിൽപ്പന നടത്തി ആറ് ലക്ഷം കോടി രൂപ സമാഹരിക്കുന്നതിനുള്ള പദ്ധതി സർക്കാർ പ്രഖ്യാപിച്ചു. കൂടുതൽ തൊഴിലവസരങ്ങൾ, പ്രത്യേകിച്ച് പാവപ്പെട്ടവർക്കും തൊഴിൽ നൈപുണ്യമില്ലാത്തവർക്കും, സൃഷ്ടിക്കുന്ന കാര്യത്തിൽ മൂലധന ചെലവുകൾക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. ഇത് ഭാവിയിൽ സമ്പദ്ഘടനയുടെ ഉൽപ്പാദന ശേഷി ഉയർത്തുന്നതിന് പുറമെ ഉയർന്ന സാമ്പത്തിക വളർച്ചാ നിരക്കിന് നിദാനമാവുകയും ചെയ്യുന്നു. ചുരുക്കത്തിൽ വളർച്ചയുടെ കാര്യത്തിൽ സുപ്രധാനമായ ഒരു എൻജിൻ എന്ന നിലയിൽ മൂലധന രംഗത്തെ മുതൽമുടക്ക് പ്രവർത്തിക്കുന്നു എന്നർത്ഥം. വികസിത രാജ്യങ്ങളിൽ ഒരു ദശലക്ഷം ഡോളർ മുതൽമുടക്കുമ്പോൾ വിദ്യാലയങ്ങളിലും ആശുപത്രികളിലും മൂന്ന് എന്ന കണക്കിലും ഊർജ മേഖലയിൽ ആറ് എന്ന നിലയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ വികസ്വര രാജ്യങ്ങളിൽ ഇത് അൽപ്പം കൂടി ഉയർന്ന തോതിലാണെന്ന് കാണാം. ജലം, ശുചീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട മേഖലകളിൽ 16 തൊഴിലവസരങ്ങൾ വരെ ഈ രാജ്യങ്ങളിൽ സൃഷ്ടിക്കപെടുന്നുണ്ട്. അതായത്, അടിസ്ഥാന സൗകര്യ വികസന രംഗത്ത് ചെലവഴിക്കപ്പെടുന്ന ഓരോ യൂണിറ്റ് തുകയും വികസിത രാജ്യങ്ങളിൽ വൈദ്യുതി

***ആസ്തി വിൽപ്പനയുടെ പ്രധാന സവിശേഷതകൾ ഇവയാണ് ; 1 ) ആസ്തികൾ പാട്ടത്തിന് നൽകുകയാണ് ചെയ്യുക. അവയുടെ ഉടമസ്ഥാവകാശം സർക്കാരിൽ തന്നെ തുടരും. 2 ) പി പി പി മാതൃകയിൽ ആസ്തികൾ വികസിപ്പിക്കുന്നത് വഴി അടിസ്ഥാന സൗകര്യ വികസനം കൂടുതൽ സുഗമമാകും. 3 ) മുതൽമുടക്ക്, വളർച്ച, തൊഴിൽ, വായ്പയുടെ ഒഴുക്കിനെ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഗുണിത ഫലം ഇത് ലക്ഷ്യം വയ്ക്കുന്നു.***

***ആസ്തി വിൽപ്പന വഴിയുള്ള ധനസമാഹരണത്തിന്റെ മുഖ്യപങ്ക് രണ്ട് പൊതു മേഖലാ സംരംഭങ്ങളിൽ നിന്നാണ് ലക്ഷ്യമിടുന്നത്; റെയിൽവെ, റോഡുകൾ എന്നിവയാണ് അവ.***

മേഖലയിൽ കൂടുതൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമ്പോൾ, ദരിദ്ര രാജ്യങ്ങളിൽ ജലം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട രംഗങ്ങളിലാണ് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കപെടുന്നത് (മറിയാനോ മൊസോറോ- 2021). കേന്ദ്ര സർക്കാരിന്റെ ആസ്തി വിറ്റഴിക്കൽ പദ്ധതിയും മൂലധന നിക്ഷേപ രംഗത്ത് അതുണ്ടാക്കുന്ന പ്രതിഫലനവുമാണ് ഈ ലേഖനത്തിൽ പരിശോധിക്കുന്നത്.

**ആസ്തി വിൽപ്പനയുടെ പ്രത്യേകതകൾ**

ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ആസ്തി വിൽപ്പനയുടെ പ്രധാന സവിശേഷതകൾ ഇവയാണ് ; 1) ആസ്തികൾ പാട്ടത്തിന് നൽകുകയാണ് ചെയ്യുക. അവയുടെ ഉടമസ്ഥാവകാശം സർക്കാരിൽ തന്നെ തുടരും. 2) പി പി പി മാതൃകയിൽ ആസ്തികൾ വികസിപ്പിക്കുന്നത് വഴി, അടിസ്ഥാന സൗകര്യ വികസനം കൂടുതൽ സുഗമമാകും. 3) മുതൽമുടക്ക്, വളർച്ച, തൊഴിൽ, വായ്പയുടെ ഒഴുക്കിനെ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഗുണിത ഫലം ഇത് ലക്ഷ്യം വയ്ക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട മേഖലകളിലെ ആസ്തികൾ ധനസമാഹരണത്തിനായി വിനിയോഗിക്കാനാണ് സർക്കാർ ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇവ ഏതെല്ലാമെന്ന് പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

ആസ്തി വിൽപ്പന വഴിയുള്ള വരുമാനത്തിന്റെ സിംഹഭാഗവും വരുന്നത് റോഡുകൾ,

**Table 1.** Sector wise national asset monetisation amount and sectoral share (in crore)

| Sl No | Items | Amount | Share % |
|---|---|---|---|
| 1 | Roads | 160200 | 26.81 |
| 2 | Ports | 12828 | 2.15 |
| 3 | Aviation | 20782 | 3.48 |
| 4 | Railways | 152496 | 25.52 |
| 5 | Power Generation | 39832 | 6.67 |
| 6 | Power transmission | 45200 | 7.56 |
| 7 | Natural gas pipeline | 24462 | 4.09 |
| 8 | Product pipeline/others | 22504 | 3.77 |
| 9 | Stadiums | 11450 | 1.92 |
| 10 | Warehousing | 28900 | 4.84 |
| 11 | Telecom | 35100 | 5.87 |
| 12 | Mining | 28747 | 4.81 |
| 13 | Urban Housing redevelopment | 15000 | 2.51 |
| **Total** | | **597501** | **100.00** |

***2022 വർഷത്തിൽ മൊത്തം ലക്ഷ്യമിട്ടിരിക്കുന്ന വരുമാനത്തിന്റെ 14.76 ശതമാനം അതായത്, 88190 കോടി രൂപയാണ് ലക്ഷ്യമിടുന്നത്.***

റെയിൽവെ തുടങ്ങിയ മേഖലകളിൽ നിന്നാണ്. മൊത്തം വരവിന്റെ 52.33 ശതമാനവും വരുന്നത് ഈ രണ്ട് മേഖലയിൽ നിന്നാണെന്ന് കാണാം. എന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ തന്നെ നിക്ഷിപ്തമായിരിക്കുമെന്ന് ധനമന്ത്രി പ്രത്യേകം എടുത്തു പറയുന്നുണ്ട്.

**ആസ്തി വിൽപ്പനയിലെ സമീപനം**

നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ വഴിയായുള്ള വരുമാനം കണക്കാക്കുന്നതിന് വ്യത്യസ്ത സമീപനങ്ങൾ സ്വീകരിച്ചിരിക്കുന്നതായി കാണാം. 1) വിപണിയെ അടിസ്ഥാനമാക്കിയുള്ള സമീപനം, 2) മൂലധന ചെലവുകൾ അടിസ്ഥാനമാക്കിയുള്ള സമീപനം, 3 ബുക്ക് വാല്യു ആധാരമാക്കിയുള്ള സമീപനം, 4) സംരംഭക മൂല്യം അടിസ്ഥാനമാക്കിയുള്ള സമീപനം. വിപണി ആധാരമാക്കിയുള്ള സമീപനത്തിൽ പൊതുവിപണിയിലെ കൈമാറ്റത്തെ അടിസ്ഥാനമാക്കിയാണ് ആസ്തികളുടെ വില കണക്കാക്കിയിരിക്കുന്നത്. പി പി പി മാതൃകയിൽ സ്വകാര്യ സംരംഭകരുമായി സഹകരിക്കുന്ന കാര്യത്തിൽ മൂലധന ചെലവുകൾ അടിസ്ഥാനമാക്കി

**Table 2.** Approach to asset monetisation

| Sl No | Categories | Approach to monetisation value |
|---|---|---|
| 1 | Roads | Market Approach |
| 2 | Ports | Capex Appraoch |
| 3 | Airports | Capex Appraoch |
| 4 | Railways | Railway stations -capex approach Passenger trains- capex approach Private Frieght terminals- Capex Approach Rialway colonies redevelopment- Capex Approach Track infrastructure under DFCCIL- Book value approach CHE- EV Approach |
| 5 | Power Generation | Book Value Approach |
| 6 | Power transmission | Market Approach |
| 7 | Natural gas pipeline | EV Approach |
| 8 | Product pipeline | EV Approach |
| 9 | Sports Stadium | Capex Approach |
| 10 | Warehousing | Capex Approach |
| 11 | Telecom | Capex Approach for Bharatnet fibre assets |
| | | Market approach for tower asstes |
| 12 | Mining | Capex Approach |
| 13 | Urban Housing redevelopment | Capex Approach |

***ഈയടുത്ത കാലത്തായി പൊതുമേഖലാ ഓഹരി വിൽപ്പന വഴിയായി വലിയ തുക സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും സർക്കാരിന്റെ മൊത്തം ചെലവുകളിൽ മൂലധന ചെലവുകൾ കാര്യമായി ഉയർന്നിട്ടില്ലെന്ന് കാണാം. 2017-18 സാമ്പത്തിക വർഷത്തിൽ ഇത് കുറയുകയാണുണ്ടായത്.***

യാണ് മൂല്യ നിർണ്ണയം നടത്തിയിരിക്കുന്നത്. എന്നാൽ വിപണിയിലെ കൈമാറ്റ മൂല്യവും മൂലധന ചെലവുകൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ലാത്ത കേസിൽ ബുക്ക് വാല്യു ആണ് അടിസ്ഥാനമാക്കിയിരിക്കുന്നത്. നിലവിലെ വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമായിരിക്കുകയോ, അല്ലെങ്കിൽ ഇത് സംബന്ധിച്ച കണക്കുകൾ സ്ഥിതിവിവരകണക്കുകളുടെയോ, താരിപ്പുകളുടെയോ അടിസ്ഥാനത്തിൽ യുക്തിസഹമായി അനുമാനിക്കുകയോ ചെയ്യാൻ കഴിയുന്ന കേസുകളിലാണ് സംരംഭക മൂല്യം അടിസ്ഥാനമാക്കിയുള്ള സമീപനം. ഇത്തരം വ്യത്യസ്ത സമീപനങ്ങളുടെ വിവരങ്ങളാണ് രണ്ടാം പട്ടികയിൽ ചേർത്തിട്ടുള്ളത്.

### ആസ്തി പണമാക്കുന്നതിനായുള്ള സമീപനം

ആസ്തി വില്പനയിലൂടെ ധനസമാഹരണം നടത്തുന്നതിന് ഓരോ മേഖലക്കും വ്യത്യസ്തമായ സമീപനമാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചരിക്കുന്നത്. വ്യോമയാനം, തുറമുഖങ്ങൾ, സംഭരണശാലകൾ, ടെലികോം (ഭാഗികം), റയിൽവെ (ഭാഗികം), നഗര ഭവന വികസനം, സ്റ്റേഡിയങ്ങൾ എന്നിവക്കാ യുള്ള മൂല്യനിർണയത്തിന് കാപ്പെക്സ് രീതിയാണ് അവലംബിച്ചരിക്കുന്നത് എന്ന് കാണാം. എന്നാൽ വിപണി അധിഷ്ഠിത സമീപനമാണ് റോഡുകൾ, ഊർജ വിതരണം എന്നീ മേഖലകൾക്കായി സ്വീകരിച്ചരിക്കുന്നത്. ഊർജോല്പാദന മേഖലയുടെ കാര്യത്തിൽ ബുക്ക് വാല്യൂ ആണ് ആധാരമാക്കിയിട്ടുള്ളത്.

ദീർഘകാലാടിസ്ഥാനത്തിൽ ആവശ്യമായ മൂലധന നിക്ഷേപ ആവശ്യങ്ങൾക്കായാണ് ആസ്തി വില്പന പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ ലഷ്യമിട്ടിട്ടുള്ള മൊത്തം പണത്തിന്റെ 14.76 ശതമാനമാണ് 2022 സമാഹരിക്കാൻ ഉദ്ദേശിച്ചട്ടുള്ളത്. 2023 മുതൽ 2025 വരെയുള്ള വർഷങ്ങളിലായി ബാക്കി തുകയും സമാഹരിക്കുകയാണ് ലക്ഷ്യം (പട്ടിക-3). ആസ്തി വിൽപ്പന വഴിയായുള്ള ധനസമാഹരണം ഒരു ദീർഘകാല പദ്ധതിയാണെങ്കിലും ഇതിന്റെ നേട്ടം ഘട്ടം ഘട്ടമായാണ് ഉണ്ടാവുക. 2022 വർഷത്തിൽ, മൊത്തം സമാഹരിക്കുന്ന തുകയുടെ 14.76 ശതമാനമായ 88190 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

### ഓഹരി വിൽപ്പനയുടെ സ്ഥിതി

പൊതുമേഖലാ ഓഹരി വിൽപ്പനയുടെ അടിസ്ഥാനത്തിൽ വേണം ആസ്തി പണമാക്കി മാറ്റുന്ന പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്താൻ. കേന്ദ്ര സർക്കാരിന്റെ ഡിസിൻവെസ്റ്റ്മെന്റ് പദ്ധതികളുടെ ചരിത്രം പരിശോധിച്ചാൽ അത്ര മികച്ച ചിത്രമല്ല ലഭിക്കുക. ഇക്കാര്യത്തിലെ ബജറ്റ് എസ്റ്റിമേറ്റുകളും ലഭ്യമായ യഥാർത്ഥ തുകയും തമ്മിൽ വലിയ വിടവുള്ളതായി കാണാം. പട്ടിക നാലിൽ നിന്ന് ഇത് വ്യക്തമാകുന്നതാണ്.

ഒന്നാം എൻ ഡി എ സർക്കാരിന്റെ ആദ്യ വർഷമായ 2014-15 ൽ, 56925 കോടി രൂപയാണ് മൂലധന വിൽപ്പന വഴിയായി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ യഥാർത്ഥത്തിൽ ലഭ്യമായതാകട്ടെ 32620 കോടി രൂപയും (57.30

***ആസ്തി വില്പനയുടെ ഒരു പ്രധാന പ്രശ്നം വിൽപ്പന നടത്തുന്ന മേഖലകളിൽ സർവീസ് ചാർജ് / യൂസർ ഫീ എന്നിവ കുത്തനെ ഉയരും എന്നതാണ്***

ശതമാനം). 201516 മുതൽ 2018-19 വരെയുള്ള കാലയളവ് പരിശോധിച്ചാൽ ഏറെക്കുറെ 100 ശതമാനം ലക്ഷ്യപ്രാപ്തി കൈവരിച്ചതായി കാണാം (പട്ടിക 4). എന്നാൽ, 2018-19 ൽ ഇത് 48.91 ശതമാനമായി കുറഞ്ഞു. 2020-21 ലെ പുതുക്കിയ കണക്ക് പ്രകാരം കേവലം 15.24 ശതമാനം മാത്രമാണ് സമാഹരിക്കാൻ കഴിഞ്ഞത്. ഈയടുത്തകാലത്തെ കണക്കുകൾ പരിശോധിച്ചാൽ ഓഹരി വിൽപ്പന വഴിയായുള്ള സമാഹരണ ലക്ഷ്യം ഉയർന്നതാണെങ്കിലും കേന്ദ്ര സർക്കാരിന്റെ മൊത്തം ചെലവുകളിൽ മൂലധന ചെലവുകളുടെ ഭാഗം അത്രകാര്യമായി വർധിച്ചിട്ടില്ലെന്ന് കാണാം. മാത്രവുമല്ല, 2017-18 ൽ അത് കുറയുകയാണ് ചെയ്തത് (പട്ടിക- 5). മൂലധന നിക്ഷേപത്തിൽ ഉണ്ടായ വളർച്ചക്ക് ആനുപാതികമായ വളർച്ച തൊഴിലവസരങ്ങളുടെ കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നതും പ്രസക്തമാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് ഒരു ബദൽ സംവിധാനമെന്ന നിലയിൽ പൊതുമേഖലാ ആസ്തികൾ വിറ്റഴിക്കുക എന്ന ആശയത്തിലേക്ക് കേന്ദ്ര സർക്കാർ എത്തിച്ചേർന്നത്.

അഞ്ചാം പട്ടികയിൽ നിന്ന് ഒരു കാര്യം വ്യക്തമാവുകയാണ്. ഓഹരി വില്പന വഴി സമാഹരിച്ച ഫണ്ടുകൾ ഉണ്ടായിട്ടും കേന്ദ്ര സർക്കാരിന്റെ മൊത്തം ചെലവുകളിൽ കേവലം 12 ശതമാനം മാത്രമാണ് മൂലധന ചെലവുകൾ എന്നതാണ് അത്. 2017-18 മുതൽ മൊത്തം ചെലവിനങ്ങളിൽ മൂലധന ചെലവിന്റെ പങ്ക് കുറഞ്ഞു വരുന്നതായി നിരീക്ഷിക്കാൻ കഴിയും. 2016-17 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2017-18 ൽ മൂലധന ചെലവുകൾ 7.54 ശതമാനം കണ്ട് കുറഞ്ഞതായി കാണാം. തുകയുടെ അടിസ്ഥാനത്തിൽ

**Table 3.** Year wise monetisation pipeline over 2022 to 2025

| Year | in crore | Percentage share |
|---|---|---|
| 2022 | 88190 | 14.76 |
| 2023 | 162422 | 27.18 |
| 2024 | 179544 | 30.05 |
| 2025 | 167345 | 28.01 |
| **Total** | **597501** | **100.00** |

**Table 4.** Disinvestment in India from 2011-12 to 2021-22 (in crore)

| Year | Budget estimate | Actual realisation | Difference | Percentage of realisation |
|---|---|---|---|---|
| 2014-15* | 56925 | 32620 | 24305 | 57.30 |
| 2015-16 | 41000 | 42132 | -1132 | 102.76 |
| 2016-17 | 36000 | 35469 | 531 | 98.53 |
| 2017-18** | 72500 | 100045 | -27545 | 137.99 |
| 2018-19 | 80000 | 94727 | -14727 | 118.41 |
| 2019-20 | 105000 | 50304 | 54696 | 47.91 |
| 2020-21 | 210000 | 32000 | 178000 | 15.24 |
| 2021-22 | 175000 | | | |

Source: Revenue Budget, various years, government of Kerala*Disinvestment receipts, Disinvestment of govt stake in non govt companies

**2017-18, revised budget, the disinvestment estimate is Rs.100000

***ആസ്തി വിൽപ്പന കൊണ്ടുണ്ടാകുന്ന മറ്റൊരു പ്രധാന പ്രതിസന്ധി, സമ്പത്ത് ഏതാനും കോർപറേറ്റുകളുടെ കയ്യിൽ കുമിഞ്ഞു കൂടാനുള്ള സാധ്യതയുണ്ട് എന്ന താണ്. വമ്പൻ കമ്പനികളുമായുള്ള മത്സരത്തിൽ ചെറുകിടക്കാർക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞെന്ന് വരില്ല. അടിസ്ഥാന സൗകര്യ വികസനം അടക്കമുള്ള മേഖലകളിൽ നിന്ന് അവർ തൂത്തെറിയപ്പെടുകയായിരിക്കും ഫലം.***

**Table 5**. Share and growth of capital expenditure in total expenditure of Union government (in crore)

| Year | Capital expenditure | Total expenditure | Share of capital exp in total exp (%) | Growth rate of capital exp(%) | Growth rate of total exp(%) |
|---|---|---|---|---|---|
| 2013-14 | 187675 | 1559447 | 12.03 | | |
| 2014-15 | 196681 | 1663673 | 11.82 | 4.80 | 6.68 |
| 2015-16 | 253022 | 1790783 | 14.13 | 28.65 | 7.64 |
| 2016-17 | 284610 | 1975194 | 14.41 | 12.48 | 10.30 |
| 2017-18 | 263140 | 2141973 | 12.28 | -7.54 | 8.44 |
| 2018-19 | 307714 | 2315113 | 13.29 | 16.94 | 8.08 |
| 2019-20 | 335726 | 2686330 | 12.50 | 9.10 | 16.03 |
| 2020-21(RE) | 439163 | 3450305 | 12.73 | 30.81 | 28.44 |
| 2021-22 (BE) | 554236 | 3483236 | 15.91 | 26.20 | 0.95 |

Source: Union budgets, Budget at a glance, various issues

കണക്കാക്കുമ്പോൾ 21470 കോടി രൂപയുടെ കുറവാണ് സംഭവിച്ചിട്ടുള്ളത്.

**ആസ്തി വിൽപ്പനയുടെ പ്രത്യാഘാതം**

6 ലക്ഷം കോടി രൂപയുടെ ആസ്തി വിൽപ്പന നടത്തുമ്പോൾ ആ മേഖലകളിലെ ഉൽപ്പന്ന ങ്ങളുടെയും സേവനങ്ങളുടെയും വില ഉയരുമെന്നതിൽ തർക്കമില്ല. തദ്ഫലമായി ഉപഭോക്താക്കളുടെ മേൽ കൂടുതൽ ഭാരം അടിച്ചേല്പിക്കപെടുന്നു. പൊതുസേവന രംഗങ്ങളെ സ്വകാര്യവത്കരിക്കുമ്പോൾ സ്വാഭാവികമായും അത് പണപ്പെരുപ്പം രൂക്ഷമാക്കും. വില നിയന്ത്രണം പൊതുമേ ഖലാ എണ്ണ കമ്പനികൾക്ക് വിട്ടുകൊടുത്ത തോടെ പെട്രോൾ, ഡീസൽ തുടങ്ങിയ ഉത്പന്നങ്ങളുടെ വില ആശങ്കാജനകമാകുന്ന വിധത്തിൽ കുതിച്ചുയരുകയാണ്. ആസ്തി കൾ വിൽപ്പന നടത്തുക വഴി സ്വകാര്യ കോർപറേറ്റുകൾക്ക് കമ്പനികൾ ലഭ്യമാകുന്ന തോടെ വില നിർണ്ണയത്തിന്റെ കാര്യത്തിൽ ഒരു നിയന്ത്രണവും സാധ്യമാകാതെ വരും. അതുകൊണ്ട് ആസ്തി വില്പന സംബന്ധിച്ച മാർഗനിർദേശങ്ങളുടെ കാര്യത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്. സാധാരണക്കാർ വ്യാപകമായി ഉപയോഗിക്കുന്ന റെയിൽ, റോഡ് തുടങ്ങിയ രംഗങ്ങളിലാണ് ആസ്തി വിൽപ്പനയുടെ 55 ശതമാനത്തിലേറെയും എന്നതാണ് ശ്രദ്ധേയമായ കാര്യം. അതായത് സാധാരണക്കാർക്ക് മേൽ അമിത ഭാരം അടിച്ചേൽപ്പിക്കുന്ന വിധത്തിൽ ഈ മേഖലയിലെ സേവനങ്ങളുടെ ചെലവ് കുത്തനെ ഉയരുമെന്ന് സാരം. മൂലധന നിക്ഷേപത്തിനായി ആസ്തികൾ വിൽപ്പന നടത്തുന്നതിന്റെ ഒരു പ്രധാന ലക്ഷ്യം

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. എന്നാൽ ഇക്കാര്യത്തിലുള്ള പുരോഗതി ഒച്ചിഴയുന്ന വേഗത്തിലാണെന്ന് കാണാം.

ഇത്തരം മേഖലകളിലെ സർവീസ് ചാർജ്/ യൂസർ ഫീ തുടങ്ങിയ കാര്യങ്ങൾ കുത്തനെ ഉയരും എന്നതാണ് ഗുരുതരമായ പ്രത്യാഘാതം. ഓരോ മേഖലയുടെയും ആസ്തി വില്പനയുടെ തുക അനുസരിച്ച് യൂസർ ഫീ ഉൾപ്പടെയുള്ള കാര്യങ്ങളിൽ വർധന പ്രകടമാകും. ലാഭം മാത്രം ലക്ഷ്യം വച്ചാണ് ഒരു സ്വകാര്യ മേഖലകമ്പനി സർക്കാരിന് ഇത്രയും വലിയ ഒരു തുക നൽകുന്നത്. ബാങ്കുകളിൽ നിന്നോ ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പലിശക്ക് പണമെടുത്താണ് ഇത്രയും വലിയ മുതൽമുടക്ക് നടത്തുന്നത്. സ്വാഭാവികമായും ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി ഉയരുന്നതിനുള്ള സാധ്യതയുമുണ്ട്. ഇത് സർക്കാരിന് മറ്റൊരു തലവേദനയാണ്. തലമുറകൾക്കിടയിലെ അസമത്വവും ഇവിടെ ഒരു പ്രശ്നമായി ഉയരുന്നുണ്ട്. കാരണം, ആസ്തി വിൽപ്പനയുടെ അധിക ബാധ്യത കൂടുതലായും പേറേണ്ടി വരുന്നത് അടുത്ത തലമുറയാണ് എന്നതാണ്. അതുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമാകുന്ന ശക്തമായ മാർഗനിർദേശങ്ങൾ ആസ്തി വിൽപ്പന പദ്ധതിയുടെ ഭാഗമായി വരേണ്ടതുണ്ട്.

സമ്പത്ത് ഏതാനും ചല കോർപറേറ്റുകളുടെ കുന്നു കൂടുന്നതിനുള്ള സാധ്യതയാണ് മറ്റൊരു പ്രധാന വൈതരണി. ചെറുകിട സ്ഥാപനങ്ങൾക്ക് ഇത്തരം വമ്പൻ കമ്പനികളുമായി മത്സരിക്കുക സാധ്യമാകാത്ത സാഹചര്യം വന്നു ചേരാം. അതുകൊണ്ട് ചെറുകിട സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിന്ന് പുറന്തള്ളപ്പെട്ടേക്കാം. അന്തർസംസ്ഥാനതല അസമത്വത്തിനും വലിയ തോതിലുള്ള സാമ്പത്തിക അസന്തുലിതാവസ്ഥക്കും ഇത് വഴിയൊരുക്കുന്നതിനിടയാക്കും. കോവിഡ് മഹാമാരി പോലുള്ള ഘട്ടങ്ങളിൽ പോലും സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ആസ്തി വിൽപ്പനയിലൂടെ ലഭ്യമാകുന്ന പണത്തിൽ നിന്ന് ഒരു നയാപൈസ പോലും സംസ്ഥാനങ്ങൾക്ക് ലഭിക്കില്ല. അതുകൊണ്ട് 2011-12 ലേതു പോലെ ഇത്തരത്തിൽ ലഭ്യമാകുന്ന ഫണ്ടിന്റെ ഒരു ഭാഗം ജനങ്ങളുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായമാകുന്ന വിധത്തിൽ ചെലവഴിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. അന്നത്തെ സർക്കാർ ഇത്തരം ഫണ്ടുകളുടെ ഒരു ഭാഗം സാധാരണക്കാർക്ക് തൊഴിൽ ഉറപ്പാക്കുന്ന എം ജി എൻ ആർ ഇ ജി എ പദ്ധതി പോലുള്ള കാര്യങ്ങൾക്കായി ചെലവഴിച്ചിരുന്നു. അതുകൊണ്ട് ഇത്തരത്തിൽ സമാഹരിക്കുന്ന പണത്തിന്റെ 20 ശതമാനമെങ്കിലും എം ജി എൻ ആർ ഇ ജി എ പോലുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തണം. അടിസ്ഥാന സൗകര്യ വികസനത്തിന് ഇത്തരത്തിൽ ആസ്തികൾ വിൽക്കേണ്ടത് അനിവാര്യമാണെങ്കിൽ അതിന്റെ നടത്തിപ്പിൽ ശ്കതമായ മാർഗനിർദേശങ്ങൾ തികച്ചും അനിവാര്യമാണ്. ഇതോടൊപ്പം കാലികമായി ഇതിനെ മോണിറ്റർ ചെയ്യുന്നതിന് ആവശ്യമായ ശക്തമായ ക്രമീകരണം ഉണ്ടാകേണ്ടതുമുണ്ട്.

■

[ഗിഫ്റ്റിലെ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക]

**References**

Mariano Moszoro, *Putting Public Investment to Work*, IMF Blog, Insights and analysis on Economics and Finance, August,11, 2021

Revenue budget, various issues, union government

Budget at a glance, various Union Budgets, Government of India

*Asset monetisation pipeline*, NITI Aayog, August, 2021

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 8&9 ആഗസ്റ്റ്-സെപ്റ്റംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# 15 സംസ്ഥാനങ്ങളുടെ 1990-91 - 2018-19 കാലയളവിലെ നികുതി മേഖലയിലെ പ്രകടനവും അനുബന്ധ ചോദ്യങ്ങളും

ആർ. മോഹൻ, ഷൈജൻ ഡി

## സംസ്ഥാനതല നികുതി പരിഷ്കരണം-പൊതുപശ്ചാത്തലം

ഇൻപുട്ട് നികുതിയുടെ കാസ്കേഡിങ് പ്രവണത, നികുതി നിരക്കുകളുടെ ആധിക്യം എന്നിവ പ്രകടമാകുന്ന പൊതു വിൽപ്പന നികുതി സമ്പ്രദായമാണ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്നത്. ഇതനുസരിച്ച് സംസ്ഥാനങ്ങൾ ഉത്പന്നങ്ങളുടെ ആദ്യവിൽപ്പനയിൽ തന്നെ നികുതി ഈടാക്കിയിരുന്നു. ഇത് ഇൻപുട്ടിൻമേൽ നൽകുന്ന നികുതിയുടെ കാസ്കേഡിങ് ഇഫക്റ്റിന് വഴിയൊരുക്കിയിരുന്നു. അന്തർസംസ്ഥാന വ്യാപാരത്തിന്റെ കാര്യത്തിൽ കയറ്റുമതി ചെയ്യുന്ന സംസ്ഥാനങ്ങളാണ് കേന്ദ്ര വിൽപ്പനനികുതി ഈടാക്കിയിരുന്നത്. പിന്നീട് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുന്ന മൂല്യവർധിത നികുതി (വാറ്റ്) ഇതിന് പകരമായി വന്നു. 2005-06 മുതൽക്കാണ് ഇത് നടപ്പാക്കിയത്.[1] സംസ്ഥാന ധനകാര്യമന്ത്രിമാർ ഉൾപ്പെടുന്ന ഒരു ഉന്നതാധികാര സമിതിയാണ് നികുതി നിരക്കുകളുടെ കാര്യത്തിൽ സമവായം ഉണ്ടാക്കിയത്. സംസ്ഥാനങ്ങൾ ചുമത്തിയിരുന്ന നിരക്കുകളിൽ നേരിയ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും പൊതുവെ വാറ്റിൽ നിരക്കുകളിൽ ഒരു സമവായം ഉണ്ടായിരുന്നു. 2017 ജൂലൈ ഒന്ന് മുതൽ വാറ്റ്, ചരക്ക് സേവന നികുതി (ജി എസ് ടി) എന്ന സമ്പ്രദായത്തിന് വഴി മാറി.[2] സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനത്തിന്റെ ഏതാണ്ട് മൂന്നിലൊന്നാണ് ഇപ്രകാരം ജി എസ് ടീ യിലേക്ക് ലയിപ്പിച്ചത്. ജി എസ് ടി നിലവിൽ വന്നതോടെ, ഭരണഘടനയുടെ 279 എ ആർട്ടിക്കിൾ പ്രകാരം രൂപീകൃതമായ ജി എസ് ടി കൗൺസിലാണ് നികുതി നിരക്കുകളിൽ ഏകീകൃത രൂപം ഉണ്ടാക്കുന്നതിനുള്ള അധികാരം. ജി എസ് ടി സമ്പ്രദായത്തിൽ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും അന്തിമ ഉപയോഗം നടക്കുന്ന സംസ്ഥാനങ്ങളാണ് നികുതി സമാഹരിക്കുന്നത്. എന്നാൽ പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ പല പ്രധാന ഉത്പന്നങ്ങളും ഇപ്പോഴും ജി എസ് ടി പട്ടികക്ക് പുറത്താണ്.[3]

## 2.വിവരങ്ങളുടെ സ്രോതസും രീതിശാസ്ത്രവും

നികുതിനയങ്ങളിലെ ഇത്തരത്തിലുള്ള പ്രമാദമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ 15 ഇന്ത്യൻ സംസ്ഥാനങ്ങളുടെ 1990-91 മുതൽ 2018-19 വരെയുള്ള 30 വർഷത്തെ നികുതി രംഗത്തെ പ്രവണതകളാണ് ഇവിടെ വിശകലനം ചെയ്യുന്നത്.[4] നടപ്പ് വിലയുടെ അടിസ്ഥാനത്തിലുള്ള ഒ ടി ആർ-ജി എസ് ഡി പി അനുപാതമാണ് നികുതി സമാഹരണ ശ്രമങ്ങളെ ഈ വിശകലനത്തിൽ പ്രതിനിധീകരിക്കുന്നത്. പഠനത്തിന്റെ സൗകര്യത്തിനായി സംസ്ഥാനങ്ങളെ പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന വരുമാനമുള്ളവ, ഇടത്തരം

***ഉയർന്ന, ഇടത്തരം, കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളിൽ ഈ പഠനത്തിനായെടുത്ത 30 വർഷക്കാലയളവിൽ നികുതി-ജി എസ് ഡി പി അനുപാതത്തിന്റെ കാര്യത്തിൽ ശക്തമായ സങ്കലനം കാണാൻ കഴിയും.***

വരുമാനമുള്ളവ, കുറഞ്ഞ വരുമാനമുള്ളവ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന, ഗോവ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളെ ഉയർന്ന വരുമാനമുള്ള ശ്രേണിയിലും ആന്ധ്രപ്രദേശ്, തെലങ്കാന, കർണാടക, കേരളം,[5] തമിഴ്നാട്, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ എന്നിവയെ ഇടത്തരം വരുമാന വിഭാഗത്തിലും ബീഹാർ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, രാജസ്ഥാൻ, ഒഡിഷ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളെ കുറഞ്ഞ വരുമാനമുള്ള വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. റിസർവ് ബാങ്കിന്റെ ' സ്റ്റേറ്റ് ഫിനാൻസസ് : എ സ്റ്റഡി ഓഫ് ദി ബഡ്ജെറ്റ്സ്' എന്ന രേഖയെയും നാഷണൽ ഇൻകം അക്കൗണ്ട്സിന്റെ ജി എസ് ഡി പി വിവരങ്ങളും ആധാരമാക്കിയാണ് പഠനത്തിനായി ഒ ടി ആർ വിവരങ്ങൾ സമാഹരിച്ചിരിക്കുന്നത്. നടപ്പ് വിലനിലവാരത്തിലുള്ള ജി എസ് ഡി പി കണക്കാക്കുന്നതിന് വിവിധ സ്രോതസുകൾ ആധാരമാക്കിയിട്ടുണ്ട്. ഇത് തരം തിരിച്ചല്ല പഠനത്തിനായി ക്രമീകരിച്ചിരിക്കുന്നത്.[6]

സ്വാഭാവികമായി ഒരു ചോദ്യം ഇവിടെ ഉയർന്നു വരാം. സ്വകാര്യ അന്തിമ ഉപഭോഗ ചെലവ് അഥവാ പി എഫ് സി ഇ അല്ലേ പൊതുവിൽപ്പന നികുതി, വാറ്റ്, ജി എസ് ടി എന്നിവയുടെ പഠനത്തിനായി എടുക്കേണ്ടത് എന്നതാണ് ആ ചോദ്യം. എന്നാൽ ഇതിന് ചില പരിമിതികളുണ്ട്. ഇതുസംന്ധിച്ച നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ (എൻ എസ് എസ് ഒ) വിവരങ്ങൾ ലഭ്യമാക്കുന്നത് അഞ്ച് വർഷത്തിലൊരിക്കലാണ്.[7] ഇത് ഒരുപക്ഷെ അയഥാർത്ഥമായ ചില നിഗമനങ്ങളിലേക്ക് എത്തിച്ചേക്കാനുമിടയുണ്ട്. മാത്രവുമല്ല, പി എഫ് സി ഇ ജി എസ് ഡി പിയുടെ ഒരു ഘടകമാണെന്ന വസ്തുതയും ഇവിടെ കണക്കിലെടുത്തിട്ടുണ്ട്.

**3. സംസ്ഥാനതല പ്രവണത**

അഞ്ചു വർഷം വീതമുള്ള പഞ്ചവത്സര കാലയളവുകളിലായാണ് ഇത്തരം പ്രവണത വിശകലനവിധേയമാക്കുന്നത്. 2017-18, 2018-19 എന്നീ വർഷങ്ങളെ പ്രത്യേക കാലയളവായും എടുത്തിരിക്കുന്നു.[8] ആദ്യത്തെ അഞ്ചുവർഷ കാലയളവിൽ ഇടത്തരം വരുമാനമുള്ള സംസ്ഥാനങ്ങളാണ് മറ്റുള്ളവയെക്കാൾ മികച്ച പ്രകടനം കാഴ്ച വച്ചത്. 2009-10 വരെ ഈ പ്രവണത തുടർന്നു. അവസാന രണ്ടു പഞ്ചവത്സര കാലയളവുകളിൽ ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങൾ ഇടത്തരം സംസ്ഥാനങ്ങളേക്കാൾ അല്പം മെച്ചമായി പ്രവർത്തിച്ചിരിക്കുന്നതായി കാണാൻ കഴിയും. എന്നാൽ കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങൾ മൂന്ന്, നാല്, അഞ്ച് പഞ്ചവത്സരങ്ങളിൽ തുടർച്ചയായ മുന്നേറ്റം കാഴ്ചവയ്ക്കുന്നുണ്ട്. ഏറ്റവും അവസാന പഞ്ചവത്സരത്തിൽ

***കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ നികുതി - ജി എസ് ഡി പി അനുപാതം ഉയരുകയും ഇടത്തരം, ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് കുറയുകയുമാണ് ചെയ്തത്.***

**Table 1.** Comparative OTR-GSDP ratios of high, middle and low income states – 1990-91 to 2018-19

| States | 1990-91 to 1994-95 | 1995-96 to 1999-2000 | 2000-01 to 2005-06 | 2005-06-2009-10 | 2010-11 to 2016-17 | 2017-18 to 2018-19 |
|---|---|---|---|---|---|---|
| High | 7.63 | 6.86 | 6.92 | 6.74 | 6.79 | 6.46 |
| Middle | 8.20 | 7.32 | 7.53 | 7.53 | 6.66 | 6.45 |
| Low | 5.30 | 4.86 | 5.73 | 6.10 | 6.41 | 6.21 |
| All States Average | 7.04 | 6.35 | 6.62 | 6.71 | 6.60 | 6.50 |

**Figure 1.** OTR-GSDP ratios of high, middle and low income states




Source:Table 1

**Figure 2.** Movement of OTR-GSDP ratio of high income states and all states




Source:Table 1

**Figure 3.** Movement of OTR-GSDP ratio of middle income states and all states average




Source:Table 1

**Figure 4.** Movement of OTR-GSDP ratio of low income states and all states average




Source:Table 1

**Table 2.** OTR-GSDP trends across high, middle and low income states – 1990-91 to 2018-19

| States | 1990-91 to 1994-95 | 1995-96 to 1999-00 | 2000-01 to 2005-06 | 2005-06-2009-10 | 2010-11 to 2016-17 | 2017-18 to 2018-19 |
|---|---|---|---|---|---|---|
| Mean | 7.04 | 6.35 | 6.72 | 6.79 | 6.62 | 6.37 |
| Standard Deviation | 1.54 | 1.30 | 0.92 | 0.72 | 0.20 | 0.14 |
| C.V. | 0.22 | 0.21 | 0.14 | 0.11 | 0.03 | 0.02 |

Source: Computed from data mentioned in the text

**Table 3.** OTR-GSDP ratio across states

| States | 1990-91 to 1994-95 | 1995-96 to 1999-2000 | 2000-01 to 2005-06 | 2005-06-2009-10 | 2010-11 to 2016-17 | 2017-18 to 2018-19 |
|---|---|---|---|---|---|---|
| **Low Income States** | | | | | | |
| Bihar | 4.46 | 4.14 | 4.23 | 4.42 | 5.81 | 6.08 |
| Chhattisgarh | | | 6.05 | 7.22 | 7.00 | 7.34 |
| Madhya Pradesh | 5.74 | 5.48 | 6.63 | 7.30 | 7.53 | 6.64 |
| Odisha | 4.95 | 4.35 | 5.37 | 5.61 | 6.17 | 6.70 |
| Rajasthan | 6.1 | 5.54 | 6.55 | 6.64 | 6.16 | 6.44 |
| Uttar Pradesh | 5.25 | 4.81 | 5.93 | 6.54 | 7.26 | 7.75 |
| **Middle Income States** | | | | | | |
| Andhra Pradesh | 7.08 | 6.38 | 7.47 | 7.71 | 7.08 | 6.70 |
| Karnataka | 9.45 | 8.51 | 8.99 | 9.47 | 7.58 | 6.65 |
| Tamil Nadu | 9.31 | 8.55 | 8.82 | 8.49 | 7.33 | 6.55 |
| West Bengal | 5.94 | 4.66 | 4.37 | 4.36 | 5.31 | 5.80 |
| **High Income States** | | | | | | |
| Gujarat | 8.41 | 7.27 | 7.07 | 6.44 | 6.42 | 5.45 |
| Haryana | 7.71 | 6.68 | 7.62 | 7.36 | 6.44 | 6.27 |
| Maharashtra | 7.47 | 6.85 | 7.60 | 6.90 | 6.80 | 7.30 |
| Punjab | 7.00 | 6.21 | 6.71 | 6.88 | 6.95 | 6.37 |
| Kerala* | 9.24 | 8.47 | 7.99 | 7.64 | 7.05 | 6.66 |

Source: Computed from data mentioned in the text. Note: * Moved from Middle to High Income

നേരിയ തോതിലുള്ള ഇടിവും ഇവ പ്രകടമാക്കുന്നു. (പട്ടിക- 1). (രേഖാചിത്രം-1)

ഇടത്തരം വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിലാണ് ഇടിവുണ്ടായിട്ടുള്ളത്. എന്നാൽ 2009-10 വരെ ഇവയുടെ നികുതി വരുമാനം എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരിയേക്കാൾ മുകളിലായിരുന്നു. 1995-96 മുതൽക്ക് കുറയുന്ന പ്രവണത കാണിച്ചു തുടങ്ങിയെങ്കിലും 2005-06 നു ശേഷമാണ് തുടർച്ചയായുള്ള ഇടിവ് പ്രകടമായിട്ടുള്ളത്. കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ 1995-96 മുതൽക്ക് ആരംഭിച്ച മുന്നേറ്റം 2016-17 വരെ തുടർന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഇത് ഏറെക്കുറെ സ്ഥിരതയോടെ നീങ്ങുന്ന സ്ഥിതിയുണ്ടായി. ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ 1995-96 മുതൽക്കാണ് ഇടിവ് പ്രകടമാകാൻ തുടങ്ങിയത് (രേഖാചിത്രങ്ങൾ- 2,3,4). (പട്ടിക- 2)

വിശകലന കാലയളവിൽ തനതു നികുതി വരുമാനം- ജി എസ് ഡി പി അനുപാതം, ഉയർന്നതും ഇടത്തരം, കുറഞ്ഞ വരുമാനമുള്ളതുമായ സംസ്ഥാനങ്ങളുടെ കാര്യത്തിൽ കാര്യമായി തന്നെ കുറഞ്ഞതായി കാണാം. ആദ്യ ഉപകാലയളവിൽ സ്റ്റാൻഡേർഡ് ഡീവിയേഷൻ 1.54 ൽ നിന്നും 0.14 ആയി താഴുകയും തുടർച്ചയായി ഇത് നിലനിൽക്കുകയും ചെയ്തു. എന്നാൽ 2010-11 നു ശേഷം ഈ സങ്കലനം കൂടുതൽ വ്യക്തമാണ്. ഉയർന്നതും, ഇടത്തരം വരുമാനക്കാരുമായ സംസ്ഥാനങ്ങളുടെ

***ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ നികുതി-ജി എസ് ഡി പി അനുപാതം പ്രതിശീർഷ ജി എസ് ഡി പിയു മായി നെഗറ്റീവായ ബന്ധം പുലർത്തുന്നത് കാണാം. എന്നാൽ കുറഞ്ഞ വരുമാനക്കാരായ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ പോസിറ്റീവായ ബന്ധ മാണ് കാഴ്ച്ച വച്ചത്.***

**Figure 5**. Trends in dispersion of OTR-GSDP in high, middle and low income states-1990-91 to 2018-19




കാര്യത്തിൽ തനതു നികുതി വരുമാനം- ജി എസ് ഡി പി അനുപാതം കുറഞ്ഞതും കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ കൂടിയതുമാണ് ഇതിന് കാരണമായത് (പട്ടിക-1). വിവിധ സംസ്ഥാ നങ്ങളിലെ പ്രവണത വിശകലനം ചെയ്യുക വഴി ഇത് കൂടുതൽ വ്യക്തമാകുന്നു (പട്ടിക-3).

**കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങൾ**

ബീഹാർ, ഒഡിഷ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ രണ്ടാ മത്തെ ഉപകാലയളവിൽ ഒഴികെ തനതു നികുതി വരുമാനം- ജി എസ് ഡി പി അനു പാതത്തിൽ തുടർച്ചയായ മുന്നേറ്റം വ്യക്തമാണ്. മധ്യപ്രദേശിന്റെ കാര്യത്തിൽ രണ്ടാമത്തെ ഉപകാലയളവ് മുതൽ അഞ്ചാമത്തേത് വരെ മുന്നേറ്റവും അവ സാന രണ്ടു വർഷങ്ങളിൽ ഇടിവും കാണാം. മൂന്നാമത്തെ ഉപകാലയളവിലാണ് ഛത്തീ സ്ഗഢ് രൂപീകൃതമാകുന്നത്. ഈ സംസ്ഥാനം അഞ്ചാമത്തെ ഉപകാലയളവിൽ നേരിയ ഇടിവ് രേഖപ്പെടുത്തിയതൊഴിച്ചാൽ മെച്ചപ്പെടുന്ന സ്ഥിതിയാണ് കാഴ്ചവച്ചത്. എന്നാൽ രാജസ്ഥാന്റെ കാര്യത്തിൽ വ്യക്തമായ ഒരു പ്രവണത രൂപപ്പെടുന്നില്ല.

**ഇടത്തരം വരുമാനമുള്ള സംസ്ഥാനങ്ങൾ**

ആന്ധ്രാപ്രദേശിന്റെ തനതു നികുതി വരു മാനം- ജി എസ് ഡി പി അനുപാതം രണ്ടാം ഉപകാലയളവിൽ കുറയുകയും മൂന്നാമത്തേതിൽ കാര്യമായി കൂടുകയും ചെയ്തു. നാലാമത്തെ ഉപകാലയളവിൽ നേരിയ മുന്നേറ്റം കാഴ്ചവച്ചുവെങ്കിലും

**Table 4.** Association between OTR GSDP ratio and per capita income

| States | Co-efficient | t-value | DW transformed | Level of Per Capita Income (2019-20) | Statistical Significance |
|---|---|---|---|---|---|
| Bihar | 1.38 | 4.43 | 1.98 | 44575 | Highly. Significant |
| MP | 0.28 | 0.29 | 1.84 | 68757 | Not significant |
| Rajasthan | -0.32 | -0.73 | 2.27 | 78390 | Not Significant |
| Orissa | 1.37 | 4.21 | 1.76 | 78680 | Highly significant |
| Uttar Pradesh | 0.92 | 2.86 | 2.05 | 101768 | Significant |
| Punjab | -0.16 | -0.27 | 1.93 | 118848 | Not Significant |
| Andhra Pr. | 0.032 | 0.07 | 1.8 | 132284 | Not Significant |
| Kerala | -1.66 | -7.97 | 1.97 | 149563 | Highly Significant (negative) |
| Maharashtra | -0.56 | -2.12 | 1.73 | 152566 | Significant (negative) |
| Tamil Nadu | -1.68 | -4.97 | 1.79 | 153853 | Highly Significant (negative) |
| Karnataka | -1.97 | -3.06 | 2.04 | 154861 | Significant (negative) |
| Gujarat | -1.79 | -4.32 | 1.5 | 165359 | Highly Significant (negative) |
| Haryana | -1.04 | -2.06 | 1.6 | 176199 | Significant (negative) |
| Goa | -0.96 | -1.72 | 1.73 | 367226 | Weakly Significant (negative) |

Source: Computed from data mentioned in the text. Note:Highly Significant 0 % level, Significant 0 to 5 % level Weakly Significant 5 to 10% level.

അവസാന രണ്ടു പാദങ്ങളിൽ കുറഞ്ഞു.

കർണാടകത്തിന്റെ കാര്യത്തിൽ അവസാനത്തെ രണ്ടു ഘട്ടങ്ങളിൽ പ്രകടമായ ഇടിവ് കാണാം. അതിനു മുൻപുള്ള ഘട്ടങ്ങളിൽ ആദ്യം കുറവ് രേഖപ്പെടുത്തിയെങ്കിലും പിന്നീട് മെച്ചപ്പെടുന്ന സ്ഥിതിയുണ്ടായി. മൂന്നാം ഉപകാലയളവിലെ നേരിയ ഉണർവ് ഒഴിച്ചാൽ തമിഴ്നാട് എല്ലാ ഘട്ടത്തിലും ഇടിവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആദ്യത്തെ ഘട്ടം മുതൽ നാലാം ഘട്ടം വരെ പശ്ചിമ ബംഗാൾ ഇടിവ് രേഖപ്പെടുത്തിയെങ്കിൽ അവസാന രണ്ടു പാദങ്ങളിൽ മുന്നേറ്റമുണ്ടായി. എല്ലാ ഘട്ടങ്ങളിലും തുടർച്ചയായ ഇടിവാണ് കേരളം രേഖപ്പെടുത്തിയത്.

**ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങൾ**

ഗുജറാത്ത് എല്ലാ ഘട്ടങ്ങളിലും തനതു നികുതി വരുമാനം- ജി എസ് ഡി പി അനുപാതത്തിൽ തുടർച്ചയായ ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. മഹാരാഷ്ട്രയുടെ കേസിൽ ഒരു ട്രെൻഡ് പ്രകടമായിരുന്നില്ല. രണ്ടാം ഉപഘട്ടത്തിലെ ഇടിവിന് ശേഷം മൂന്നാം ഘട്ടത്തിൽ ഉണർവുണ്ടായെങ്കിലും നാല്, അഞ്ച് ഘട്ടങ്ങളിൽ വീണ്ടും ഇടിവ് പ്രകടമായി. അവസാന ഘട്ടത്തിൽ മുന്നേറ്റവും കണ്ടു. രണ്ടാം ഘട്ടത്തിൽ പഞ്ചാബ് ഇടിവ് രേഖപെടുത്തിയപ്പോൾ തുടർന്നുള്ള മൂന്ന് ഘട്ടങ്ങളിൽ മുന്നേറ്റവും അവസാന രണ്ടു ഘട്ടങ്ങളിൽ ഇടിവും പ്രകടമായി. നാലാം ഉപകാലയളവ്

മുതൽക്ക് തുടർച്ചയായ ഇടിവിലാണ് ഹരിയാന.

സ്റ്റാൻഡേർഡ് ഡീവിയേഷന്റെ അടിസ്ഥാനത്തിലുള്ള ഓരോ ഗ്രൂപ്പിലെയും വിതരണം സമീപ വർഷങ്ങളിൽ ഇടിയുകയാണുണ്ടായത്. ഇടത്തരം വരുമാനമുള്ള സംസ്ഥാനങ്ങളുടെ കേസിൽ ഇത് താരതമ്യേന ഉയർന്നതാണെങ്കിൽ കുറഞ്ഞതും, ഉയർന്നതുമായ വരുമാനമുള്ള സംസ്ഥാനങ്ങൾ തൊട്ടു പിന്നാലെയെത്തുന്നു. (രേഖാചിത്രം-5)

### 4. പ്രതിശീർഷ വരുമാനവും നികുതി എഫർട്ടും തമ്മിലുള്ള ബന്ധം

തനതു നികുതി വരുമാനം - ജി എസ് ഡി പി അനുപാതം പ്രതിനിധീകരിക്കുന്ന പ്രതിശീർഷ വരുമാനവും ടാക്സ് എഫർടിന്റെയും റിഗ്രഷൻ ടെസ്റ്റിംഗിന്റെ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിലുള്ള പ്രാധാന്യം കാണിക്കുന്നത് ബീഹാർ, ഒഡിഷ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ പോസിറ്റീവും സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ പ്രസക്തവുമാണ് എന്നാണ്. രാജസ്ഥാൻ, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ പോസിറ്റീവും എന്നാൽ സ്ഥിതിവിവരകണക്കുകളുടെ കാര്യത്തിൽ അപ്രസക്തവുമാണ്. ഗുജറാത്ത്, കർണ്ണാടക, കേരളം, തമിഴ്നാട്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് നെഗറ്റീവും സ്ഥിതിവിവരകണക്കുകളുടെ കാര്യത്തിൽ പ്രസക്തവുമാണ് എന്നാണ് (പട്ടിക- 4).

സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ പ്രസക്തമായ നെഗറ്റീവ് പ്രവണത ഏതാനും ഇടത്തരം, ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ കാണാം.[9] നിർണ്ണായക ചോദ്യം, എന്തുകൊണ്ട് സമ്പന്ന സംസ്ഥാനങ്ങൾ നികുതി ശ്രമങ്ങളിൽ കുറവ് കാണിക്കുന്നു എന്നതാണ്.[10] ഇത്തരം സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷനുകളിൽ നിന്ന് കുറഞ്ഞ വിഹിതമാണ് ലഭിക്കുന്നത്. വാഗ്നറുടെ സിദ്ധാന്തമെടുത്താൽ ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളിൽ പൊതു ചെലവുകൾക്ക് വേണ്ടിയുള്ള മുറവിളി കൂടുതൽ ശക്തമാണ്. അതുകൊണ്ട് പ്രതിശീർഷ വരുമാനം കൂടുമ്പോൾ നികുതിക്കായുള്ള ശ്രമങ്ങളും ശക്തമാകുന്നു. രണ്ടു കാരണങ്ങളാണ് ഇതിനുള്ളത്. ഒന്ന്, നികുതി നിരക്കുകളുടെ കാര്യത്തിൽ സമവായം മൂലമുണ്ടായ കുറവ്. ഇത് സംസ്ഥാനങ്ങളുടെ നികുതി ശ്രമങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മറ്റൊരു കാരണം, സേവന മേഖലയിലുണ്ടായ വളർച്ചയാണ്. ജി എസ് ടി നിലവിൽ വരുന്നത് വരെ ഇത് സംസ്ഥാന നികുതി ഘടനക്ക് പുറത്തായിരുന്നു. പലപ്പോഴും വിവേചനപരമായിട്ടുള്ള കേന്ദ്ര ഗ്രാന്റുകളുടെ കാര്യത്തിൽ പ്രത്യേക പഠനം ആവശ്യമാണ്.

സമാനരീതിയിലുള്ള ഫലങ്ങളാണ് 2017 ൽ മുഖർജി നടത്തിയ പഠനത്തിലും ലഭ്യമായത്. പ്രതിശീർഷ വരുമാനവും പ്രതിശീർഷ വികസനവും വിശാലാടിസ്ഥാനത്തിലുള്ള വേരിയബിൾ ആയും നികുതി വരുമാനത്തിന്റെ അനുപാതം ആശ്രിത വേരിയബിൾ ആയും എടുത്താൽ അത് ശരിയായ രീതി ആയിരിക്കില്ല. ഈ രണ്ട് കേസുകളിലും R^2 വളരെ പ്രധാനമാണ്. വരുമാനവും വികസന ചെലവുകളുമാണ് നികുതി കാര്യത്തിലെ സർക്കാരുകളുടെ പ്രകടനത്തെ നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകങ്ങൾ എന്ന പൊതുവായ അനുമാനത്തിന് വിരുദ്ധമാകും അത്.

എന്നാൽ ദേശീയ തലത്തിലെ അവലോകനം ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്, നികുതി- ജി ഡി പി അനുപാതവും പ്രതിശീർഷ ജി ഡി പിയും തമ്മിൽ ക്രിയാത്മകമായ ബന്ധമുണ്ട് എന്നതാണ് അത്. (ഒ ഇ സി ഡി (2020), ലീ,

ഡോഡ്സൺ ആൻഡ് ബേരക്റ്റർ (2021). (പട്ടിക- 4)

**5. തുടർഗവേഷണം ആവശ്യമാകുന്ന ചോദ്യങ്ങൾ**

ഈ പഠനത്തിലെ കണ്ടെത്തലുകളിൽ ചില വിരുദ്ധ ഘടകങ്ങൾ കാണാം, അതുകൊണ്ട് തുടർഗവേഷണത്തിനായി അഞ്ചു ചോദ്യ ങ്ങൾ മുന്നോട്ട് വയ്ക്കുകയാണ്.

1. തനതു നികുതി വരുമാനത്തിന്റെ മൂന്നി ലൊന്ന് ഉപഭോഗ നികുതികളാണെന്നി രിക്കെ, ഉയർന്ന വ്യക്തിഗത അന്തിമ ഉപഭോഗ ചെലവുകളുള്ള ഇടത്തരം, ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങ ളിൽ ഒ ടി ആർ- ജി എസ് ഡി പി അനുപാതത്തിൽ കുറവ് കാണുന്നത് എന്തുകൊണ്ടാണ് ? തനതു നികുതി വരു മാനം- ജി എസ് ഡി പി അനുപാതം പ്രതിനിധാനം ചെയ്യുന്ന നികുതി സങ്കലനത്തിനായുള്ള നിരക്കുകളിലെ സമവായം ഒരു ഘടകമാണോ?
2. കണ്ടെത്താൻ വിഷമമുള്ളതും നികുതി യൊഴിവിന് കൂടുതൽ സാധ്യത നൽകു ന്നതുമായ ഉയർന്ന മൂല്യത്തിലുള്ള ഉപഭോഗത്തിലേക്കുള്ള മാറ്റം ഈ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്നുണ്ടോ?
3. ഈ സംസ്ഥാനങ്ങളിൽ തൽപരകക്ഷി കളുടെ സ്വാധീനം കൂട്ടുന്നത് ശക്തമായ നടപടികൾക്കു തടസ്സമാകുന്നുണ്ടോ?
4. എന്തുകൊണ്ടാണ് ഈ സംസ്ഥാന ങ്ങൾക്ക് വാറ്റ്/ ജി എസ് ടി സംമ്പ്രദായ ങ്ങളുടെ നേട്ടം കൊയ്യാൻ കഴിയാത്തത്?
5. ഉയരുന്ന പ്രതിശീർഷ വരുമാനത്തിൽ നിന്നും കൂടുതൽ നികുതി സമാഹരിക്കു ന്നതിന് കേന്ദ്രത്തിലേക്കുള്ള കൈമാറ്റം ഉൾപ്പടെ സാമ്പത്തികവും രാഷ്ട്രീയവു മായ തടസങ്ങൾ ഇതിന് പിന്നിലുണ്ടോ?

■

(ഗിഫ്റ്റിലെ ഓണററി ഫെല്ലോയാണ് ആർ. മോഹൻ. ഡോ. ഷൈജൻ ഡി കാലിക്കറ്റ് സർവ്വകലാശാലയിലെ അസോസിയേറ്റ് പ്രൊഫസറാണ് )

[1] Burgess, Howes and Stern (1995) State that multiplicity and dispersion of rates. Indirect taxation in India is typified by a maze of different rates, which are the result of numerous ad hoc modifications to tax legislation. There are currently some 350 specific excise duty rates and forty ad valorem rates, the highest of which is 105 percent (Purohit, 1992b; GOI, 1993a). Most states have at least twelve rates of sales tax ranging from 1 percent to 25 percent (Purohit, 1988, p. 272). This rate differentiation has little economic rationale. It is associated with distributional judgments and views on the kinds of goods that should be encouraged in production and is the outcome more of lobbying than of logic.

[2] Under the GST regime, rates have been harmonised based on the constitutional mechanism, that is, the GST Council, which is constituted under Article 279A of the Constitution.

[3] Taxes on petroleum products can be brought into GST, from the date notified by the GST Council.

[4] Das-Gupta (2012) has sound that introduction of VAT had positive impact on Own Tax Revenue of Haryana and Odisha among major States and in 50 per cent of other jurisdictions. The study traces large scale tax evasion ad given weakness in VAT administration identified In a performance audit by the Comptroller and Auditor General in 2009. Sen (2015) states that though sub national VAT is more efficiency inducing than a complex sales tax, the contribution of VAT to efficiency of entire indirect system is insignificant.

[5] Kerala has now moved to be a High Income

State. But for most part of the period it was a Middle Income State.

[6] When the ratio is taken, the inflation effect will cancel out.

[7] The results of the thin rounds for the intervening years can not be used along with that of quinquennial rounds as there will be inconsistencies due to variation in sample size.

[8] This is done to maintain uniformity of five years. Else, last period will be seven years. The last two years are after introduction of GST

[9] The intuitive reasoning for a positive relation between per capita income and tax effort is stated in Lotz and Morss (1967). " In addition to aggregate income, the denominator in the tax ratio, other factors affect a country's taxable capacity.8 One of the most important is the level of economic development. Economic development is usually accompanied by a higher rate of literacy, increased monetization, and stricter law enforcement-all of which can be expected to increase taxable capacity. Economic development has many dimensions and cannot be measured precisely either by a single variable or by a simple combination of variables. However, one variable frequently used by economists to give a rough idea of the development stage is per capita income. Hence, one would expect taxable capacity and per capita income to move in the same direction."

There is another reason to expect a positive relationship between per capita income and taxable capacity. For two countries with the same total income but with a per capita income of, say, $50 in the first country and $1,500 in the second, taxable capacity is greater in the second because a smaller proportion of total income is required for subsistence needs and more "surplus" is available for taxation and other purposes. It follows that, if the two countries raise the same total amount of tax revenue and thus have equal tax ratios, the first country is making the greater tax effort.9

Similar results have been obtained in the study by Mukherjee (2017). Nambiar and Rao (1972) state that when per capita income and per capita development expenditure are used as explanatory variables and ratio of tax revenues to incomes is the dependent variable, there was poor fit. The R^2 in both cases is very insignificant.This contradicts a generally held hypothesis that income and developmental expenditure are among the important determinants of tax performance of governments.

**References**

Burgess, Robin, Howes Stephen and Stern Nicholas (1995),'*Value Added Tax Options for India'*,*International Tax and Public Finance*, 2:109-141, Kluwer Academic Publishers.

Das-Gupta, Arindam (2012),'*An Assessment of the Revenue Impact of State- level VAT in India*', Economic and Political Weekly, Vol 47,No.10, March 10.

Government of India, *Budget Documents*, various years, finmin.nic.in

Government of India, *National Accounts Statistics*, mospi.gov.in

Le Minh Tuan, Blanca Moreno-Dodson and Nihal Bayraktar (2012): '*Tax Capacity and Tax Effort: Extended Cross Country Analysis from 1994 to 2009'*,Policy Research Working Paper 6252, World Bank,

Letzeburgesch Jorgen R and Elliott R Morss (1967): '*Measuring "Tax Effort" in Developing Countries*', elibrary.imf.org

Mansfield, Charles Y, (1972): '*Elasticity and Buoyancy of a Tax System: A Method Applied to Paraguay*',IMFStaff Papers, January 1.

Mukherjee, Sachidananda (2017), *Changing Tax Capacity and Tax Effort of Indian States in the*

*Era of High Economic Growth 2001-2014*', Working Paper 196, National Institute of Public Finance and Policy (NIPFP), New Delhi.

Nambiar K V and Govinda Rao. M,(1972):'*Tax Performance of States*', Economic and Political Weekly, May 20.

OECD (2020):'*Tax Policy Reforms: OECD and Selected Partner Economies*', oecd-ilibrary.org

Rao Govinda M and Kavita Rao (2006), '*Trends and Issues in Tax Policy and Reform in India*', www.brookings.edu

Reserve Bank of India, '*State Finances: A Study of the Budgets*', various issues.

Sen, Astha (2015) '*Essays on Sub National Value Added Tax in India and Tax Incidence*' scholarworks.gsu.edu

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 8&9 ആഗസ്റ്റ്-സെപ്റ്റംബർ 2021



# മഹാമാരിക്കാലത്ത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ചെലവുകളിൽ വന്ന മാറ്റം

പാർമ ചക്രവർത്തി

സാമ്പത്തിക മാന്ദ്യത്തിന്റെ ഘട്ടത്തിൽ സാമ്പത്തിക രംഗത്തെ സ്ഥിരതയാർന്ന വിധത്തിലാക്കുന്നതിനും ഉത്തേജനം നൽകുന്നതിനും ധനനയങ്ങൾക്കുള്ള പ്രാധാന്യം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, റോമർ (2021) പറയുന്നതുപോലെ, സാമ്പത്തികമാന്ദ്യ ഘട്ടത്തിലെ നയങ്ങളിൽ നിന്ന് വ്യത്യസ്തമാണ് മഹാമാരിയുടെ ഘട്ടത്തിലെ നയങ്ങൾ. ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ നയപരമായ വ്യത്യസ്തങ്ങളായ നിലപാടുകൾ ഇവിടെ ആവശ്യമായി വരുന്നു. ഒന്നാമതായി, സാധാരണ ഒരു മാന്ദ്യകാലത്ത് വേണ്ടത് ഡിമാന്റിൽ ഉത്തേജനം ഉണ്ടാകുന്ന വിധത്തിലുള്ള നയങ്ങളാണ്. എന്നാൽ വൈറസ് ബാധ വ്യാപകമാകാത്ത വിധത്തിൽ ഉല്പാദനവും തൊഴിലും വർധിപ്പിക്കുക എന്നതാണ് മഹാമാരിയുടെ ഘട്ടത്തിലെ നയങ്ങളുടെ പരമമായ ലക്ഷ്യം. രണ്ട്, വ്യത്യസ്ത തൊഴിൽ മേഖലകളിൽ ഈ രണ്ടു തരം മാന്ദ്യത്തിനും വ്യത്യസ്ത രീതിയിലുള്ള ആഘാതമാണ് ഉള്ളതെന്ന് കാണാം. ഹോട്ടലുകൾ, റസ്റ്ററന്റുകൾ, നിർമാണ മേഖല എന്ന് തുടങ്ങി അടച്ചിടേണ്ടിവരുന്ന മേഖലകളിലെ തൊഴിലിനെ ഇത് പ്രകടമായി ബാധിക്കുന്നു. റോമർ (2021) പറയുന്നത്, പൊതുവിൽ ഡിമാൻഡ് വർധിപ്പിക്കുക എന്നതിന് പകരം, മഹാമാരിയുടെ ഘട്ടത്തിൽ അതിന്റെ ആഘാതം നേരിട്ട് ബാധിക്കുന്ന മേഖലകളെ കേന്ദ്രീകരിച്ചു കൊണ്ടുള്ളതാകണം ധനനയങ്ങൾ. സാമൂഹ്യമായ സുരക്ഷ ഉറപ്പാക്കുന്നതും ലക്ഷ്യഭേദിയുമായ നയങ്ങൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകേണ്ടത്.

നമ്മൾ ഇപ്പോൾ മഹാമാരിയുടെ രണ്ടാം വർഷത്തിലാണ്, അതുകൊണ്ട് നയപരമായ സമീപനങ്ങളുടെ പ്രതികരണം രാജ്യത്ത് എങ്ങനെയാണെന്ന് വിലയിരുത്തേണ്ട സമയവുമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള പ്രകടനമാണ് ഈ ലേഖനത്തിൽ പരിശോധിക്കുന്നത്. ഒപ്പം മഹാമാരിയുടെ ഫലമായി സർക്കാർ ചെലവുകളുടെ കാര്യത്തിൽ ഇത് എങ്ങനെ സ്വാധീനം ചെലുത്തി എന്നും വിശകലനം ചെയ്യുന്നു. സംസ്ഥാന സർക്കാരുകൾക്ക് നികുതി പിരിവിന്മേൽ നിർണ്ണായക സ്വാധീനം ഇല്ലാതിരിക്കെ, സാമ്പത്തിക നയങ്ങൾ ചെലുത്തിയ സ്വാധീനം ചെലവുകളുടെ കോണിൽക്കൂടി മാത്രമേ നമുക്ക് വിലയിരുത്താൻ കഴിയൂ. 2018-19 (മഹാമാരിക്ക് മുൻപുള്ള ഒരു സാധാരണ വർഷം) മുതൽ 2020-21 വരെയാണ് ഈ പഠനത്തിനായി എടുത്തിരിക്കുന്നത്.

### കമ്മിയുടെ സ്ഥിതി

റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള അന്തരമായ റവന്യുകമ്മി എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും കൂടിയിട്ടുണ്ട്. ആന്ധ്രാപ്രദേശിന്റെ കാര്യമെടുത്താൽ

**Figure 1**. Fiscal deficit as percentage of GSDP




Source: Computed from State Accounts Report, Comptroller and Auditor General of India and various state budgets

***ജി എസ് ഡി പി യുടെ ശതമാനം എന്ന നിലയിൽ സംസ്ഥാനങ്ങളുടെ ധനക്കമ്മി 2020-21 ൽ, ഉയർത്തി നിശ്ചയിക്കപ്പെട്ട പരമാവധി പരിധിയായ അഞ്ചു ശതമാനത്തിലും താഴെയാണെന്ന് കാണാം. ആന്ധ്രാപ്രദേശ് മാത്രമാണ് ഇതിന് ഒരു അപവാദമായിട്ടുള്ളത്.***

2019-20 ൽ ജി എസ് ഡി പിയുടെ 2.7 ശതമാനമായിരുന്ന റവന്യുകമ്മി 2020 -21 ൽ 3.6 ശതമാനമായി ഉയർന്നു. തമിഴ്നാടിന്റെ കാര്യത്തിൽ ഇത് 1.6 ശതമാനത്തിൽ നിന്നും 3.2 ശതമാനമായും കേരളത്തിന്റെ കാര്യത്തിൽ 1.7 ശതമാനത്തിൽ നിന്നും 2.8 ശതമാനമായും കൂടിയിട്ടുണ്ട്. 0.4 ശതമാനത്തിൽ നിന്നും തെലങ്കാനയുടെ റവന്യു കമ്മി 1.9 ശതമാനമായി വർധിച്ചതായി കാണാം. 2019 -20 ൽ 0.6 ശതമാനം റവന്യു മിച്ചം രേഖപ്പെടുത്തിയിരുന്ന കർണാടകം ഒരു ശതമാനം കമ്മിയിലേക്കും ഇതേ കാലയളവിൽ മാറി.

ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ സംസ്ഥാനങ്ങളുടെ ധനക്കമ്മി 2020 -21 ൽ, ഉയർത്തി നിശ്ചയിക്കപ്പെട്ട പരമാവധി പരിധിയായ അഞ്ചു ശതമാനത്തിലും താഴെയാണെന്ന് കാണാം. ആന്ധ്രാപ്രദേശ് മാത്രമാണ് ഇതിന് ഒരു അപവാദമായിട്ടുള്ളത്. 2020 -21 ൽ ഏറ്റവും ഉയർന്ന ധനകമ്മി രേഖപെടുത്തിയിരിക്കുന്നത് ആന്ധ്രപ്രദേശാണ്, 5.6 ശതമാനം. 4.8 ശതമാനവുമായി തമിഴ്നാടും 4.7 ശതമാനവുമായി തെലങ്കാനയും 4.6 ശതമാനവുമായി കേരളവും 3.9 ശതമാനവുമായി കർണാടകവും തൊട്ടടുത്ത സ്ഥാനങ്ങളിലുണ്ട്. (രേഖാചിത്രം - 1 )

ധനകമ്മി ഉയരുന്നതിനുള്ള മുഖ്യകാരണം

**Table 1.** State own tax and non-tax revenue as percentage to GSDP (%)

| SOTR % GSDP | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| Andhra Pradesh | 6.74 | 5.93 | 5.82 |
| Karnataka | 6.54 | 6.24 | 5.82 |
| Kerala | 6.41 | 5.89 | 5.51 |
| Tamil Nadu | 6.51 | 5.42 | 5.01 |
| Telangana | 7.65 | 7.00 | 6.81 |
| **SONTR % GSDP** | | | |
| Andhra Pradesh | 0.50 | 0.34 | 0.34 |
| Karnataka | 0.45 | 0.45 | 0.47 |
| Kerala | 1.33 | 1.37 | 0.78 |
| Tamil Nadu | 0.65 | 0.66 | 0.47 |
| Telangana | 1.18 | 0.76 | 0.52 |

Source: Computed from State Accounts Report, Comptroller and Auditor General of India and various state budgets

***മഹാമാരിയുണ്ടാക്കിയ കടുത്ത പ്രതിസന്ധി ഇതിനെ നേരിടുന്നതിനുള്ള സംസ്ഥാനങ്ങളുടെ ചെലവിനെ ശതഗുണീഭവിപ്പിക്കുകയുണ്ടായി. 2020 -21 ൽ ഏറ്റവും വലിയ വർധനയായ 25 ശതമാനം ഉണ്ടായത് കേരളത്തിന്റെ കാര്യത്തിലാണ്. ആന്ധ്രയുടെ കാര്യത്തിൽ 12.8 ശതമാനവും തമിഴ്നാടിന്റെ കാര്യത്തിൽ 11 .6 ശതമാനവും വർധനയുണ്ടായി. തെലങ്കാന 7.4 ശതമാനവും കർണാടക 5 .6 ശതമാനവും വർധന രേഖപ്പെടുത്തി.***

സർക്കാർ ചെലവുകളിൽ ഉണ്ടായ വർധനയും സംസ്ഥാനങ്ങളുടെ തനത് വരുമാനങ്ങളിലെ ഇടിവുമാണ്.

### സംസ്ഥാനങ്ങളുടെ തനത് നികുതി - നികുതിയേതര വരുമാനം

എസ് ജി എസ് ടി, കാർഷികാദായ നികുതി, ഭൂനികുതി, മുദ്രപ്പത്രം, രജിസ്ട്രേഷൻ, സംസ്ഥാന എക്സൈസ്, വില്പന നികുതി, വാഹന നികുതി, വൈദ്യുതി നികുതി, ഡ്യൂട്ടികൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനം. ഇത് ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ എല്ലാ സംസ്ഥാനങ്ങളുടെയും കാര്യത്തിൽ 2019-20 മുതൽക്ക് ഇടിയുന്ന പ്രവണതയാണ് കാണുന്നത്. ഇതേ രീതിയിൽ നികുതിയേതര വരുമാന മാർഗ്ഗങ്ങളായ പലിശ, ലാഭവിഹിതം, ലാഭം, ലോട്ടറി, പോലീസ്, വനവിഭവങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള വരവും കുറഞ്ഞതായി കാണാം.

ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനം (എസ് ഒ ടി ആർ) 2020 21 ൽ ഏറ്റവും കൂടുതൽ തെലങ്കാനയിലാണ്, 6.8 ശതമാനം. ആന്ധ്രാപ്രദേശ് (5.8 ശതമാനം), കർണ്ണാടക (5.8), കേരളം

***സബ്സിഡി ഇനത്തിലുള്ള കേരളത്തിന്റെ ചെലവ് 2019-20 ൽ 1.3 ശതമാനമായിരുന്നത് 2020-21 ൽ 5.3 ശതമാനമായി ഉയർന്നു.***

**Table 2.** Government expenditure and revenue as percentage of GSDP of southern states

| **RE % GSDP** | **2018-19** | **2019-20** | **2020-21** |
|---|---|---|---|
| Andhra Pradesh | 14.52 | 14.15 | 15.47 |
| Karnataka | 10.66 | 10.15 | 10.39 |
| Kerala | 13.59 | 11.97 | 14.59 |
| Tamil Nadu | 11.73 | 11.01 | 12.09 |
| Telangana | 11.04 | 11.06 | 12.12 |
| **CE % GSDP** | | | |
| Andhra Pradesh | 2.35 | 1.26 | 1.92 |
| Karnataka | 2.42 | 2.30 | 2.75 |
| Kerala | 0.90 | 0.94 | 1.54 |
| Tamil Nadu | 1.50 | 1.36 | 1.71 |
| Telangana | 2.69 | 1.77 | 1.65 |
| **TE % GSDP** | | | |
| Andhra Pradesh | 16.87 | 15.42 | 17.40 |
| Karnataka | 13.08 | 12.45 | 13.15 |
| Kerala | 14.49 | 12.90 | 16.13 |
| Tamil Nadu | 13.23 | 12.37 | 13.80 |
| Telangana | 13.73 | 12.83 | 13.77 |
| **RR % GSDP** | | | |
| Andhra Pradesh | 13.17 | 11.43 | 11.87 |
| Karnataka | 11.01 | 10.71 | 9.41 |
| Kerala | 11.56 | 10.26 | 11.76 |
| Tamil Nadu | 10.44 | 9.42 | 8.89 |
| Telangana | 11.92 | 10.62 | 10.21 |
| **SCT %GSDP** | | | |
| Andhra Pradesh | 2.76 | 2.08 | 1.75 |
| Karnataka | 1.76 | 1.36 | 0.93 |
| Kerala | 1.77 | 1.37 | 1.00 |
| Tamil Nadu | 1.88 | 1.43 | 1.28 |
| Telangana | 1.60 | 1.19 | 0.92 |
| **Grants %GSDP** | | | |
| Andhra Pradesh | 2.23 | 2.25 | 3.23 |
| Karnataka | 1.71 | 2.12 | 1.81 |
| Kerala | 1.42 | 1.10 | 3.78 |
| Tamil Nadu | 1.43 | 1.51 | 1.68 |
| Telangana | 0.96 | 1.20 | 1.58 |
| **NDCR % GSDP** | | | |
| Andhra Pradesh | 0.03 | 0.45 | 0.11 |
| Karnataka | 0.00 | 0.01 | 0.02 |
| Kerala | 0.13 | 0.05 | 0.04 |
| Tamil Nadu | 0.41 | 0.29 | 0.27 |
| Telangana | 0.08 | 0.01 | 0.01 |

Source: Computed from State Accounts Report, Comptroller and Auditor General of India and various state budgets

***കേരളത്തിന്റേതൊഴികെ എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും മൊത്തം റവന്യു ചെലവുകളുടെ ഭാഗം എന്ന നിലയിൽ നോക്കുമ്പോൾ പലിശ ഇനത്തിലുള്ള ചെലവ് ഉയർന്നിട്ടുണ്ട്.***

**Table 3.** Composition of revenue expenditure (in %)

| States | Year | Expenditure on Interest payment | Expenditure on Salaries/ Wages | Expenditure on Pension | Expenditure on Subsidy |
|---|---|---|---|---|---|
| Andhra Pradesh | 2018-19 | 11.3 | 27.4 | 12.1 | 1.9 |
| | 2019-20 | 12.8 | 26.3 | 12.6 | 4.6 |
| | 2020-21 | 13.1 | 26.2 | 11.4 | 3.2 |
| Karnataka | 2018-19 | 8.4 | — | 9.5 | 0.0 |
| | 2019-20 | 9.7 | — | 9.9 | 0.0 |
| | 2020-21 | 12.7 | — | 10.9 | 0.0 |
| Kerala | 2018-19 | 13.5 | 30.3 | 17.7 | 1.5 |
| | 2019-20 | 15.8 | 32.2 | 18.6 | 1.3 |
| | 2020-21 | 15.0 | 24.0 | 15.8 | 5.3 |
| Tamil Nadu | 2018-19 | 13.5 | — | 14.3 | — |
| | 2019-20 | 13.8 | — | 13.6 | — |
| | 2020-21 | 15.5 | 21.9 | 11.5 | 10.7 |
| Telangana | 2018-19 | 12.7 | 24.5 | 10.0 | 6.6 |
| | 2019-20 | 12.8 | 22.7 | 9.5 | 6.0 |
| | 2020-21 | 13.5 | 20.8 | 9.7 | 8.1 |

Source: Computed from State Accounts Report, Comptroller and Auditor General of India
Note: -- data not available

(5.5), തമിഴ്നാട് (5) എന്നീ സംസ്ഥാനങ്ങൾ തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നു. 2020 -21 ൽ ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ തനത് നികുതിയേതര വരുമാനം ഏറ്റവും കൂടുതലുള്ളത് കേരളത്തിനാണ്, 0.78 ശതമാനം. (പട്ടിക -1)

### സർക്കാർ ചെലവുകളും മൊത്തം വരുമാനവും

മഹാമാരിയുണ്ടാക്കിയ പ്രതിസന്ധി ഇതിനെ നേരിടുന്നതിനുള്ള സംസ്ഥാനങ്ങളുടെ ചെലവിനെ ശതഗുണീഭവിപ്പിക്കുകയുണ്ടായി. 2020 -21 ൽ ഇക്കാര്യത്തിൽ ഏറ്റവും വലിയ വർധനയായ 25 ശതമാനം ഉണ്ടായത് കേരളത്തിന്റെ കാര്യത്തിലാണ്. ആന്ധ്രയുടെ കാര്യത്തിൽ 12.8 ശതമാനവും തമിഴ്നാടിന്റെ കാര്യത്തിൽ 11.6 ശതമാനവും വർധനയുണ്ടായി. തെലങ്കാന 7.4 ശതമാനവും കർണാടക 5.6 ശതമാനവും വർധന രേഖപ്പെടുത്തി. സംസ്ഥാനങ്ങളുടെ

***2019-20 ആയി താരതമ്യം ചെയ്യുമ്പോൾ 2020-21 ൽ സാമൂഹ്യ സുരക്ഷക്കായുള്ള കേരളത്തിന്റെ ചെലവ് 34 .2 ശതമാനത്തിൽ നിന്ന് 38.3 ശതമാനമായും തമിഴ്നാടിന്റേത് 37.5 ശതമാനത്തിൽ നിന്നും 39.8 ശതമാനമായും വർധിച്ചിട്ടുണ്ട്.***

***സാമ്പത്തിക മേഖലയിലെ ചെലവുകൾ എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും 2020-21 ൽ 2019-20 നെ അപേക്ഷിച്ച് ഉയർന്നതായി കാണാം.***

**Table 4.** Sectoral composition of total expenditure (in %)

| States | Year | General sector | Social sector | Economic sector |
|---|---|---|---|---|
| Andhra Pradesh | 2018-19 | 37.5 | 45.7 | 27.0 |
| | 2019-20 | 48.6 | 46.9 | 20.4 |
| | 2020-21 | 47.8 | 41.5 | 26.2 |
| Karnataka | 2018-19 | 27.3 | 41.5 | 37.0 |
| | 2019-20 | 29.8 | 39.2 | 37.8 |
| | 2020-21 | 35.8 | 34.4 | 39.3 |
| Kerala | 2018-19 | 82.3 | 38.0 | 16.9 |
| | 2019-20 | 100.7 | 34.2 | 15.6 |
| | 2020-21 | 61.5 | 38.3 | 23.6 |
| Tamil Nadu | 2018-19 | 50.9 | 38.5 | 27.8 |
| | 2019-20 | 51.5 | 37.5 | 28.5 |
| | 2020-21 | 46.4 | 39.8 | 28.5 |
| Telangana | 2018-19 | 37.9 | 38.9 | 33.7 |
| | 2019-20 | 38.9 | 38.5 | 33.5 |
| | 2020-21 | 38.3 | 36.2 | 36.1 |

Source: Computed from State Accounts Report, Comptroller and Auditor General of India

മൊത്തം ചെലവിൽ വർധനയുണ്ടായത് റവന്യൂ ചെലവുകളും മൂലധന ചെലവുകളും ഉയർന്നത് മൂലമാണ്. റവന്യൂ ചെലവുകൾ, മൂലധന ചെലവുകൾ, മൊത്തം ചെലവ്, റവന്യൂ വരുമാനം, കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതം, ഗ്രാന്റുകൾ, വായ്പ അല്ലാതെയുള്ള മൂലധന നേട്ടം എന്നിവ സംബന്ധിച്ച കണക്കുകളാണ് പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഏറ്റവും കൃത്യതയാർന്ന വിവരങ്ങൾ പട്ടിക എ യിലും ചേർത്തിട്ടുണ്ട് (അനുബന്ധം എ). (പട്ടിക - 2)

2019-20 നെ അപേക്ഷിച്ച് 2020-21 ൽ എല്ലാ സംസ്ഥാനങ്ങളുടെയും മൊത്തം ചെലവ് ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ പരിഗണിക്കുമ്പോൾ ഉയർന്നിട്ടുള്ളതായി കാണാം. ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ റവന്യൂ ചെലവുകളും മൂലധന ചെലവുകളും ഉയർന്നതാണ് ഇതിന് കാരണമായിതീർന്നത്. തെലങ്കാന മാത്രമാണ് ഇതിന് അപവാദമായി നിലകൊള്ളുന്നത് (പട്ടിക -2). (പട്ടിക - 3)

റവന്യൂ ചെലവുകളുടെ കൂട്ടത്തിൽ, കേരളമൊഴികെയുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ പലിശയിനത്തിലുള്ള ചെലവ് 2019-20 നെ അപേക്ഷിച്ച് 2020-21 ൽ കൂടിയതായി കാണാം. ശമ്പളമിനത്തിലുള്ള ചെലവ് കേരളം, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ കുറഞ്ഞതായും കാണാം. ഇതര സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് സംബന്ധമായ വിവരങ്ങൾ ലഭ്യമല്ല. കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളെ മാറ്റി നിർത്തിയാൽ മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ പെൻഷൻ ചെലവും കുറയുകയായിരുന്നു. സബ്സിഡി ഇന

ത്തിലുള്ള ചെലവ് കേരളത്തിന്റെ കാര്യത്തിൽ 2019-20 ലെ 1.3 ശതമാനത്തിൽ നിന്നും 2020-21 ൽ 5.3 ശതമാനമായി ഉയർന്നു. തെലങ്കാനയുടെ കാര്യത്തിൽ ഇത് 6 ശതമാനത്തിൽ നിന്നും 8.1 ശതമാനമായും കൂടി. (പട്ടിക - 4)

മഹാമാരിയുടെ ഘട്ടത്തിലെ ചെലവുകൾ മേഖല തിരിച്ച് അവലോകനം ചെയ്യുമ്പോൾ സാമൂഹ്യ സുരക്ഷാ രംഗത്ത് കേരളത്തിന്റെ ചെലവ് 2019-20 ലെ 34.2 ശതമാനത്തിൽ നിന്നും 38.3 ശതമാനമായി ഉയർന്നതായി പട്ടിക നാലിൽ നിന്ന് വ്യക്തമാകും. തമിഴ്നാടിന്റെ കാര്യത്തിൽ ഇത് 37.5 ശതമാനത്തിൽ നിന്നും 39.8 ശതമാനമായും വർധിച്ചു. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഈ ഇനത്തിലുള്ള ചെലവുകൾ കുറയുകയായിരുന്നു. എന്നാൽ സാമ്പത്തിക മേഖലയിലെ ചെലവുകൾ എല്ലാ സംസ്ഥാനങ്ങളുടെ കേസിലും കൂടി. പൊതുവായുള്ള ചെലവുകളെടുത്താൽ ആന്ധ്രപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ മാത്രമാണ് കൂടിയിട്ടുള്ളത്.

ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ പരിഗണിക്കുമ്പോൾ കർണ്ണാടക, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ മൊത്തം റവന്യു വരുമാനം കുറഞ്ഞിട്ടുണ്ട്. സംസ്ഥാനങ്ങളുടെ തനത് വരുമാനം കുറവായതും കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം കുറഞ്ഞതുമാണ് ഇതിന് കാരണം (പട്ടിക -2). ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ ഗ്രാന്റിൽ നിന്നുള്ള വരുമാനം കർണ്ണാടകയുടെ കാര്യത്തിൽ കുറഞ്ഞതായും കാണാം. മൊത്തം റവന്യു വരുമാനത്തിന്റെ കാര്യത്തിൽ നേരിയ വളർച്ച രേഖപ്പെടുത്തിയത് കേരളം, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ മാത്രമാണ്. 2019 -20 നെ അപേക്ഷിച്ച് 2020-21 ൽ ഗ്രാന്റുകൾ വർധിച്ചതാണ് ഇതിന് നിദാനം. എന്നാൽ കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം, തനത് വരുമാനത്തിന്റെ കാര്യത്തിലെന്ന പോലെ ഈ സംസ്ഥാനങ്ങളുടെ കാര്യത്തിൽ കുറയുകയാണുണ്ടായത്.

സംസ്ഥാനങ്ങളുടെ ചെലവുകൾ ഗണ്യമായി ഉയർന്നതും കേന്ദ്ര നികുതി വിഹിതം കുറഞ്ഞതും തനത് വരുമാനം ഇടിഞ്ഞതുമാണ് സംസ്ഥാനങ്ങളെ ധനകമ്മിയിലേക്ക് നയിച്ചത്. എന്നാൽ ആന്ധ്രാപ്രദേശിന്റെ കാര്യമൊഴിച്ചാൽ, മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ ധനകമ്മി പരമാവധി പരിധിയായ അഞ്ചു ശതമാനത്തിലും താഴെയാണെന്ന് കാണാം.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക)

**References**

GoI (2020), "*Fifteenth Finance Commission Report*", Finance Commission, India.

Romer, Christina D. (2021), " *The Fiscal Policy Response to the Pandemic*", Brookings Paper on Economic Activity, March 25, 2021.

| | Andhra Pradesh | | | Karnataka | | | Kerala | | | Tamil Nadu | | | Telangana | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Items | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 |
| Revenue Receipts | 114684 | 111034 | 117136 | 164069 | 174511 | 156716 | 91388 | 87697 | 96674 | 170151 | 173898 | 172722 | 101419 | 102544 | 99903 |
| a) Tax Revenue | 90836 | 85843 | 81869 | 131929 | 132608 | 118747 | 69683 | 66531 | 59205 | 136172 | 133855 | 131077 | 83233 | 83585 | 79340 |
| i) Goods and Service Tax | 29349 | 28241 | 26095 | 51522 | 50921 | 43947 | 26089 | 24310 | 22315 | 38533 | 38374 | 37942 | 28786 | 28053 | 25905 |
| ii) Stamps and regist ration Fees | 5428 | 5318 | 5603 | 10789 | 11308 | 10576 | 3693 | 3614 | 3490 | 11065 | 10856 | 11675 | 5344 | 6671 | 5243 |
| iii) Land Revenue | 57 | 21 | 143 | 144 | 203 | 184 | 203 | 332 | 493 | 178 | 258 | 211 | 0 | 1 | 1 |
| iv) Sales Tax | 21914 | 21410 | 17800 | 14004 | 16405 | 16028 | 19226 | 20317 | 18728 | 42696 | 44518 | 43489 | 20291 | 20674 | 20904 |
| v) State Excise Duties | 6220 | 6915 | 11575 | 19944 | 21584 | 23332 | 2521 | 2255 | 2329 | 6863 | 7206 | 7822 | 10638 | 11992 | 14370 |
| vi) State's share of Union Taxes | 24049 | 20228 | 17237 | 26246 | 22126 | 15437 | 14002 | 11669 | 8207 | 30639 | 26392 | 24925 | 13613 | 11451 | 8977 |
| vii) Other Taxes and duties | 3818 | 3710 | 3415 | 9280 | 10061 | 9243 | 3949 | 4034 | 3642 | 6197 | 6250 | 5014 | 4561 | 4743 | 3940 |
| b) Non-Tax Revenue | 4391 | 3315 | 3395 | 6661 | 7402 | 7894 | 10511 | 11750 | 6420 | 10642 | 12260 | 9068 | 10008 | 7361 | 5092 |
| c) Grant in aid and Contributions | 19457 | 21876 | 31872 | 25480 | 34502 | 30076 | 11194 | 9416 | 31049 | 23337 | 27783 | 32577 | 8178 | 11598 | 15471 |
| Capital Receipts | 34029 | 44042 | 56231 | 36669 | 33743 | 64880 | 25530 | 23877 | 38509 | 49595 | 58423 | 99136 | 24136 | 29964 | 45697 |
| a) Recovery of Loans and Advances | 277 | 4355 | 1063 | 17 | 58 | 270 | 961 | 370 | 285 | 6670 | 5384 | 5244 | 666 | 62 | 58 |
| b) Other Receipts | 0 | 0 | 0 | -6 | 28 | 45 | 47 | 27 | 34 | | | 0 | 0 | 0 | 0 |
| c) Borrowings & Other Liabilities | 33751 | 39687 | 55168 | 36658 | 33657 | 64565 | 24523 | 23479 | 38190 | 42926 | 53039 | 93893 | 23470 | 29902 | 45639 |
| Total Receipts | 148713 | 155076 | 173367 | 200739 | 208254 | 221596 | 116918 | 111574 | 135182 | 219746 | 232321 | 271859 | 125555 | 132509 | 145600 |
| Revenue Expenditure | 126410 | 137475 | 152677 | 158841 | 165292 | 173086 | 107379 | 102275 | 119930 | 191265 | 203237 | 234957 | 93895 | 106724 | 118550 |
| Capital Expenditure | 20459 | 12245 | 18975 | 36108 | 37529 | 45841 | 7151 | 8007 | 12678 | 24465 | 25062 | 33170 | 22909 | 17085 | 16181 |
| Sector wise Expenditure | 146855 | 149717 | 171652 | 189525 | 196396 | 213247 | 105631 | 104219 | 123116 | 215730 | 228298 | 268127 | 116799 | 123801 | 134724 |
| General Sector | 40045 | 48974 | 55488 | 40598 | 45098 | 56264 | 47686 | 52286 | 46873 | 67826 | 72513 | 79915 | 32080 | 34676 | 37333 |
| Social Sector | 67124 | 70157 | 71193 | 78740 | 77054 | 73282 | 40141 | 35641 | 47140 | 77448 | 80034 | 100553 | 45399 | 47666 | 48710 |
| Economic Sector | 39645 | 30570 | 44950 | 70187 | 74244 | 83701 | 17804 | 16292 | 29103 | 55848 | 60766 | 71863 | 39315 | 41460 | 48681 |
| Total Expenditure | 146870 | 149720 | 171652 | 194949 | 202821 | 218927 | 114529 | 110282 | 132609 | 215730 | 228298 | 268127 | 116804 | 123809 | 134732 |
| Loans and Advances disbursed | 1843 | 5356 | 1715 | 5790 | 5433 | 2669 | 2389 | 1291 | 2574 | 4017 | 4022 | 3732 | 8750 | 8700 | 10868 |
| Revenue Surplus/Deficit | -11726 | -26441 | -35540 | 5228 | 9219 | -16369 | -15991 | -14578 | -23256 | -21114 | -29339 | -62235 | 7524 | -4179 | -18647 |
| Fiscal Surplus/ Deficit | -33751 | -39687 | -55168 | 36658 | -33657 | -64565 | -24523 | -23479 | -38190 | -42926 | -53039 | -93893 | -23470 | -29902 | -45639 |
| Primary Deficit (-)/ Surplus (+) | -19448 | -22034 | -35150 | 23368 | 17622 | -42605 | 9982 | -7304 | -20178 | 17185 | -25001 | -57396 | -11578 | -16260 | -29628 |

Source: State Accounts Report, Comptroller and Auditor General of India

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 8&9 ആഗസ്റ്റ്-സെപ്റ്റംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# മുദ്രപ്പത്ര വിലയും രജിസ്ട്രേഷനും : ന്യായവില നിർണ്ണയത്തിൽ ആധുനിക സങ്കേതങ്ങളുടെ പങ്ക്

ഡി. നാരായണ

**1. ആമുഖം**

കേരളത്തിന്റെ വരുമാന രംഗത്തെ ഒരു പ്രധാന ഭാഗമാണ് എസ് ഡി & ആർ എഫ്. 2005-06 മുതൽ 2009-10 വരെ വിൽപ്പന നികുതി, വാറ്റ് എന്നിവയുടെ തൊട്ടടുത്തായിരുന്നു ഇതിന്റെ സ്ഥാനം. സംസ്ഥാനത്തിന്റെ തനത് നികുതി, ഡ്യൂട്ടി വരുമാനത്തിന്റെ 12 ശതമാനം ഈ രംഗത്ത് നിന്നുമായിരുന്നു. എന്നാൽ പിന്നീട് ഇത് തുടർച്ചയായി ഇടിയുകയും, 2020-21 ലെ റവന്യൂ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 6.76 ശതമാനമായി ചുരുങ്ങുകയും ചെയ്തു. വാഹന നികുതിക്കും പിന്നിൽ മൂന്നാമതാണ് ഇപ്പോൾ ഇതിന്റെ സ്ഥാനം. സ്വത്തുവകകൾ കൈമാറ്റം ചെയ്യുന്നത് വഴി ലഭിക്കുന്ന വരുമാനമാണ് എസ് ഡി & ആർ എഫിന്റെ ഒരു പ്രധാന ഭാഗം. ഭൂമിയുടെ വില ഇക്കാര്യത്തിൽ ഒരു നിർണ്ണായക ഘടകമായതിനാൽ വിലകുറച്ചു കാണിക്കുന്നതും നികുതി ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങളും ശക്തമായിരുന്നു. ഈ ചോർച്ച അടയ്ക്കുന്നതിനുള്ള ഒരു മുഖ്യമാർഗ്ഗമായി സർക്കാർ സ്വീകരിച്ചത് ന്യായവില നിർണ്ണയമാണ്. കഴിഞ്ഞ 25 വർഷമായി കേരളം ഈ മാർഗം പിന്തുടരുകയാണ്. ഇക്കാര്യത്തിൽ പുരോഗതിക്ക് വഴികാണുന്നുണ്ടോ എന്ന ഒരു അന്വേഷണം ഈ ഘട്ടത്തിൽ വളരെ പ്രസക്തമാണ്.

***കേരളത്തിന്റെ സാമ്പത്തിക വരുമാനത്തിലെ ഒരു പ്രധാന സ്രോതസാണ് സ്റ്റാമ്പ് ഡ്യൂട്ടി , രെജിസ്ട്രേഷൻ ഫീ എന്നിവ. ഇത് സംസ്ഥാനത്തിന്റെ തനത് വരുമാനത്തിന്റെ 12 ശതമാനത്തിലധികം വരും. എന്നാൽ കഴിഞ്ഞ ഒരു ദശകക്കാലമായി ഇക്കാര്യത്തിലുള്ള വളർച്ച മോശമായ അവസ്ഥയിലാണ്. ഭൂമിയുടെ ന്യായവിലയിലെ വാർഷിക വളർച്ചയിൽ ഇളവ് വരുത്തുന്നത് മൂലം ഇതുവഴിയുള്ള വരുമാനം ചുരുങ്ങുകയാണ്.***

**2. എസ് ഡി & ആർ എഫ് ട്രെൻഡ്**

കഴിഞ്ഞ 54 വർഷത്തിലെ എസ് ഡി & ആർ എഫിൽ നിന്നുള്ള വരുമാനം ഒന്നാം രേഖാചിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ശ്രദ്ധാപൂർവം നോക്കുമ്പോൾ 1967-68 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തെ വളർച്ചയുടെ അടിസ്ഥാനത്തിൽ മൂന്ന് ഉപഘട്ടങ്ങളായി തിരിക്കാം. ഇവ : 1) 196768 മുതൽ 1994-95 വരെ, 2) 199596 മുതൽ 2007-08 വരെ, 3) 2008-09 മുതൽ 2020-21 വരെ എന്നിങ്ങനെയാണ്. എസ് ഡി & ആർ എഫിന്റെ ഇക്കാലയളവുകളിലെ കോമ്പൗണ്ട് അടിസ്ഥാനത്തിലുള്ള വാർഷിക വളർച്ചാ നിരക്ക് യഥാക്രമം 15.91 ശതമാനം, 12.39 ശതമാനം, 5.18 ശതമാനം എന്നിങ്ങനെയാണ്. വളർച്ചാ നിരക്ക് തുടർച്ചയായി താഴുന്നുവെന്നത്

**Figure 1**. Stamp duty &registration fee receipts, Kerala, 1967-68 to 2020-21RE




Source: Government of Kerala, Budget in Brief, various years, Finance Department.

വ്യക്തം. മൂന്നാമത്തെ ഘട്ടത്തിൽ ഇടിവ് അതിരൂക്ഷമാണ്. ഇത് നിലവിലെ വിലയെ അടിസ്ഥാനമാക്കിയുള്ള ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിന്റെ (ജി എസ് ഡി പി) വളർച്ചയേക്കാൾ താഴെയാണെന്ന് കാണാം. ഇത് ജി എസ് ഡി പിയുമായുള്ള അനുപാത ത്തിലും സ്റ്റേറ്റ് ഓൺ ടാക്സ് റെവന്യുവുമാ യുള്ള (എസ് ഒ ടി ആർ) അനുപാതത്തിലും എസ് ഡി & ആർ എഫിന്റെ വിഹിതം താഴെ പോകുന്നതിനും കാരണമായിട്ടുണ്ട്. (രേഖാചിത്രം- 1)

### 3. ന്യായവില നിർണ്ണയം

മുദ്രപത്ര വില കുറയക്കുന്നതിനായി ഭൂമിയുടെ വില താഴ്ത്തി കാണിക്കുന്ന പ്രവ ണത കുറേക്കാലമായി ഉണ്ട്. ഇക്കാര്യത്തിൽ ഒരു തിരുത്തൽ നടപടി ആവശ്യമാണെന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് 1959 ലെ കേരള സ്റ്റാമ്പ് നിയമത്തിലെ ആക്റ്റ് 14 ൽ 28 എ എന്ന വകുപ്പ് 1988 ൽ കൂട്ടിച്ചേർത്തത്. ഇത് ഇത്തരം നടപടികളുടെ ആദ്യപടി യായിരുന്നു. ഇതനുസരിച്ച് ന്യായവില നിർണ്ണയിക്കുന്നതിനുള്ള അധികാരം ജില്ലാ കലക്ടർമാർക്കായിരുന്നു. ഇത് ഒരു നാഴിക ക്കല്ലായി വിശേഷിപ്പിക്കാം. ഇക്കാര്യം 2014 ലെ സി ആൻഡ് എ ജിയുടെ എട്ടാം റിപ്പോർട്ടിൽ ഏഴാമത്തെ അധ്യായത്തിൽ ചേരിതിരിക്കുന്ന 7.2 പട്ടികയിൽ വിശദമായി പ്രതിപാദിക്കു ന്നുണ്ട്. ഇത് ഈ ലേഖനത്തിലെ പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ നിന്ന് ന്യായവില ബന്ധപ്പെട്ട രേഖകളിൽ കാണിക്കണം എന്ന് നിഷ്കർഷി ക്കപ്പെട്ടിരുന്ന കാലയളവും അത് ആവശ്യമി ല്ലാതിരുന്ന കാലയളവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണ്. എസ് ഡി & ആർ എഫ് വരുമാനത്തിലെ ശതമാനക്കണക്കിൽ ഉണ്ടായ മാറ്റങ്ങൾ പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു. 1991 മുതൽ 2010 വരെയുള്ള കാലയളവിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് കാണാം. 2010 വരെയുള്ള ഘട്ടത്തിൽ എസ് ഡി & ആർ എഫ് നിരക്കുകളിൽ മാറ്റം വരുത്താത്തതുകൊണ്ട് അതിന്റെ സ്വാധീനം ഇല്ലാതെ നമുക്ക് വിശകലനം ചെയ്യാം. ന്യായവില ചട്ടങ്ങൾ നിലനിന്നിരുന്ന

***ന്യായവില ഏർപെടുത്തിയപ്പോഴുണ്ടായ ആദ്യ ഘട്ടത്തിലെ അനുഭവങ്ങൾ നിരാശാജനകമാണ്. ഫെയർ വില ( എഫ് വി ) പ്രവർത്തനക്ഷമായതും അല്ലാത്തതുമായ ഘട്ടങ്ങളിൽ ഇതിൽ പ്രകടമായ മാറ്റങ്ങൾ വന്നു. എഫ് വി നിലവിൽ വന്നപ്പോൾ വളർച്ചാ നിരക്ക് അത് ഇല്ലാത്ത ഘട്ടത്തേക്കാൾ കുറവയാണ് രേഖപ്പെടുത്തിയത് എന്ന് കാണാം. 2010 -11 നു ശേഷം, അതായത് എഫ് വി നടപ്പാക്കിയ ശേഷം വരുമാനത്തിലെ വളർച്ച നിരക്ക് പ്രകടമായി താഴുകയായിരുന്നു.***

ഘട്ടത്തിൽ വരുമാനം കുറവായിരുന്നു വെന്നും അതില്ലാത്ത ഘട്ടത്തിൽ വരുമാനം നല്ല തോതിൽ കൂടിയതായും കാണാൻ കഴിയും. ന്യായവിലയിൽ അടിക്കടി വരുത്തിയ മാറ്റങ്ങൾ ജനങ്ങൾ നേട്ടത്തിനായി ഉപയോഗിക്കുകയായിരുന്നുവെന്ന് വിലയിരുത്താൻ കഴിയും. ആധാരങ്ങൾ രെജിസ്റ്റർ ചെയ്യുന്നതിന് അനുകൂലമായ സാഹചര്യത്തിനായി അവർ കാത്തിരിക്കുന്നതായും കരുതാം. എന്നാൽ 2010 മുതൽക്ക് ന്യായവില ചട്ടങ്ങൾ കൂടുതൽ കർക്കശമാക്കുകയും തുടർന്നുള്ള പത്തുവർഷക്കാലയളവിൽ വരുമാനത്തിലെ കുറഞ്ഞ തോതിലുള്ള വളർച്ചയും പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. (പട്ടിക- 1, 2)

2010-11 മുതൽ 2020-21 വരെയുള്ള ഘട്ടത്തിൽ ന്യായവിലയിൽ സ്ഥിരത പുലർത്തിയിരിക്കുന്നത് കാണാം. ന്യായവില സമ്പ്രദായം തുടരുമെന്നും വിലയിൽ കാലാകാലം വർദ്ധനയുണ്ടാകുമെന്നുമുള്ള വ്യക്തമായ സന്ദേശം ഇവിടെ കാണാം. 2014-15 ൽ 50 ശതമാനം വർധന വരുത്തുകയും തുടർന്ന് 2018-19 മുതൽക്ക് വാർഷികാടിസ്ഥാനത്തിൽ 10 ശതമാനം വീതം വർധന വരുത്തുകയും ചെയ്തു (പട്ടിക- 3). സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിൽ തുടർച്ചയായി മാറ്റം വരുത്തിയിരുന്നു. 2013-14 ൽ ഇത് കുറയ്ക്കുകയും തുടർന്ന് 2016-17 ൽ

**Table 1**. Milestones in fixation

| Year | Event | Remarks |
|---|---|---|
| 1988 | Introduction of Section 28A and 45A of KS Act, 1959 relating to minimum value of land | Minimum value of land was fixed for the first time by the District Collectors |
| 1991 | Section 28A and 45A of KS Act, 1959 relating to minimum value of land were withdrawn | Withdrawn due to discrepancies in the minimum value fixed and reduction in number of documents presented for registration. |
| 1994 | Introduced Section 28A and 45A of KS Act, 1959 relating to fair value | New Section was introduced fixing criteria for determination of fair value of lands. |
| 2004 | Fixed the fair value in January 2004 and withdrew the same in February 2004 | The fair value was withdrawn on basis of complaints from public regarding the fixation of fair value. |
| 2006 | In Budget 2006 the fixation of fair value was introduced again | Land was assigned classification into 15 categories. |
| 2008 | The draft fair value was published in May 2008 | Seeking suggestions from the public |
| 2010 | Published the fair value in March 2010 | Implemented with effect from 1 April 2010 |

**Table 2.** Average annual percentage change in SD &RF receipts by periods when fair value rule existed

| Period | Fair value rule existed | Average annual percentage change |
|---|---|---|
| 1986-87 to 1988-89 | No | 27.7 |
| 1989-90 to 1990-91 | **Yes** | 13.2 |
| 1991-92 to 1994-95 | No | 24.8 |
| 1995-96 to2003-04 | **Yes** | 8.2 |
| 2004-05 to 2009-10 | No | 24.7 |
| 2010-11 to 2020-21RE | **Yes** | 5.3 |

**Table 3.** Change in fair value and stamp duty rate, 2010-11 to 2020-21

| Year | Fair Value | | SD | | |
|---|---|---|---|---|---|
| | % Change | Index | Panchayat | Municipality | Corporation |
| 2010-11 | 0 | 100 | 7 | 8 | 9 |
| 2011-12 | 0 | 100 | 7 | 8 | 9 |
| 2012-13 | 0 | 100 | 7 | 8 | 9 |
| 2013-14 | 0 | 100 | 5 | 6 | 7 |
| 2014-15 | 50 | 150 | 6 | 6 | 6 |
| 2015-16 | 0 | 150 | 6 | 6 | 6 |
| 2016-17 | 0 | 150 | 8 | 8 | 8 |
| 2017-18 | 0 | 150 | 8 | 8 | 8 |
| 2018-19 | 10 | 165 | 8 | 8 | 8 |
| 2019-20 | 10 | 181.5 | 8 | 8 | 8 |
| 2020-21(RE) | 10 | 200 | 8 | 8 | 8 |

ഇത് വീണ്ടും ഉയർത്തുകയും ചെയ്തു.

ന്യായവിലയിലെ വർധന വരുമാനത്തിലെ വളർച്ചതോതിന് മറ്റൊരു മാനം നൽകി. ഈ വളർച്ചയിൽ രണ്ടു ഭാഗങ്ങൾ ഉള്ളതായി വിലയിരുത്താം : അളവിന്റെ ഭാഗവും മൂല്യത്തിന്റെ ഭാഗവും. മൂന്നാം പട്ടികയിലെ ന്യായവില സൂചികയുടെ അടിസ്ഥാനത്തിൽ വരുമാനത്തിലെ വിലയുടെ പ്രഭാവം നമുക്ക് ഒഴിവാക്കാനാകും. റിപ്പോർട്ട് ചെയ്തിരിക്കുന്ന വരുമാനത്തിന്റെ സൂചികയിലെ മാറ്റവും കുറവായ ശ്രേണിയിലെ മാറ്റവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനത്തിലെ യഥാർത്ഥ വർധനയായി കണക്കാക്കാം. അതിൽ നിന്നും ഈ കാലയളവിൽ രേഖപ്പെടുത്തിയ വാർഷിക ശരാശരി ഇടിവ് 4.5 ശതമാന മാണെന്ന് കാണാം. എന്നാൽ ഇവിടെ ന്യായവിലയിൽ ഉണ്ടായ ശരാശരി വാർഷിക വളർച്ച 10 ശതമാനമാണ് (പട്ടിക- 3, കോളം- 3). എന്നാൽ ഇതുമൂലം എസ് ഡി & ആർ എഫിൽ ഉണ്ടായ വളർച്ച കേവലം 5 ശതമാനം മാത്രമാണ്. അതായത് അളവിൽ ഉണ്ടായ വർധന (വിലയുടെ പ്രഭാവം ഒഴിവാക്കുമ്പോൾ) അഞ്ചു ശതമാനത്തിൽ താഴെ മാത്രമാണ്. ഇത് ചെറിയതോതിൽ അത്ഭുതപ്പെടുത്തുന്ന ഒരു വസ്തുതയാണ്. കാരണം, ഇക്കാലയളവിൽ ജി എസ് ഡി പി വളർച്ച അത്ര മോശമല്ലാത്ത നിലയിലാണ്. വിദേശത്തു നിന്നുള്ള വരുമാനവും ഉയർന്ന തോതിലായിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഉയരുകയും ചെയ്തിരുന്നു. അതുകൊണ്ട് ഒരു ചോദ്യം ഇവിടെ പ്രസക്തമാവുകയാണ്, കേരളത്തിൽ നടപ്പാക്കിയ ന്യായവില സമ്പ്രദായം ഭൂമിയുടെ വിലവർധനയുടെ നേട്ടം കൊയ്യാൻ പര്യാപ്തമാണോ എന്നതാണ് നിർണ്ണായകമായ ആ ചോദ്യം.

**4. സി & എ ജി ആഡിറ്റിലെ കണ്ടെത്തൽ : 'അടിസ്ഥാനമില്ലാത്ത ഒരു രീതിയോ ? '**

2014 മെയ് മുതൽ സെപ്റ്റംബർ വരെയും 2009 ഏപ്രിൽ മുതൽ 2014 മാർച്ച് വരെയുമുള്ള ന്യായവില നിർണയത്തെ കുറിച്ചുള്ള സി ആൻഡ് എ ജി ആഡിറ്റ് നടത്തുകയുണ്ടായി. ഏഴു ജില്ലകൾ, ഏഴ് റവന്യു ഡിവിഷൻ ഓഫിസുകൾ, ഏഴ് താലൂക്കുകൾ, റവന്യു, ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ കീഴിൽ വരുന്ന 21 വില്ലേജ് ഓഫിസുകൾ എന്നിവ ഉൾപ്പെടുത്തിയുള്ള താരതമ്യേന വിപുലമായ സാമ്പിളാണ് ഇതിനായി എടുത്തത്. ഇതിൽ നിന്ന് ലഭ്യമായ വിവരങ്ങൾ രെജിസ്ട്രേഷൻ ഐ ജിയുടെ ഓഫിസിലും ആറ് സബ് രജിസ്ട്രാർ ഓഫിസുകളിലുമുള്ള രേഖകളുമായി ഒത്തുനോക്കുകയും ചെയ്തു. ന്യായവില നിർണ്ണയിച്ചതിന്റെ ഡേറ്റ ബേസിന്റെ സോഫ്റ്റ് കോപ്പിയും ഇതിനായി പരിശോധിക്കുകയുണ്ടായി. രജിസ്ട്രേഷന് വേണ്ടി രേഖകൾ നൽകുമ്പോൾ ഭൂമി വില കുറച്ച് കാണിക്കുന്നത് തടയുകയും അതുവഴി സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് ഒഴിവാക്കുകയും ചെയ്യുക എന്നതാണ് ന്യായവില നിർണയത്തിന്റെ പ്രധാന ലക്ഷ്യം. ഈ ന്യായവില നടപ്പ് മാർക്കറ്റ് വിലയുമായി ഏറെക്കുറെ ഒത്തുപോകുന്നത് മൂലം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ കഴിയുകയും ചെയ്യും.

ഇതിനായി കോർപറേഷൻ പ്രദേശത്തുള്ളത്, മുനിസിപ്പൽ പ്രദേശത്തുള്ളത്, പഞ്ചായത്ത് മേഖലയിലുള്ളത് എന്നിങ്ങനെ ഭൂമി തരം തിരിവ് നടത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 15 കാറ്റഗറികളിലായി ഭൂമിയെ വീണ്ടും തരംതിരിക്കുകയുണ്ടായി. 1) വാണിജ്യപരമായ മൂല്യമുള്ള ഭൂമി, 2) ദേശീയ പാത, പൊതുമരാമത്ത് റോഡുകൾ എന്നിവയോട് ചേർന്ന് കിടക്കുന്ന വാസയോഗ്യമായ ഭൂമി, 3) കോർപറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് റോഡുകൾ എന്നിവയോട് ചേർന്ന് കിടക്കുന്ന ഭൂമി, 4) സ്വകാര്യ റോഡുകളോട് ചേർന്ന് കിടക്കുന്ന താമസയോഗ്യമായ ഭൂമി, 5) റോഡ് സൗകര്യമില്ലാത്ത ഭൂമി, 6) റോഡിനോട് ചേർന്നുള്ള തോട്ടഭൂമി, 7) റോഡ് സൗകര്യമില്ലാത്ത ഇത്തരം ഭൂമി, 8) തീരമേഖല, 9) വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ,

***ന്യായവില നിശ്ചയിക്കുന്ന കാര്യത്തിൽ സമഗ്രമായ മാർഗ്ഗനിർദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും അഭാവം പ്രതിസന്ധി ഉളവാക്കിയിരുന്നു. പ്രത്യേകമായ മേൽനോട്ടമോ, പൊതുജന പങ്കാളിത്തമോ കൂടാതെ വില്ലേജ് ഓഫിസർമാരുടെ ഇംഗിതത്തിന് അനുസൃതമായ വിലനിർണ്ണയമാണ് സംഭവിച്ചത്. ഇത് നികുതി വരുമാനത്തിൽ കാര്യമായ കുറവുണ്ടാക്കി.***

10) പാറപ്രദേശം, 11) മാലിന്യ സംഭരണ കേന്ദ്രങ്ങൾ, ശ്മശാനം എന്നിവയോട് ചേർന്നുള്ള തരിശ് ഭൂമി, 12) തണ്ണീർത്തട ഭൂമി, 13) റോഡ് സൗകര്യമുള്ള മലയോരഭൂമി, 14) റോഡ് സൗകര്യമില്ലാത്ത മലയോര ഭൂമി, 15) സർക്കാർ വകഭൂമി എന്നിങ്ങനെയാണ് അത്. വില്ലേജ് ഓഫിസർ കൺവീനറായുള്ള വില്ലേജ് തല സമിതി ഇത്തരത്തിൽ വിലനിർണ്ണയം നടത്തുകയും അത് അന്തിമ അനുമതിക്കായി താലൂക്ക് തല സമിതിക്ക് സമർപ്പിക്കുകയുമാണ് ചെയ്തത്.

വിലനിർണ്ണയത്തിന്റെ ഒരു ഘട്ടത്തിലും അത് ശരിയാംവണ്ണം നിർവ്വഹിക്കുന്നത്തിനായി ഒരു തരത്തിലുള്ള മാർഗനിർദേശങ്ങളും നൽകിയിരുന്നില്ല എന്നതാണ് സി ആൻഡ് എ ജി ആഡിറ്റിങ്ങിൽ കണ്ടെത്തിയ ഒരു പ്രധാന വസ്തുത. വിപണി വിലയ്ക്ക് അനുസൃതമായി വില നിർണ്ണയം നടത്തുന്നതിനുള്ള വ്യക്തമായ നടപടികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ന്യായവില നിർണ്ണയം സാധ്യമായില്ലെന്ന നിരീക്ഷണവും റിപ്പോർട്ടിലുണ്ട് (ആഡിറ്റ് റിപ്പോർട്ട്- പേജ്-80). മിക്കയിടങ്ങളിലും ഇതിനായി വില്ലേജ്, താലൂക്ക്തല സമിതികൾ രൂപീകരിച്ചിരുന്നില്ലെന്നും അതുമൂലം പൊതുജനങ്ങൾക്ക് ഇക്കാര്യത്തിൽ കാര്യമായ പങ്കാളിത്തമുണ്ടായിട്ടില്ലെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

എല്ലാ സർവെ നമ്പറുകളിലും ന്യായവില നിർണ്ണയം നടന്നിട്ടില്ല. ഏഴ് ആർ ഡി ഒകളുടെ കീഴിൽ വരുന്ന ഏഴ് താലൂക്കുകളുടെ പരിശോധനയിൽ 89 വില്ലേജുകളിലെ 132991 സർവെ നമ്പറുകളിൽ ന്യായവില നിർണ്ണയം നടന്നിട്ടില്ലെന്ന് സി ആൻഡ് എ ജി റിപ്പോർട്ട് വ്യക്തമാക്കുന്നു. അതായത്, ന്യായവില സംബന്ധമായ ഡേറ്റ ബേസ് അപൂർണ്ണമാണ്. ഈ അപൂർണ്ണത ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്നു. ഈ ലേഖകന്റെ കൈവശമുള്ള ഭൂമിക്ക് 2020 ൽ പോലും ന്യായവില നിർണ്ണയിക്കപ്പെട്ടിട്ടില്ല. എസ് ആർ ഒയുടെ പക്കൽ നിന്ന് ഒരു സർട്ടിഫിക്കറ്റ് ലഭിക്കുക എന്നത് ഒരു ബാലികേറാ മലയായി അവശേഷിക്കുകയാണ്. ഇതിനായി വില്ലേജ് ഓഫിസ് മുതൽ എസ് ആർ ഒ ഓഫിസ് വരെ നിരവധി തവണ കയറിയിറങ്ങണം. മറ്റു ചില രീതികൾക്കും വഴങ്ങേണ്ട സാഹചര്യവുമുണ്ട്. അതുകൊണ്ട് എല്ലാവർക്കും അറിയുന്നതുപോലെ ന്യായ വില നിർണ്ണയത്തിലെ അപൂർണ്ണത ഒരുതരത്തിൽ ചിലർക്കെങ്കിലും പ്രയോജനമുള്ള കാര്യമായി മാറുകയാണ്.

ന്യായവില വല്ലാതെ താഴ്ത്തി നിശ്ചയിച്ചു എന്നതാണ് സി & എ ജി മൂന്നമത് ചൂണ്ടിക്കാണിക്കുന്ന അപാകത. ന്യായവിലയുടെ കരട് 2008 മെയ് അഞ്ചിന് പ്രസിദ്ധപ്പെടുത്തിയിരുന്നു. വിപണി വിലയുടെ 50 ശതമാനമെങ്കിലും ന്യായവിലയായി നിശ്ചയിക്കണമെന്ന് 2009 ജൂലൈയിൽ തീരുമാനിച്ചിരുന്നു. എന്നാൽ തൊട്ടു മുൻപ് ആധാരം നടത്തിയ വിലയേക്കാൾ ഏറെ താഴ്ന്ന വില ന്യായവിലയായി നിശ്ചയിച്ച നിരവധി സംഭവങ്ങൾ സി ആൻഡ് എ ജി ചൂണ്ടിക്കാട്ടുന്നുണ്ട്. നേരത്തെ രജിസ്റ്റർ ചെയ്ത ആധാരത്തിൽ കാണിച്ചിരുന്ന വിലയുടെ പകുതി വിലയാണ് പല കേസുകളിലും നിശ്ചയിച്ചിട്ടുള്ളത്. മുൻപ് രജിസ്ട്രേഷൻ നടത്തിയ വിലയുടെ 2.51 മുതൽ 47.84 ശതമാനം വരെയാണ്

***ന്യായവില നിർണ്ണയത്തിന് സ്വീകരിച്ച ഒരു മാർഗം ഭൂമിയുടെ വിപണി വില യായിരുന്നു. എന്നാൽ വിപണി വില ഭൂമിയുടെ ഉപയോഗക്ഷമതയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയുടെ ഭൗതികവും സാമ്പത്തികവുമായ അവസ്ഥ ലാൻഡ് അപ്രൈസൽ മാപ്പ് തയാറാക്കുന്നതിന് അനിവാര്യമാണ്. ഇതിനായി ലോകവ്യാപകമായി നിരവധി മോഡലുകളുണ്ട്. ഇക്കാര്യത്തിൽ കേരളം ആധുനികമായ സമീപനം സ്വീകരിക്കണം. ഇത് വരുമാന വർധനക്ക് സഹായകമാണ്.***

ന്യായവിലയായി കാണിച്ചിരിക്കുന്നതെന്ന് ആഡിറ്റിൽ നിന്ന് വ്യക്തമാണ്. (പി പി 84–5). ഇത്തരത്തിൽ ഒരു സമ്പ്രദായം കൊണ്ട് വന്നത് തന്നെ ഭൂമി വില കുറച്ചു കാണിക്കുന്നതിന് തടയിടുന്നതിന് വേണ്ടിയാണ്. എന്നാൽ ഇത്തരത്തിൽ നിർണ്ണയിക്കപ്പെടുന്ന ന്യായവില, നേരത്തെ രെജിസ്റ്റർ ചെയ്ത വിലയുടെ മൂന്ന് മുതൽ 48 ശതമാനം വരെ കുറവെണ്ണെന്ന് വരുമ്പോൾ ഇതിന്റെ ഫല പ്രാപ്തിയെക്കുറിച്ച് ഊഹിക്കാവുന്നതേയുള്ളു.

ചുരുക്കത്തിൽ ന്യായവില സമ്പ്രദായത്തിന്റെ ഡിസൈനിൽ തന്നെ അപാകതകൾ വ്യക്തമാണ്. സമഗ്രമായ മാർഗനിർദേശങ്ങളുടെ അഭാവമാണ് ഇതിന്റെ ഏറ്റവും വലിയ പോരായ്മ. ന്യായവില നിർണ്ണയിക്കുന്നതിനുള്ള നടപടികളിലും അപാകതകൾ പ്രകടമാണ്. പൊതുജനപങ്കാളിത്തമോ, ഉയർന്ന തലത്തിലുള്ള പരിശോധനയോ ഇല്ലാതെ വില്ലേജ് ഓഫിസർമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതമായി മാത്രമായി ഇവിടെ കാര്യങ്ങൾ. അതുകൊണ്ട് ന്യായവില നേരത്തെ രെജിസ്റ്റർ ചെയ്ത വിലയേക്കാൾ ഏറെ താഴെയായി. പുതിയ സമ്പ്രദായം ലക്ഷ്യപ്രാപ്തിക്ക് ഉതകുന്നതായി മാറിയില്ല എന്ന് ചുരുക്കം.

### 5. ഭൂമിവില നിർണ്ണയത്തിൽ റിമോട്ട് സെൻസിംഗ്, ജി ഐ എസ് എന്നിവയുടെ ഉപയോഗം

ഒരു സ്ഥലത്തിന്റെ വിപണി വില എന്നതിനെ വാങ്ങുന്ന ആളും വിൽക്കുന്ന ആളും പൂർണ്ണമായ അറിവോടെ സമ്മതിക്കുന്ന വില എന്ന് വിവക്ഷിക്കാം. ഇത് വാങ്ങുന്നയാളും വിൽക്കുന്ന വ്യക്തിയും മാത്രം അറിയുന്ന ഒരു കാര്യമാണ്. വില്പന നടത്തുന്നതിനായി രെജിസ്ട്രേഷൻ സമയത്ത് നൽകുന്ന രേഖകളിൽ ഈ വില രേഖപ്പെടുത്തണമെന്നില്ല. ഇപ്രകാരം രേഖകളിൽ കുറഞ്ഞ വില കാണിക്കുമ്പോൾ സർക്കാരിന് ഭീമമായ നഷ്ടം സംഭവിക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും എസ് ഡി ആൻഡ് ആർ എഫ് വഴിയുള്ള വരുമാനം ഉയർത്തുന്നതിനും വേണ്ടിയാണ് ന്യായവില സമ്പ്രദായം നിലവിൽ വന്നത്.

ഇപ്രകാരം ന്യായവില നിർണ്ണയിക്കുന്നതിന്റെ ലക്ഷ്യം വിപണി വിലയ്ക്ക് ഏറെക്കുറെ ഒപ്പമെത്തുന്നതിന് വേണ്ടിയാണ്. ഇതിൽ മാർക്കറ്റ് വില നിർണ്ണയിക്കുന്ന ഘടകങ്ങൾ ഏറെ പ്രാധാന്യമുള്ളതാണ്. ഒരു ഭൂമിയുടെ ഉപയോഗ സാധ്യതകൾക്കനുസരിച്ചാണ് അതിന്റെ മൂല്യം നിർണ്ണയിക്കപ്പെടുന്നത്. കൃഷി, വിനോദസഞ്ചാരം, ഗ്രാമീണ മേഖലയിലെ വാസയോഗ്യത, നഗര പ്രദേശങ്ങളിലെ വാസയോഗ്യത, വാണിജ്യ സാധ്യത തുടങ്ങിയ നിരവധി ഘടകങ്ങൾ ഇതിനാസ്പദമായി ഉണ്ട്. പട്ടിക നാലിൽ നിന്ന് ഇത് വ്യക്തമായി മനസിലാക്കാം. (പട്ടിക– 4)

ഒരു സ്ഥലത്തിന്റെ മൂല്യം നിർണയിക്കുന്നതിൽ ഭൗതികവും സാമ്പത്തികവുമായ നിരവധി ഘടകങ്ങൾ ഉണ്ട്. ഭൂമി വില നിർണ്ണയത്തിൽ ഇക്കാര്യങ്ങൾ വളരെ സൂക്ഷ്മമായി പരിഗണിക്കേണ്ടതുണ്ട്. മേൽപ്രസ്താവിച്ച ചില ഘടകങ്ങൾ പരമ്പരാഗതമായി സ്ഥലത്തിന് ലഭ്യമായിരി

ക്കുന്നതാണെന്ന് കാണാം. മറ്റു ചിലതാകട്ടെ, ഇതിനു പുറമെ വരുന്ന പാരിസ്ഥിതിക ഘടകങ്ങളാണ്. നിഷ്പക്ഷമായ രീതിയിൽ ഈ ഘടകങ്ങൾ നമുക്ക് നിർണ്ണയിക്കാൻ കഴിയും. എന്നാൽ ഇവിടെയും ചില പക്ഷ പാതിത്വങ്ങൾ കടന്നു വരുന്നതിനുള്ള സാധ്യതകൾ തള്ളിക്കളയാനാകില്ല. ഇത് മൂല്യനിർണയത്തിൽ പരിഗണിക്കാൻ പ്രയാസമേറിയ കാര്യങ്ങളാണ്. വില നിർണ്ണയത്തിൽ ഭൂമി നിലനിൽക്കുന്ന പ്രദേശം സവിശേഷ പ്രാധാന്യമർഹിക്കുന്നു. ഒരു ഭൂമിയുടെ കൃത്യമായ വില നിശ്ചയിക്കുന്നതിൽ പലപ്പോഴും പ്രായോഗിക പരിമിതികളുണ്ട്. എന്നാൽ ഭൂമിയുടെ വിലനിർണ്ണയം അസാധ്യമായ ഒരു കാര്യമല്ല (ബാലാജി ലക്ഷ്മണറാവു- 2021). ഇതിനെ പ്രാദേശികവും ഗുണപരവുമായ കാര്യങ്ങൾ എന്ന് നമുക്ക് വിവക്ഷിക്കാം. വരുമാന വളർച്ച, പണത്തിന്റെ ഒഴുക്ക്, പലിശ നിരക്ക്, വിദേശത്തു നിന്നുള്ള പണത്തിന്റെ വരവ് തുടങ്ങിയ സ്ഥൂല സാമ്പത്തിക ഘടകങ്ങളും ഇതിനെ സ്വാധീനിക്കുന്നതാണ്. ജി ഡി പിയിലെ വളർച്ചയും വീടുകളുടെ വിലയും തമ്മിൽ ശക്തമായ ബന്ധമുള്ളത് പല രാജ്യങ്ങളിലും കാണാവുന്നതാണ്. ഇത് അടിസ്ഥാന വിലകളിലും അതാത് സമയത്ത് നിലനിൽക്കുന്ന മാർക്കറ്റ് വിലയിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് സഹായകമായ സൂചകങ്ങളാണ്.

ഇത്തരം ഘടകങ്ങൾ ഭൂമി വിലയെ അടിസ്ഥാനമാക്കി ഒരു മാപ്പ് സൃഷ്ടിക്കുന്നതിന് പ്രയോജനപ്രദമാണ്. വെക്ടർ അടിസ്ഥാനമാക്കിയുള്ള ഒരു ഭൂവിസ്തൃതി മാപ്പ് ഇതിൽ ഉപയോഗിക്കുന്നത് റിയൽ എസ്റ്റേറ്റ് മൂല്യം നിർണ്ണയിക്കാൻ സഹായകരമാണ്. സ്ഥലസംബന്ധമായ വ്യത്യസ്തതകളുടെ കാര്യത്തിലും കാലത്തിന്റെ ഘടകത്തിലും ജി ഐ എസ് ഒരു നിർണ്ണായക റോൾ വഹിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഭൂവില നിർണയത്തിന് ലോകമെമ്പാടും നിരവധി മോഡലുകൾ നിലനിൽക്കുന്നുണ്ട്. ഇത്തരം മോഡൽ സൃഷ്ടിക്കുന്നതിന് ഡേറ്റ ശേഖരം ഉണ്ടാക്കുക ചെലവേറിയ ഒരു പ്രക്രിയയാണ്. എന്നാൽ ഇത്തരത്തിൽ ഒന്ന് വികസിപ്പിക്കുന്നത് വരുമാന വർധനക്ക് സഹായകമാണ് എന്നതിനാൽ ഇതിനായി പണം മുടക്കുന്നതിനെ സാധൂകരിക്കാനാകും.

**Table 4.** Factors influencing land value

| Land Use | Factors Determining Value |
|---|---|
| Agriculture | Adjacent vegetation, historic condition, hydrology, land use, soil, and vegetation coverInfrastructure, land form, land texture, land use map, road network, and soil |
| Aquaculture | Elevation, landforms, major roads, soil type, urban areas, and vegetation cover |
| Urban Residential | Environment, hospital network, road network, school network, sewer network, and slope |
| Rural Residential | Environment, land carrying capacity, land use type, landform, and Soil |
| Urban Commercial | Road network, transportation systems, sewer network, and slope, Office complexes, population density |

**6. രത്നചുരുക്കവും ശുപാർശകളും**

കേരളത്തിൽ ന്യായവില നിർണ്ണയ രീതിയിൽ നിരവധി ദൗർബല്യങ്ങൾ പ്രകടമാണ്. ശാസ്ത്രീയമായ അടിത്തറ ഇല്ലാത്തതും വില നിർണയത്തിന് സമഗ്രമായ മാർഗ്ഗ നിർദേശങ്ങളില്ലത്തതുമാണ് ഇതിൽ ഏറ്റവും മുഖ്യമായവ. വില്ലേജ് ഓഫിസുകൾ കേന്ദ്രീകരിച്ച് നടന്ന ഇത് സംബന്ധിച്ച പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും ഉദ്യോഗസ്ഥ തലത്തിലുള്ള മേൽനോട്ടവും വളരെ പരിമിതമായിരുന്നു. ന്യായവില, രെജിസ്ട്രേഷൻ നടത്തിയ വിലയിലും താഴെയാകാൻ ഇത് ഇടയാക്കി. ഈ വിലയാകട്ടെ വിപണി വിലയിലും ഏറെ കുറവുമായി.

മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി ഇപ്പോൾ ഭൂമി വില നിർണയത്തിന് ആധുനിക സങ്കേതങ്ങൾ ലഭ്യമാണ്. പ്രയോഗിച്ച് വിജയിച്ച നിരവധി മാതൃകകൾ ലോകമെമ്പാടും ലഭ്യമാണ്. ഇത്തരത്തിലുള്ള ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുകയാണ് സംസ്ഥാനം ചെയ്യേണ്ടത്. ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം, ഉപഗ്രഹ ചിത്രീകരണം അടക്കമുള്ള സാങ്കേതിക മാർഗ്ഗങ്ങൾ ഇതിനായി അവലംബിക്കണം. അതു വഴിയായി എസ് ഡി & ആർ എഫിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാനും അതിനെ വീണ്ടും ഒരു മുഖ്യവരുമാന സ്രോതസായി മാറ്റുവാനും കഴിയും.

■

(ഗിഫ്റ്റിലെ മുൻ ഡയറക്ടറാണ് ലേഖകൻ)

References:

Balaji Lakshmana Rao, Muthukannan Muthiah, Naveen Raj Thangasamy, Prabakaran Kulandaisamy. *Advent Geospatial Technologies In Land Evaluation: A Critical Review International Journal of Engineering Trends and Technology* Volume 69 Issue 8, 190-205, August, 2021

ISSN: 2231- 5381 /doi:10.14445/22315381/IJETT-V69I8P224

C&AG, *Report of the C&AG of India on Revenue Sector for the year ended March 2014*, Govt of Kerala Report No. 8 of the year 2014.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 8&9 ആഗസ്റ്റ്-സെപ്റ്റംബർ 2021



# ജി എസ് ടി വരുമാനത്തിലെ തിരിച്ചുവരവ് : പ്രശ്നങ്ങളും സാധ്യതകളും

സന്തോഷ്കുമാർ ഡാഷ്

## 1. ആമുഖം

ഉത്പന്ന, സേവന നികുതിയിൽ നിന്നുള്ള വരുമാനമാണ് സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനത്തിന്റെ മൂന്നിലൊന്ന്. അതുകൊണ്ട് ഇക്കാര്യത്തിൽ ഉണ്ടാകുന്ന തിരിച്ചുവരവ് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയുടെ പുരോഗതിയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ഒരു ഉപഭോതൃ നികുതി എന്ന നിലയിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക വ്യവസ്ഥയുടെ പ്രകടനത്തിന്റെ കാര്യത്തിലെ മുഖ്യ സൂചകം കൂടിയാണ് ഇത്. അതുകൊണ്ട് ജി എസ് ടി വരുമാനത്തിൽ ഉണ്ടാകുന്ന തിരിച്ചുവരവ് ഒരു തരത്തിൽ സംസ്ഥാനങ്ങളുടെ ആഭ്യന്തര ഉല്പാദനത്തിന്റെ തിരിച്ചു വരവ് കൂടിയാണ്.

കോവിഡ് മഹാമാരി ആഞ്ഞടിക്കുകയും അതിനെ തുടർന്ന് 2020 മാർച്ച് അവസാന വാരം മുതൽ ദീർഘകാലത്തേക്ക് സമ്പദ് വ്യവസ്ഥ അടഞ്ഞു കിടന്നതും സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തെ അതീവ ഗുരുതരമായി ബാധിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ സാമ്പത്തിക പ്രവർത്തനങ്ങൾ ഏറെക്കുറെ മന്ദീഭവിച്ച സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ വരുമാനം നിലച്ച മട്ടിലായി എന്ന് പറയാം. ഭാഗ്യവശാൽ, നടപ്പ് സാമ്പത്തിക വർഷത്തിലെ (2021-22) ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനം എപ്രകാരമാണ് ഉയർന്നിട്ടുള്ളത്? 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ നഷ്ടമായ വരുമാനം തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഭാവിയിൽ ജി എസ് ടി വരുമാനത്തിലെ സ്ഥിതി എന്തായിരിക്കും ? ജി എസ് ടി നഷ്ടപരിഹാരകാര്യത്തിൽ ഇത് ചെലുത്തുന്ന സ്വാധീനം എന്താണ്? ഇത്തരത്തിലുള്ള ഏതാനും വിഷയങ്ങളാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

## 2. ജി എസ് ടി വരുമാനത്തിലെ പ്രവണത

ജി എസ് ടി വെബ്സൈറ്റിലെ വിവരങ്ങളാണ് ഈ ലേഖനത്തിലെ വിശകലനത്തിനായി എടുത്തിരിക്കുന്നത്. സംസ്ഥാന ജി എസ് ടി (എസ് ജി എസ് ടി), ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് നികുതി (ഐ ജി എസ് ടി) യിൽ നിന്നുള്ള സംസ്ഥാനങ്ങളുടെവിഹിതം എന്നിവ ചേർന്നതാണ് സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനം. ധനകാര്യ കമ്മീഷന്റെ നിർദേശം അനുസരിച്ചുള്ള ജി എസ് ടി വരുമാന വിഹിതം സംസ്ഥാനങ്ങളുടെ വരുമാനം എന്ന നിലയിൽ ഇവിടെ കണക്കിലെടുത്തിട്ടില്ല. 18 സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനം സംബന്ധിച്ച വിവരങ്ങളാണ് പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (പട്ടിക - 1)

**Table 1.** First quarter (Q1) GST revenue and its growth – Various years

| | GST (Rs Crore) | | | | | Growth rate (%) | | |
|---|---|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| **State** | 2018-19 | 2019-20 | 2020-21 | 2021-22 | Diff* | 2019-20 | 2020-21 | 2021-22 |
| Andhra Pradesh | 4401 | 5094 | 2496 | 5023 | -72 | 15.8 | -51.0 | 101.2 |
| Bihar | 3061 | 3914 | 2022 | 4038 | 124 | 27.9 | -48.4 | 99.7 |
| Chhattisgarh | 1607 | 1868 | 1261 | 1727 | -141 | 16.2 | -32.5 | 37.0 |
| Goa | 514 | 562 | 274 | 541 | -21 | 9.4 | -51.2 | 97.0 |
| Gujarat | 8027 | 8433 | 4440 | 9791 | 1358 | 5.0 | -47.4 | 120.5 |
| Haryana | 4204 | 4033 | 2528 | 5301 | 1268 | -4.1 | -37.3 | 109.7 |
| Jharkhand | 1637 | 1998 | 1036 | 1973 | -25 | 22.0 | -48.1 | 90.4 |
| Karnataka | 9019 | 9943 | 6045 | 10452 | 509 | 10.2 | -39.2 | 72.9 |
| Kerala | 4513 | 5013 | 2160 | 4450 | -563 | 11.1 | -56.9 | 106.0 |
| Madhya Pradesh | 3969 | 4709 | 2225 | 4464 | -245 | 18.7 | -52.8 | 100.7 |
| Maharashtra | 19015 | 19417 | 10732 | 20481 | 1064 | 2.1 | -44.7 | 90.8 |
| Odisha | 2555 | 3192 | 2171 | 3754 | 562 | 25.0 | -32.0 | 73.0 |
| Punjab | 2707 | 3036 | 1540 | 3442 | 406 | 12.2 | -49.3 | 123.5 |
| Rajasthan | 4753 | 5350 | 2669 | 5426 | 76 | 12.6 | -50.1 | 103.3 |
| Tamil Nadu | 8894 | 9852 | 5025 | 10086 | 234 | 10.8 | -49.0 | 100.7 |
| Telangana | 5056 | 5582 | 3003 | 6133 | 551 | 10.4 | -46.2 | 104.2 |
| Uttar Pradesh | 10391 | 11953 | 5625 | 11813 | -140 | 15.0 | -52.9 | 110.0 |
| West Bengal | 5925 | 6465 | 3162 | 6999 | 534 | 9.1 | -51.1 | 121.4 |
| **Average** | | | | | | 12.7 | -46.7 | 97.9 |

*Source*: Computed using data from GST Portal
*Note:* * Diff = GST in 2021-21Q1 – GST in 2019-20Q1

പട്ടികയിലെ ഒന്ന് മുതൽ നാല് വരെയുള്ള കോളങ്ങളിൽ 2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ ആദ്യപാദത്തിലെ ജി എസ് ടി വരുമാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒറ്റ നോട്ടത്തിൽ തന്നെ (കോളം-3) 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ജി എസ് ടി വരുമാനം ഏതാണ്ട് പകുതിയോളം കുറഞ്ഞതായി കാണാൻ കഴിയും. കേരളം, ഉത്തർപ്രദേശ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുടെ കാര്യത്തിലാണ് ഗുരുതരമായ ഇടിവ് സംഭവിച്ചിട്ടുള്ളത്. കേരളത്തിന് 2020 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ ഉണ്ടായ 5013 കോടി രൂപയുടെ വരുമാനം 2021 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 2160 കോടി രൂപയായി താഴ്ന്നു, 57 ശതമാനം ഇടിവ്.

കൊറോണ വൈറസിന്റെ വ്യാപനത്തിൽ പടിപടിയായി ഉണ്ടായ കുറവ്, വാക്സിൻ വിതരണം ശക്തമായത്, സാമ്പത്തിക മേഖലകൾ ഘട്ടം ഘട്ടമായി തുറന്നത് അടക്കമുള്ള ഘടകങ്ങൾ സാമ്പത്തിക രംഗത്തെ ഒരു പരിധിവരെ പഴയ ട്രാക്കിലേക്ക് തിരിച്ചെത്തിച്ചുവെന്ന് പറയാം. ഇത് 2022 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലെ ജി എസ് ടി വരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് 2019-20 സാമ്പത്തിക വർഷത്തെ സ്ഥിതിയിലേക്ക് തിരിച്ചെത്തിയെന്ന് ഒന്നാം പട്ടികയിലെ നാലാം കോളം വ്യക്തമാക്കുന്നുണ്ട്. ചില സംസ്ഥാനങ്ങളുടെ

***2021-22 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ജി എസ് ടി വരുമാനത്തിൽ ഉയർന്ന വളർച്ച രേഖപ്പെടുത്തുകയുണ്ടായി. ബേസ് എഫക്റ്റ്, നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ, ഉയർന്ന വളർച്ച നിരക്ക് എന്നിവയാണ് ഇതിന് കാരണമായത്.***

കേസിൽ ഇത് കൂടുതലായിട്ടുണ്ട് എന്നും കാണാം. എന്നാൽ മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് 2019-20 സാമ്പത്തിക വർഷത്തെ ആദ്യപാദത്തേക്കാൾ കുറവാണെന്ന് വ്യക്തമാകുന്നു. 2022 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ജി എസ് ടി വരുമാനം തിരിച്ചു വരുന്നതായി ഇതിൽ നിന്ന് അനുമാനിക്കാം. എന്നാൽ ഇത് കാര്യങ്ങളുടെ പകുതി ഭാഗം മാത്രമാണ്. കാരണം, കേവലം സംഖ്യകൾ കൊണ്ട് മാത്രം യഥാർത്ഥ ചിത്രം ലഭ്യമാകണമെന്നില്ല.

വളർച്ചാ നിരക്കാണ് ജി എസ് ടി വരുമാനത്തിലെ വർധനയുടെ കാര്യത്തിലെ ഒരു പ്രധാന സൂചകം. 2021-22 സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ ഉണ്ടായ ജി എസ് ടി വരുമാന വളർച്ചയും 2020-21 സാമ്പത്തിക വർഷത്തെ ഇതേ കാലയളവിലെ വളർച്ചയും തമ്മിലുള്ള താരതമ്യം സംസ്ഥാനങ്ങൾക്ക് എത്ര വേഗത്തിൽ ഇക്കാര്യത്തിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞുവെന്നതിന്റെ ഏകദേശ ചിത്രം നൽകുന്നു. പട്ടിക ഒന്നിലെ 6-8 കോളങ്ങൾ ഇത് വ്യക്തമാക്കി തരുന്നുണ്ട്. ആറാം കോളത്തിലെ തുക, 2019-20 ലെ ഒന്നാം പാദത്തിലെയും 2018-19 ലെ ഇതേ കാലയളവിലെയും വളർച്ച വ്യക്തമാക്കുന്നുണ്ട്. സമ്പൂർണ്ണ ലോക്ക് ഡൗൺ സാമ്പത്തിക മേഖലയെ തളർത്തിയെങ്കിലും 2019-20 സാമ്പത്തിക വർഷം ഏറെക്കുറെ ഒരു സാധാരണ വർഷം എന്ന രീതിയിൽ തന്നെയാണ് കടന്നു പോയത്. ഈ സാമ്പത്തിക വർഷത്തിലെ ആദ്യത്തെ മൂന്ന് മാസത്തിൽ സംസ്ഥാനങ്ങൾ രേഖപ്പെടുത്തിയ ശരാശരി വളർച്ച 12.7 ശതമാനമാണ്. അതായത് ജി എസ് ടി വരുമാനം ഇക്കാലയളവിൽ തൊട്ടു തലേ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 12.7 ശതമാനം വളർച്ച കൈവരിച്ചുവെന്ന് അനുമാനിക്കാൻ കഴിയും. ഇത് ഒരു മെച്ചപ്പെട്ട വളർച്ചയാണെന്ന് തോന്നുമെങ്കിലും സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നല്കാൻ കണക്കാക്കുന്ന 14 ശതമാനത്തിലും താഴെയാണ് എന്നതാണ് കാതലായ പ്രശ്നം.

കോവിഡ് സംസ്ഥാനങ്ങളുടെ സാമ്പത്തിക നില പരുങ്ങലിലാക്കിയപ്പോൾ ജി എസ് ടി വഴിയുള്ള വരുമാനം കുത്തനെ ഇടിഞ്ഞു. ഏഴാം കോളം ഇത് വ്യക്തമാക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിലെ ആദ്യ പാദത്തിലെ വളർച്ച ഒന്നാമത്തെ രേഖാചിത്രം വ്യക്തമാക്കുന്നുണ്ട്. ഇതിലെ ഓറഞ്ച് നിറത്തിലെ ബാർ വരുമാനത്തിലെ ഇടിവിന്റെ രൂക്ഷത ചൂണ്ടിക്കാട്ടുന്നു. ശരാശരി 47 ശതമാനമാണ് ഇത്. മറ്റു വിധത്തിൽ പറഞ്ഞാൽ ജി എസ് ടി വരുമാനം 2020-21 ലെ ഒന്നാം പാദത്തിൽ 2021-22 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 47 ശതമാനം കണ്ട് കുറഞ്ഞരിക്കുന്നു എന്നർത്ഥം. റവന്യൂ വരുമാനം കുത്തനെ താഴ്ന്നപ്പോൾ സംസ്ഥാനങ്ങൾ കേന്ദ്രത്തിൽ നിന്നും കൂടുതൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടതാണ് ഇതിന്റെ പ്രധാന പ്രത്യാഘാതം. (രേഖാചിത്രം - 1)

നടപ്പ് സാമ്പത്തിക വർഷത്തെ ഏപ്രിൽ-ജൂൺ കാലയളവിൽ സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിൽ ഗണ്യമായ വളർച്ച ഉണ്ടായിട്ടുണ്ട്. ശരാശരി നോക്കിയാൽ മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 98 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി കാണാം. ഗുജറാത്ത്, പശ്ചിമ




*Source*: Author's own compilation

ബംഗാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ 110 ശതമാനത്തിന് മുകളിൽ ഏറ്റവും മികച്ച വളർച്ച കൈവരിച്ചു. 75 ശതമാനത്തിൽ താഴെ നേട്ടം കൈവരിച്ച സംസ്ഥാനങ്ങൾ ഛത്തീസ്ഗഡ്, കർണ്ണാടക, ഒഡിഷ എന്നിവയാണ്. 2020 -21 സാമ്പത്തിക വർഷത്തെ ആദ്യപാദത്തിൽ 56.9 ശതമാനം റവന്യു വരുമാനം കുറഞ്ഞ കേരളമാകട്ടെ 106 ശതമാനം വളർച്ച നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ കൈവരിച്ചു. എന്നിരുന്നാലും 2020-21 ലെ ആദ്യപാദത്തിൽ കേരളത്തിന്റെ ജി എസ് ടി വരുമാനം 2019-20 ലെ ഇതേ കാലയളവിലെ തോതിലേക്ക് ഉയർന്നിട്ടില്ല എന്നത് വ്യക്തമാണ്. (കോളം നാലും രണ്ടുമായി താരതമ്യം ചെയ്യുക).

എന്നാൽ ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ ഒരു തിരിച്ചു വരവ് നടത്തി എന്ന തരത്തിലുള്ള ഒരു വിലയിരുത്തലിലേക്ക് സ്വാഭാവികമായി എത്തിച്ചേരാൻ ഇത് ഇട നൽകുന്നുണ്ട്. ഇത് പക്ഷെ തെറ്റിദ്ധാരണാ ജനകമായ ഒരു വിലയിരുത്തലാണ്. കാരണം, ഈ വളർച്ച നിരക്കിനെ യഥാർത്ഥത്തിലുള്ള ഒരു തിരിച്ചുവരവിന്റെ ഒരു പ്രതിഫലനമായി കാണാൻ കഴിയില്ല. 2021-22 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിലെ ഈ നേട്ടം പ്രധാനമായും ബേസ് ഇഫക്റ്റ് കൊണ്ടു ണ്ടായതാണ്.

സംസ്ഥാനങ്ങൾ പ്രകടമാക്കിയ ഇത്തരത്തിലുള്ള ഒരു വളർച്ചയുടെ പിന്നിൽ യഥാർത്ഥത്തിൽ എന്താണ് ? തീർച്ചയായും ബേസ് ഇഫക്റ്റിന് അതിന്റേതായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൃത്രിമ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിയന്ത്രണം, ഏറ്റവും പുതിയ ഐ ടി സാങ്കേതിക വിദ്യയുടെ പ്രയോഗം, മറ്റു വകുപ്പുക

***ചില സംസ്ഥാനങ്ങൾക്ക് 2019-20 ലെ ആദ്യ പാദവുമായി താരതമ്യം ചെയ്യുമ്പോൾ 2020-21 ലെ ആദ്യ പാദത്തിൽ നഷ്ടമായ വരുമാനം തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടില്ല.***

***2021-22 ലെ ആദ്യ പാദത്തിൽ കേരളത്തിന്റെ ജി എസ് ടി വരുമാനത്തിൽ 106 ശതമാനം വളർച്ച രേഖപ്പെടുത്തി. എന്നാൽ 2019-20 ലെ ആദ്യ പാദത്തിലെ വരുമാനവുമായി തട്ടിച്ച് നോക്കുമ്പോൾ 563 കോടി രൂപയുടെ കുറവ് ഇപ്പോഴുമുണ്ട്.***

ളിൽനിന്ന് വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിനായുള്ള വിവരശേഖരണം, ജി എസ് ടി ഒഴിവാക്കൽ പ്രവണത തടയൽ, സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യം കുറച്ചുകാണിക്കുന്നതിനുള്ള പ്രവണത തടയൽ, ദേശവ്യാപകമായി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ തുടങ്ങിയ നിരവധി കാര്യങ്ങൾ ഇതിന് കാരണമായിട്ടുണ്ട്.[1]

ഇത്തരത്തിലുള്ള ഒരു വളർച്ചക്കിടയിലും ചില സംസ്ഥാനങ്ങളെങ്കിലും ഒരു സാധാരണ വർഷം എന്ന് വിവക്ഷിക്കാവുന്ന 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തേക്കാൾ മോശം പ്രകടനമാണ് കാഴ്ച വച്ചത് എന്ന് കാണാൻ കഴിയും. പട്ടിക ഒന്നിലെ അഞ്ചാം കോളം ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. 2018-19 ലെ ആദ്യ പാദത്തെ അപേക്ഷിച്ച് 2021-22 ലെ ആദ്യ പാദത്തിൽ സംസ്ഥാനങ്ങൾ എത്രകണ്ട് മുന്നിലാണ് അല്ലെങ്കിൽ പിന്നിലാണ് എന്ന സൂചന ഇത് നൽകുന്നു. ഏഴു സംസ്ഥാനങ്ങൾ പിന്നോക്കം പോയപ്പോൾ 11 സംസ്ഥാനങ്ങൾക്ക് ഏറെ മുന്നോട്ട് പോകാൻ സാധിച്ചിട്ടുണ്ട്. പിന്നോട്ട് പോയ സംസ്ഥാനങ്ങളിൽ കേരളത്തിന് മാത്രമാണ് 563 കോടി രൂപയുടെ വരുമാന നഷ്ടം സംഭവിച്ചത്. 500 കോടിക്ക് മുകളിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞ സംസ്ഥാനങ്ങൾ ഗുജറാത്ത്, മഹാരാഷ്ട്ര, ഹരിയാന, ഒഡിഷ, തെലുങ്കാന, വെസ്റ്റ് ബംഗാൾ, കർണ്ണാടക, പഞ്ചാബ് എന്നിവയാണ്.

98 ശതമാനം ശരാശരി വളർച്ച എന്നത് പർവ്വതീകരിച്ച കണക്കായിരിക്കാം. എന്നാൽ ശക്തമായ ഒരു തിരിച്ചുവരവിന്റെ സൂചന നൽകുന്ന ഒരു കണക്കാണ് ഇത്. കൂടുതൽ രൂക്ഷമായി തന്നെ രാജ്യത്തെ ബാധിച്ച കോവിഡിന്റെ രണ്ടാം വരവിലാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. അതായത് കോവിഡ് രണ്ടാം തരംഗം സമ്പദ്ഘടനയെ പൂർണ്ണമായും തകർത്തുവെന്ന് വിലയിരുത്താൻ കഴിയില്ല, പ്രത്യുത ഒരു മെല്ലെപോക്കിലേക്ക് എത്തിച്ചുവെന്നതാണ് യാഥാർഥ്യം. 2021 മെയ് മാസത്തിൽ ഏപ്രിലിനെ അപേക്ഷിച്ച് റവന്യു വരുമാനത്തിൽ 50 ശതമാനം ഇടിവുണ്ടായെങ്കിലും ജൂണിൽ മിക്ക സംസ്ഥാനങ്ങളുടെ കാര്യത്തിലും ഒരു തിരിച്ചു വരവ് പ്രകടമായിരുന്നു. അതുകൊണ്ടാണ് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യപാദത്തിലെ പ്രകടനം ഒരു ചെറിയ നേട്ടമല്ല എന്ന് വിലയിരുത്തേണ്ടി വരുന്നത്.

ഒട്ടുമിക്ക സംസ്ഥാനങ്ങളുടെ കാര്യത്തിലും ജി എസ് ടി വരുമാനത്തിൽ ഇപ്പോൾ ഒരു തിരിച്ചുവരവ് പ്രകടമായെങ്കിലും കഴിഞ്ഞ ഒരു വർഷക്കാലത്തെ നെഗറ്റീവ് വളർച്ച നഷ്ടപരിഹാര വിഷയത്തിൽ ചില്ലറ പ്രതിസന്ധിയല്ല സൃഷ്ടിക്കുക. 2017 ലെ ജി എസ് ടി നിയമം അനുസരിച്ച് ഇത് നടപ്പാക്കിയ തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക്, അതായത് 2017 ജൂലൈ മുതൽ 2022 ജൂലൈ വരെ, സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. കോവിഡ് മഹാമാരിക്ക് മുൻപ് തന്നെ സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം പ്രകടമായി ഉണ്ടായിരുന്നു. കോവിഡ് ഇത് കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. ഇതുമൂലം ജി എസ് ടി വരുമാനവും കോമ്പൻസേഷൻ സെസിൽ നിന്നുള്ള വരുമാനവും കുറഞ്ഞ സാഹചര്യ

***കണക്കുകളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഹൃസ്വകാലത്തേക്ക് ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ ശുഭകരമായ സൂചനകൾ കാണാം. എന്നാൽ കോവിഡിന്റെ മൂന്നാം തരംഗം സംഭവിച്ചാൽ വരുമാനത്തിൽ ഉണ്ടായ വളർച്ചയെ അത് തകിടം മറിക്കാൻ സാധ്യതയുണ്ട്.***

ത്തിൽ നഷ്ടപരിഹാരത്തിനായുള്ള ആവശ്യം ശക്തമായി ഉയർന്നു. പല സംസ്ഥാനങ്ങളും നഷ്ടപരിഹാരത്തിനുള്ള സമയപരിധി അവസാന വർഷമായ 2022 ൽ നിന്ന് നീട്ടണമെന്ന ആവശ്യം ഉന്നയിക്കുന്നുണ്ട്. കേന്ദ്രത്തിന്റെ വരുമാനത്തിൽ ഉണ്ടായ ഇടിവും സെസ്സിൽ നിന്നുള്ള വരുമാനത്തിലെ കുറവും നഷ്ടപരിഹാര പ്രതിസന്ധി കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. അടുത്ത ജി എസ് ടി കൗൺസിൽ യോഗങ്ങളിൽ ഈ ആവശ്യം ശക്തമായി തന്നെ ഉയർന്നു വരുമെന്നത് ഉറപ്പാണ്.

ജി എസ് ടി വരുമാനത്തിലെ ഇടിവിന്റെ മറ്റൊരു പ്രതികൂല വശം സംസ്ഥാനങ്ങളുടെ വികസന ചെലവുകളെ അത് ദോഷകരമായി ബാധിക്കുന്നുവെന്നതാണ്. സംസ്ഥാനങ്ങളുടെ സാമ്പത്തിക വരുമാനം ചുരുങ്ങുമ്പോൾ മൂലധന ചെലവുകൾ വെട്ടികുറക്കേണ്ടതായി വരുന്നു. ഇത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വികസനത്തിന്റെ സൂചകങ്ങളായ മേഖലകളിൽ ഇത് പ്രതികൂല ഫലങ്ങൾ സൃഷ്ടിക്കും.

### 3. ഉപസംഹാരം

2021-22 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിലെ വളർച്ചയുടെ കണക്കുകൾ ശുഭോദർക്കമാണെങ്കിലും വാക്സിനേഷൻ പൂർത്തീകരണം വളർച്ചയുടെ തുടർച്ചക്ക് ആവശ്യം വേണ്ട ഒരു കാര്യമാണ്. കോവിഡിന്റെ മൂന്നാം തരംഗം സംബന്ധിച്ച ആശങ്കകളാണ് ഇതിന് ആധാരം. കോവിഡിന്റെ ഡെൽറ്റ വകഭേദം റവന്യു വരുമാനത്തിന് ഒരു ഭീഷണി തന്നെയാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യപാദത്തിൽ 21 ശതമാനം ജി ഡി പി വളർച്ച കൈവരിക്കാൻ കഴിഞ്ഞുവെന്നത് നേട്ടമാണെങ്കിലും കോവിഡ് ഭീഷണി ഈ നേട്ടത്തിന്റെ തുടർച്ച ഉണ്ടാകുന്നതിന് കനത്ത വെല്ലുവിളി തന്നെയാണ്.

കഴിഞ്ഞ വർഷങ്ങളിൽ ജി എസ് ടി വരുമാനത്തിലെ വളർച്ചയുടെ കാര്യത്തിൽ കേരളത്തിന്റെ പ്രകടനം തൃപ്തികരമായ ഒന്നല്ല. ഉപഭോക്തൃ നികുതി എന്ന നിലയിൽ കേരളം ജി എസ് ടീയുടെ കാര്യത്തിൽ പരമാവധി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന് കാണാൻ കഴിയും. ശക്തമായ വികസന കാഴ്ചപ്പാടുള്ള കേരളം, ജി എസ് ടി വരുമാനത്തെയാണ് കൂടുതലായി ആശ്രയിക്കുന്നത്. അതുകൊണ്ട് ജി എസ് ടി റിട്ടേണുകളുടെ പരിശോധന, ഓഡിറ്റ്, വാഹന പരിശോധന, ഇ വേ ബിൽ പരിശോധന, കട പരിശോധന, ആവശ്യമെങ്കിൽ അറസ്റ്റ് ഉൾപ്പടെയുള്ള കാര്യങ്ങൾ സംസ്ഥാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ജി എസ് ടീ യിൽ നിന്ന് പരമാവധി വരുമാനം നേടുന്നതിനും സംരക്ഷിത വരുമാനത്തിൽ കുറവ് വരാതിരിക്കുന്നതിനും ഇത് സഹായമാകും.

■

(ലേഖകൻ ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസർ ആണ് )

[1] "GST officers detect Rs 4,000 crore of ITC fraud in April-June", published on August 10, 2021, accessed on September 13, 2021. https://economictimes.indiatimes.com/news/economy/finance/gst-officers-detect-rs-4000-cr-of-itc-fraud-in-apr-jun/articleshow/85177384.cms

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 8&9 ആഗസ്റ്റ്-സെപ്റ്റംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

## പ്രൈസ് മോണിറ്റർ

# പണപ്പെരുപ്പവും ഭക്ഷ്യോത്പന്ന വിലയും കോവിഡ് ഘട്ടത്തിൽ- കേരളം വേറിട്ടു നിൽക്കുന്നുവോ?

കിരൺകുമാർ കക്കർലപുടി, പി. എസ് രഞ്ജിത്ത്

കോവിഡ് പ്രതിസന്ധി ഡിമാന്റിലുണ്ടാക്കിയ മാന്ദ്യത്തിലുപരി, വിതരണ ശൃംഖലയെ ദോഷകരമായി ബാധിച്ചത് സാധനങ്ങളുടെ, പ്രത്യേകിച്ച് ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ 2020-21 സാമ്പത്തിക വർഷത്തിലെ ആദ്യ രണ്ടു പാദങ്ങളിൽ വലിയ തോതിലുള്ള വർധനക്ക് കാരണമായിട്ടുണ്ട് (ആർ ബി ഐ-2021). ഭക്ഷ്യ ഉൽപ്പാദന മേഖലയിലെ പ്രതികൂല സാഹചര്യങ്ങൾക്കൊപ്പം ഇന്ധന വിലവർധനയും ചരക്ക് കടത്ത് കൂലി ഉയർന്നതുമാണ് വിലക്കയറ്റം രൂക്ഷമാക്കിയത്. മിക്ക സംസ്ഥാനങ്ങളിലും വിലക്കയറ്റം രൂക്ഷമായിരുന്നുവെങ്കിലും കേരളം മഹാമാരിക്ക് മുൻപുള്ള സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ വില കുറയുന്ന പ്രവണതയാണ് കാഴ്ച വച്ചത്, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ. (കക്കർലപുടി, രഞ്ജിത്ത്-2020, രഞ്ജിത്ത്, കക്കർലപുടി-2021). മറ്റ് സമ്പദ്ഘടനകൾ കോവിഡിന്റെ ഒന്നാം തരംഗത്തിൽ നിന്ന് മോചനം നേടിയപ്പോൾ ഇന്ത്യയിൽ രണ്ടാം തരംഗം അതിരൂക്ഷമായി വന്നു ഭവിച്ചു. രോഗികളുടെ എണ്ണം വൻതോതിൽ വർദ്ധിക്കുന്നതിനും മരണ സംഖ്യ ഉയരുന്നതിനും ആരോഗ്യ മേഖലയുടെ തകർച്ചക്കും ഇത് വഴിയൊരുക്കി. പ്രാദേശിക തലത്തിലെ കർഫ്യു പ്രഖ്യാപനവും ഗതാഗത നിയന്ത്രണവും വിതരണ രംഗത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുവാനിടയാക്കി. ഇതിനു പുറമെ അമേരിക്കയിലെ പണപ്പെരുപ്പവും ആഗോള തലത്തിലെ ഉയർന്ന തോതിലുള്ള പണ പ്പെരുപ്പ സമ്മർദവും കാരണം ഇറക്കുമതി യിൽ പ്രതിസന്ധി ഉണ്ടായതും ആഭ്യന്തര വിപണിയിൽ കടുത്ത പ്രതിസന്ധി ഉള വാക്കി. (പട്നായിക്, പാണ്ഡെ-2021).

കോവിഡിന്റെ ഒന്നാം തരംഗത്തിൽ പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെയും ജനങ്ങളെ ബോധവത്കരിച്ചതിലൂടെയും കേരളത്തിന് മികച്ച പ്രകടനം കാഴ്ച്ച വയ്ക്കാൻ സാധിച്ചു. എന്നാൽ രണ്ടാം തരംഗം ആഞ്ഞു വീശിയപ്പോൾ കേരളം മോശമായ സാഹചര്യത്തിലേക്ക് നീങ്ങി. ഇവിടെ ഉയരുന്ന ഒരു നിർണായക ചോദ്യം ഇതാണ്- രണ്ടാം തരംഗത്തിനിടയിലും ആഗോളതലത്തിലെ ഉയർന്ന പണപ്പെരുപ്പ സാഹചര്യത്തിലും സംസ്ഥാനത്തിന് വില നിയന്ത്രണത്തിൽ തുടർവിജയം കൈവരിക്കാൻ കഴിഞ്ഞുവോ? കക്കർലപുടി, രഞ്ജിത്ത് (2020), കക്കർലപുടി, രഞ്ജിത്ത് (2021) എന്നീ ലേഖനങ്ങളുടെ അടിസ്ഥാനത്തിലും 2020-21 ലെയും 2021-22 ലെ ആദ്യപാദ കണക്കുകളുടെയും അടിസ്ഥാനത്തിലുള്ള ഒരു വിശകലനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. എം ഒ എസ് പി ഐ യുടെ മാസം തോറുമുള്ള ഉപഭോക്തൃ വില സൂചികയാണ് ഇതിന് ആധാരമായി എടുത്തിട്ടുള്ളത്. ബേസ് ഇഫക്ടിന്റെയും മൊമന്റം ഇഫക്ടിന്റെയും അടിസ്ഥാനത്തിലാണ് വിലയിലെ അന്തരം

വിശകലനം ചെയ്യുന്നത്. വാർഷികാടിസ്ഥാനത്തിലുള്ള വിലമാറ്റം കണക്കാക്കുമ്പോൾ തൊട്ടടുത്തുള്ള മാസങ്ങളിലെ വിലമാറ്റവും ഒരു വർഷം മുൻപുള്ള അതേ മാസങ്ങളിലെ വിലമാറ്റവും പരിഗണിക്കേണ്ടതുണ്ട് എന്ന അനുമാനമാണ് ഇവിടെ കണക്കിലെടുത്തിരിക്കുന്നത്. ഇതിനുള്ള ഫോർമുല താഴെക്കാണും വിധമാണ്.

$$\pi_t - \pi_{t-1} = [(\ln(p_t) - \ln(p_{t-1})) - (\ln(p_{t-12}) - \ln(p_{t-13}))]*100$$

where $\pi$ is the rate of inflation and $p$ is the price index. While left-hand side variable $\pi_t - \pi_{t-1}$ describes why inflation in t[th] period moved to t-1[th] period (YoY inflation in period t), the right-hand side variables explain the month-on-month changes in the price index, capturing the recent MoM price changes $p_t - p_{t-1}$ with MoM price changes a year ago, i.e., $p_{t-12} - p_{t-13}$.

### പണപ്പെരുപ്പം കോവിഡ് കാലത്ത്

കക്കർലപുടി, രഞ്ജിത്ത് എന്നിവരുടെ മുൻ ലേഖനം (2020) വ്യക്തമാക്കുന്നത് 2020 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളത്തിന് മാത്രമാണ് പണപ്പെരുപ്പത്തെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞത് എന്നാണ്. ഇതിൽ ഏറ്റവും പ്രധാനം ഗ്രാമീണ മേഖലയിൽ നഗര മേഖലയെ അപേക്ഷിച്ച് പണപ്പെരുപ്പം കുറവായിരുന്നു എന്നതാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ സ്ഥിതി നേർവിപരീതമായിരുന്നു. ഈ വിശകലനത്തിന് ഉപയോഗിച്ചിരിക്കുന്ന വിവരങ്ങൾ 2020 സെപ്റ്റംബർ മാസം വരെയുള്ളതാണ്. അതിനുശേഷമാണ് ഇവിടെ കോവിഡ് കേസുകൾ കാര്യമായ തോതിൽ ഉയരാൻ തുടങ്ങിയത്. കൂടുതൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ പട്ടിക ഒന്ന് മഹാമാരിയുടെ ഘട്ടത്തിലും അതിനു മുൻപുമുള്ള പണപ്പെരുപ്പത്തെ താരതമ്യം ചെയ്യുന്നതാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ 2019-20 ൽ 4.77 ശതമാനമായിരുന്ന ഉപഭോക്തൃ വില സൂചിക 2020-21 ൽ 6.16 ശതമാനത്തിലേക്ക് ഉയർന്നതായി കാണാം. ലോക്ക്ഡൗൺ മൂലം വിതരണ രംഗത്ത് ഉണ്ടായ പ്രശ്നങ്ങൾ, മൊത്തവിപണികളിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമല്ലാതെ വന്നത്, ചരക്ക് കടത്തുകൂലിയിലെ വർധന തുടങ്ങിയ നിരവധി കാരണങ്ങൾ ഇതിന് ആസ്പദമായി ഉണ്ട്. ഇതിനു പുറമെ, ഖരീഫ് സീസണിലെ ശക്തമായ മഴ വരുത്തിയ വിളനാശം അടക്കമുള്ള കാര്യങ്ങൾ പച്ചക്കറികൾ ഉൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർധന വരുത്തിയിട്ടുണ്ട് (ആർ ബി ഐ-2021). മഹാമാരിയുടെ വേളയിൽ നഗര,ഗ്രാമീണ മേഖലകളിലെ പണപ്പെരുപ്പത്തിന്റെ സ്ഥിതി പട്ടിക ഒന്നിൽ കാണാം.

അഖിലേന്ത്യാതലത്തിലെ ട്രെൻഡിന് നേർ വിപരീതമായി മഹാമാരിയുടെ വർഷത്തിൽ കേരളം വിലയുടെ കാര്യത്തിൽ കുറയുന്ന പ്രവണതയാണ് പ്രകടമാക്കിയത്. 2019-20 ൽ 6.14 ശതമാനമായിരുന്ന ഉപഭോക്തൃ വില സൂചിക 2020-21 ൽ 5.95 ശതമാനമായി കുറഞ്ഞു. തൽഫലമായി 2020-21 ൽ കേരളത്തിലെ പണപ്പെരുപ്പ നിരക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ രണ്ടാമത്തെ ഏറ്റവും കുറഞ്ഞ തോതിലായിരുന്നു. 5.77 ശതമാനം രേഖപ്പെടുത്തിയ കർണ്ണാടകമായിരുന്നു ഏറ്റവും കുറവ്

***മഹാമാരിയുടെ വർഷത്തിൽ (2020-21) വർധിച്ചു വരുന്ന പണപ്പെരുപ്പത്തിന് കടിഞ്ഞാണിടാൻ കഴിഞ്ഞ ഒരേയൊരു സംസ്ഥാനം കേരളമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പം രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം.***

**Table 1.** Headline inflation during the COVID-19 pandemic

| | Rural | | | Urban | | | Combined | | |
|---|---|---|---|---|---|---|---|---|---|
| | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 |
| Andhra Pradesh | 0.04 | 2.20 | 9.29 | 3.00 | 5.93 | 8.37 | 1.08 | 3.54 | 8.97 |
| Karnataka | 2.63 | 5.03 | 5.79 | 3.91 | 6.03 | 5.76 | 3.32 | 5.57 | 5.77 |
| Kerala | 5.01 | 6.55 | 5.71 | 4.76 | 5.38 | 6.47 | 4.94 | 6.14 | 5.95 |
| Tamil Nadu | 4.05 | 5.31 | 7.02 | 3.44 | 5.99 | 7.89 | 3.67 | 5.72 | 7.52 |
| Telangana | 2.56 | 2.31 | 9.87 | 2.60 | 6.42 | 7.79 | 2.59 | 4.53 | 8.74 |
| All India | 2.99 | 4.25 | 5.94 | 3.92 | 5.38 | 6.45 | 3.41 | 4.77 | 6.16 |

Note: The data for April and May 2020 was imputed. For states, years 2020-21 corresponds to an average of June 2020 to March 2021.
Source: Authors estimates based on NSO

പണപ്പെരുപ്പം രേഖപ്പെടുത്തിയ സംസ്ഥാനം. മഹാമാരിയുടെ വർഷത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ പണപ്പെരുപ്പ നിരക്ക് കുറഞ്ഞ ഏക സംസ്ഥാനം കേരള മാണെന്ന് കാണാം. കക്കർലപുടി, രഞ്ജിത്ത് 2020 എന്നിവരുടെനേരത്തെയുള്ള പഠനത്തെ സാധൂകരിക്കുന്ന കണക്കുകളാണ് ഇത്. കേരളവും തമിഴ്നാടും മാത്രമാണ് നഗര മേഖലയെ അപേക്ഷിച്ച് ഗ്രാമീണ മേഖ ലയിൽ കുറഞ്ഞ പണപ്പെരുപ്പം രേഖപ്പെടു ത്തിയ സംസ്ഥാനങ്ങൾ. (പട്ടിക- 1)

**ഉപഭോക്തൃ സൂചികയിലെ ഘടകങ്ങൾ**

മഹാമാരിയുടെ വർഷത്തിൽ (2020-21) ഉപ ഭോക്തൃ വില സൂചികയിലെ (സി പി ഐ) ട്രെൻഡിൽ സംസ്ഥാനങ്ങൾ തമ്മിലും ഒപ്പം ഗ്രാമീണ, നഗര മേഖലകൾ തമ്മിലും വൈജാത്യങ്ങൾ പ്രകടമായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, സംസ്ഥാനങ്ങളുടെ കാര്യത്തിൽ സി പി ഐ യിലെ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ 2020 ആഗസ്റ്റ് മാസം മുതൽ മാത്രമേ ലഭ്യമായുള്ളു എന്നതാണ്. 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെയുള്ള ഘട്ടത്തിലെ ശരാശരി വിലവർധനയുടെ വിവരങ്ങൾ പട്ടിക രണ്ടിൽ കാണാം. പട്ടിക ഒന്നിൽ നിന്ന് ഇനി പറയുന്ന നിഗമനങ്ങളിൽ എത്താൻ കഴിയും. ഒന്ന്, ഗ്രാമീണ- നഗര തലങ്ങളിൽ ഏറ്റവും കുറഞ്ഞ വിലനിലവാരം കേരളത്തിലാണ്. വ്യകതിഗത ഉത്പന്നങ്ങൾ തുടങ്ങിയ ചില ഇനങ്ങൾ ഒഴിച്ച് നിർത്തി യാൽ മിക്ക ഉത്പന്ന വിഭാഗങ്ങളിലും അഖിലേന്ത്യാടിസ്ഥാനത്തിലും ദക്ഷിണേന്ത്യൻ തലത്തിലും ഇത് കാണാൻ കഴിയും. വ്യക്തിഗത ഉൽപ്പന്ന വിഭാഗത്തിൽ വിലയുടെ കാര്യത്തിൽ കേരളം ദേശീയ ശരാശരിയുടെ (10.4) ഇരട്ടിയാണ് (20.82). ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ദേശീയ ശരാശരി വിലയേ ക്കാൾ ഉയർന്ന വില കാണിക്കുന്നുണ്ടെ ങ്കിലും അവയുടെ വളർച്ച നിരക്ക് കേരളത്തേ ക്കാൾ ഏറെ താഴെയാണ്. പലവക ഉത്പന്നങ്ങളുടെ കാര്യത്തിലും കേരളം (7.68) ദേശീയ ശരാശരിയേക്കാൾ മുകളിലാണ് (6.61).

പലവക ഇനത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തെലങ്കാന (8.03) കേരളത്തേക്കാൾ ഉയർന്ന തോത് രേഖപ്പെടുത്തുന്നു. മറ്റെല്ലാ ഉത്പന്ന വിഭാഗ ങ്ങളിലും അഖിലേന്ത്യാ ശരാശരിയേക്കാളും ഏറെ താഴെയാണ് കേരളത്തിന്റെ നില. ഭക്ഷ്യവസ്തുക്കൾ, ബിവറേജ് ഉത്പന്നങ്ങൾ

***ഭക്ഷ്യ ഉത്പന്നങ്ങളുടെ വില നിയന്ത്രിക്കുന്ന കാര്യത്തിൽ ദേശീയ ശരാശരിയുടെ അടിസ്ഥാനത്തിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴും മികച്ച പ്രകടനം കാഴ്ച്ചവയ്ക്കാൻ കേരളത്തിന് കഴിഞ്ഞു, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ.***

എന്നിവയുടെ കാര്യം ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. റിസർവ് ബാങ്ക് (2021) പറയുന്നത്, 45 ശതമാനം വെയ്റ്റേജോടെ, 2020-21 ലെ മൊത്തത്തിലുള്ള പണപ്പെരുപ്പത്തിൽ 54 ശതമാനം സംഭാവന നൽകുന്നത് ഭക്ഷ്യ, ബീവറേജ് ഉത്പന്നങ്ങളാണ് എന്നാണ്. 2020 മെയ്, ജൂൺ കാലയളവിൽ ലോക്ക്ഡൗണിൽ ചില ഇളവുകൾ നൽകിയതു മൂലം ഭക്ഷ്യവസ്തുക്കളുടെ പണപ്പെരുപ്പത്തിൽ നേരിയ കുറവ് രേഖപെടുത്തുകയുണ്ടായി. എന്നാൽ, 2020 ആഗസ്റ്റ് മാസത്തിനും 2021 ജനുവരിക്കും ഇടയിൽ ഇത് ഉയർന്നു. വിളനാശമാണ് ഇവിടെ വില്ലനായത്. പരിപ്പ് വർഗ്ഗങ്ങൾ, ഭക്ഷ്യഎണ്ണ, കൊഴുപ്പ്, ഇറച്ചി, മുട്ട, സുഗന്ധവ്യഞ്ജനങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ഉത്പന്നങ്ങളാണ് ഭക്ഷ്യ പണപ്പെരുപ്പത്തിന്റെ പ്രാഥമിക സ്രോതസ്സ് (രഞ്ജിത്ത്, കക്കർലപുടി 2021). ഇത്തരത്തിൽ പണപ്പെരുപ്പത്തിന്റെ സമ്മർദം ശക്തമായി ഉണ്ടായിരുന്നെങ്കിലും മഹാമാരിയുടെ വർഷത്തിൽ ഭക്ഷ്യ ഉൽപന്നങ്ങളുടെ വില നല്ല തോതിൽ നിയന്ത്രിക്കാൻ കേരളത്തിന് കഴിഞ്ഞു. (പട്ടിക-2)

### ഭക്ഷ്യ ഉൽപ്പന്ന പണപ്പെരുപ്പത്തിൽ കോവിഡ് രണ്ടാം തരംഗത്തിന്റെ സ്വാധീനം

ഇപ്രകാരം പണപ്പെരുപ്പത്തിലെ മാറ്റങ്ങൾ വിശകലനം ചെയ്തത് വില സൂചികയിലെ 12 മാസത്തെ കയറ്റിറക്കത്തെ അടിസ്ഥാനമാക്കിയാണ്. സീസണലായി ഉണ്ടായ മാറ്റങ്ങളുടെ ഫലം ഒഴിവാക്കുന്നതിനായാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്. എന്നാൽ വാർഷികാടിസ്ഥാനത്തിലുള്ള മാറ്റം പരിഗണിക്കുമ്പോൾ തത്സമയം വിലയിൽ സംഭവിച്ച മാറ്റങ്ങൾ കണക്കിലെടുത്തിട്ടില്ല എന്ന പരിമിതിയുണ്ട്. അതുപോലെ ഒരു വർഷത്തിന് മുൻപുള്ള മാറ്റവും പരിഗണിക്കപ്പെട്ടിട്ടില്ല. ഇത് രണ്ടും കോവിഡ് ഘട്ടത്തിൽ പ്രത്യേകം പ്രാധാന്യം അർഹിക്കുന്ന ഘടകങ്ങളാണ്. കാരണം, ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ സമയാസമയം ചില മാറ്റങ്ങൾ ഉണ്ടായി എന്നതാണ്. അതുകൊണ്ട് പണപ്പെരുപ്പത്തിലുണ്ടായ മാറ്റങ്ങൾ നടപ്പ് ത്രൈമാസത്തിൽ അതല്ല ബേസ് ഘട്ടത്തിൽ വിലയിൽ സംഭവിച്ച വ്യത്യാസം കൊണ്ടുണ്ടായതാണോ എന്ന് വേർതിരിക്കുന്നതിന് ബേസ് ഇഫക്റ്റും മൊമെന്റം ഇഫക്റ്റും കണക്കാക്കിയിരുന്നു. ഇവിടെ കുറഞ്ഞ ബേസ് ഇഫക്ട് അല്ലെങ്കിൽ ഉയർന്ന മൊമെന്റം ഇഫക്റ്റ് പണപ്പെരുപ്പത്തിലെ മാറ്റത്തെ പോസിറ്റീവായി സ്വാധീനിച്ചിരിക്കുന്നതായി കാണാം.

മഹാമാരിയുടെ ഘട്ടത്തിലെ പണപ്പെരുപ്പത്തിന്റെ സമ്മർദം അളക്കുന്നതിനായി ഭക്ഷ്യ ഉത്പന്നങ്ങളുടെ ബേസ്, മൊമെന്റം ഇഫക്ട് കണക്കാക്കിയായിട്ടുണ്ട്. ഇവിടെ ഒരു വസ്തുത ശ്രദ്ധിക്കണം. 2020-21 ന്റെ ആദ്യ പാദത്തിലെ വിവരങ്ങൾ ലഭ്യമല്ല എന്നതാണ് അത്. രണ്ടാം പാദത്തിൽ രണ്ടു മാസത്തെ, ആഗസ്റ്റ്, സെപ്റ്റംബർ വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് മൂലം ഒന്നാം പാദത്തിലെ ബേസ് ഇഫക്ട് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് രണ്ടാം തരംഗത്തിന്റെ പ്രഭാവം വിലയിരുത്തുന്നതിനായി മൊമന്റം ഇഫക്ടിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ മൊമെന്റം ഇഫക്ട് 2020-21 ലെ ആദ്യപാദത്തിൽ 8.54 ശതമാനമായിരുന്നത് നാലാം പാദത്തിൽ 3.97 ശതമാനത്തിലേക്ക്

**Table 2.** Constituents of CPI inflation during the pandemic

| State | Food & beverages | Pan, tobacco & intoxicants | Clothing & footwear | Fuel & light | Household goods & services | Personal care & effects | Miscel-laneous |
|---|---|---|---|---|---|---|---|
| **Combined** | | | | | | | |
| Andhra Pradesh | 9.32 | 24.88 | 3.54 | 4.90 | 2.05 | 12.71 | 6.22 |
| Karnataka | 5.32 | 8.69 | 1.25 | 4.04 | 1.90 | 11.78 | 6.06 |
| **Kerala** | **4.30** | **3.84** | **0.64** | **3.74** | **0.78** | **20.82** | **7.68** |
| Tamil Nadu | 7.57 | 11.22 | 3.00 | 5.49 | 4.44 | 12.57 | 6.55 |
| Telangana | 9.25 | 17.05 | 5.73 | -4.61 | 2.60 | 7.00 | 8.03 |
| All India | 6.39 | 10.10 | 3.46 | 3.01 | 2.93 | 10.40 | 6.61 |
| **Rural** | | | | | | | |
| Andhra Pradesh | 9.36 | 25.77 | 3.96 | 2.14 | 0.40 | 12.45 | 6.08 |
| Karnataka | 5.13 | 8.94 | 0.48 | 1.18 | 1.07 | 12.94 | 5.91 |
| **Kerala** | **3.67** | **3.08** | **0.00** | **2.87** | **2.66** | **20.25** | **7.55** |
| Tamil Nadu | 6.61 | 8.01 | 2.56 | 3.54 | 2.27 | 10.33 | 5.19 |
| Telangana | 9.84 | 15.47 | 9.08 | -13.05 | 1.14 | 6.15 | 9.84 |
| All India | 6.02 | 9.60 | 3.21 | 0.67 | 1.59 | 9.79 | 5.83 |
| **Urban** | | | | | | | |
| Andhra Pradesh | 9.21 | 21.41 | 2.65 | 11.01 | 4.89 | 13.29 | 6.44 |
| Karnataka | 5.59 | 8.11 | 2.14 | 7.61 | 2.59 | 10.41 | 6.17 |
| **Kerala** | **5.93** | **6.39** | **2.27** | **5.64** | **-2.58** | **22.50** | **7.91** |
| Tamil Nadu | 8.51 | 16.83 | 3.45 | 7.40 | 6.46 | 14.48 | 7.61 |
| Telangana | 8.61 | 20.54 | 2.54 | 7.12 | 4.14 | 7.96 | 6.46 |
| All India | 7.02 | 11.47 | 3.88 | 7.24 | 4.49 | 11.26 | 7.43 |

Source: Authors estimates based on NSO

**Table 3.** Base and momentum effect in food and beverages prices

| State | 2020-21(Q1) | 2020-21(Q2) | 2020-21(Q3) | 2020-21(Q4) | 2021-22(Q1) |
|---|---|---|---|---|---|
| **Momentum effect** | | | | | |
| Andhra Pradesh | NA | 3.01 | 0.83 | -0.75 | 0.85 |
| Karnataka | NA | 1.44 | 0.33 | -0.12 | 1.35 |
| **Kerala** | NA | 1.79 | -0.04 | 0.47 | 0.69 |
| Tamil Nadu | NA | 1.93 | 0.51 | -0.30 | 0.82 |
| Telangana | NA | 1.64 | 0.46 | -0.72 | 1.15 |
| All India | 1.12 | 1.56 | -0.08 | -0.90 | 1.23 |
| **Base effect** | | | | | |
| Andhra Pradesh | 1.21 | 0.60 | 1.26 | -0.42 | NA |
| Karnataka | 1.16 | 0.38 | 1.45 | -0.99 | NA |
| **Kerala** | 1.13 | 0.33 | 1.17 | 0.06 | NA |
| Tamil Nadu | 1.47 | 0.71 | 1.45 | -0.08 | NA |
| Telangana | 1.48 | 1.10 | 0.86 | 0.28 | NA |
| All India | 1.09 | 0.99 | 1.77 | -1.34 | 1.12 |
| **YoY** | | | | | |
| Andhra Pradesh | NA | 9.40 | 10.05 | 8.14 | NA |
| Karnataka | NA | 6.18 | 5.73 | 3.85 | NA |
| **Kerala** | NA | 5.62 | 4.08 | 3.33 | NA |
| Tamil Nadu | NA | 9.05 | 7.50 | 6.20 | NA |
| Telangana | NA | 10.85 | 10.28 | 6.11 | NA |
| All India | 8.54 | 8.49 | 7.31 | 3.97 | 4.37 |

Source: Authors estimates based on NSO

***മഹാമാരിയുടെ ഘട്ടത്തിൽ ഭക്ഷ്യവിലയുടെ ബേസ് , മൊമെന്റം ഇഫക്റ്റുകളുടെ കാര്യത്തിൽ സ്ഥിരത പുലർത്താൻ കേരളത്തിന് കഴിഞ്ഞു. ഇത് ഭക്ഷ്യ പണപ്പെരുപ്പത്തിൽ വലിയ തോതിൽ അയവ് വരുത്താൻ സഹായകമായി .***

താഴ്ന്നതായി കാണാം. മൂന്നാം പാദത്തെ അപേക്ഷിച്ച് നാലാം പാദത്തിലുണ്ടായ ഇടിവ് വളരെ ശക്തമാണ്. ബേസ് ഇഫക്ടിന്റെ കാര്യത്തിലും സമാനമായ മാറ്റം കാണാവുന്നതാണ്.

2020-21 സാമ്പത്തിക വർഷത്തിലെ മൂന്ന്, നാല് പാദങ്ങളിലെ മൊമെന്റം ഇഫക്റ്റ്, ബേസ് ഇഫക്റ്റിനെക്കാൾ കുറവാണ്. പ്രാരംഭ ഘട്ടത്തിലെ ആഘാതത്തിന് ശേഷം വിലയിൽ സ്ഥിരത കൈവന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇറക്കുമതി ഉദാരമാക്കുക, ബഫർ ശേഖരം തുറന്ന് നൽകുക, ഊഹക്കച്ചവടം തടയുന്നതിനായി വ്യാപാരികളുടെ സ്റ്റോക്ക് നിയന്ത്രിക്കുക എന്നിവ അടക്കമുള്ള നയപരമായ നടപടികൾ ഇതിന് നിദാനമായിട്ടുണ്ട് (ആർ ബി ഐ- 2021). എന്നാൽ 2021-22 ലെ ആദ്യപാദത്തിൽ തൊട്ടു മുൻ പാദത്തെ അപേക്ഷിച്ച് മൊമെന്റം ഇഫക്ടിൽ വർധന രേഖപ്പെടുത്തിയിട്ടുണ്ട്. 3.97 ശതമാനത്തിൽ നിന്ന് 4.37 ശതമാനമായാണ് ഇത് ഉയർന്നിട്ടുള്ളത്. എന്നാൽ ഇത് 5.10 ശതമാനമായ ബേസ് ഇഫക്റ്റിനെക്കാൾ താഴെയുമാണ്. ഇത് വ്യക്തമാക്കുന്നത്, രണ്ടാം തരംഗത്തിന്റെ ഉത്തുംഗാവസ്ഥ എന്ന് കരുതാവുന്ന ഒന്നാം പാദത്തിൽ ഭക്ഷ്യ പണപ്പെരുപ്പം, ഒന്നാം തരംഗത്തിൽ ഇതേ കാലയളവിലേത് പോലെ അത്ര രൂക്ഷമായിരുന്നില്ല എന്നാണ്. ലോക്ക്ഡൗൺ കൂടുതൽ ജാഗ്രതയോടെ നടപ്പാക്കിയതിനാൽ വിതരണ രംഗത്ത് ഒന്നാംതരംഗത്തിലേത് പോലെ കാര്യമായ പ്രശ്നങ്ങൾ ഉണ്ടായില്ല എന്നതാണ് ഇതിന് ഒന്നാമത്തെ കാരണം. ഉപഭോക്താക്കൾ കടുത്ത ആശങ്കയോടെ സാധനങ്ങൾ വാങ്ങിക്കൂട്ടുന്ന പ്രവണത ഒഴിവായതും ഇതിന് കാരണമായെന്ന് വിലയിരുത്താം.

ദേശീയതലത്തിന് സമാനമായി ബേസ് ഇഫക്റ്റും മൊമെന്റം ഇഫക്റ്റും കേരളത്തെ സംബന്ധിച്ചിടത്തോളം കുറയുന്ന പ്രവണതയാണ് കാഴ്ച വച്ചത് (പട്ടിക-3). ചില കൗതുകകരമായ ചില വിവരങ്ങൾ ഇത് വെളി പ്പെടുത്തുന്നുണ്ട്. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാലാം പാദത്തിലൊഴികെ ബേസ്, മൊമെന്റം ഇഫക്റ്റുകൾ ഏറ്റവും കുറവ് രേഖപ്പെടുത്തിയിരിക്കുന്ന സംസ്ഥാനം കേരളമാണ്. മൂന്നാം പാദത്തിൽ ബേസ് ഇഫക്റ്റ് കൂടുതലായിരുന്നെങ്കിലും താഴ്ന്ന മെമെന്റം ഇഫക്റ്റ് മൂലം ഭക്ഷ്യപണപ്പെരുപ്പം കുറഞ്ഞ തോതിലായിരുന്നു. നാലാം പാദത്തിലാകട്ടെ രണ്ട് ഇഫക്ടുകളും ഭക്ഷ്യ ഉത്പന്ന വില പിടിച്ചു നിർത്തുന്നതിൽ സംസ്ഥാനം കൈവരിച്ച വിജയത്തിന്റെ ശക്തമായ സൂചകങ്ങളായി മാറുന്നത് കാണാം. മൂന്ന് പാദങ്ങളിൽ രണ്ടെണ്ണത്തിൽ മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യത്തിൽ മൊമെന്റം ഇഫക്റ്റ് ബേസ് ഇഫക്റ്റിനെക്കാൾ കൂടുതലായിരുന്നെങ്കിൽ കേരളത്തിന് ഈ മൂന്ന് പാദങ്ങളിലും കുറഞ്ഞ മൊമെന്റം ഇഫക്റ്റ് രേഖപ്പെടുത്താൻ കഴിഞ്ഞു. (പട്ടിക- 3)

## ഉപസംഹാരം

2020-21 ലെ ഒന്നാം പാദം മുതൽ 2021-22 ലെ ഒന്നാം പാദം വരെയുള്ള വിലനിലവാരമാണ് ഈ ലേഖനത്തിൽ അവലോകനം ചെയ്തത്. ബേസ് ഇഫക്റ്റ്, മൊമെന്റം ഇഫക്റ്റ് എന്നിവ കണക്കാക്കിയാണ് ഇതിൽ വിശകലനം നടത്തിയിരിക്കുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളമാണ് മഹാമാരിയുടെ

ഘട്ടവും അതിനു മുൻപുള്ള ഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പം രേഖപെടുത്തിയതെന്ന് ഈ പഠനം അടിവരയിട്ട് വ്യക്തമാക്കുന്നു. മഹാമാരിയുടെ സമയത്ത് കേരളവും തമിഴ് നാടും മാത്രമാണ് ഗ്രാമീണ മേഖലയിൽ നഗര മേഖലയെ അപേക്ഷിച്ച് കുറഞ്ഞ പണപ്പെരുപ്പം രേഖപെടുത്തിയിട്ടുള്ളത്. കോവിഡ് ഘട്ടത്തിൽ ഭക്ഷ്യസാധനങ്ങളുടെ വില ഫലപ്രദമായി നിയന്ത്രിക്കാൻ കേരള ത്തിന് കഴിഞ്ഞുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ബേസ് ഇഫക്റ്റ് വിലയിരുത്തി, ചാക്രിക ചലനങ്ങൾക്ക് നേർ വിപരീതമായ നയസമീപനങ്ങൾ സ്വീകരി ച്ചത് വഴിയായി കേരളത്തിന് ഭക്ഷ്യ ഉത്പന്ന ങ്ങളുടെ വിലനിലവാരം വിജയകരമായി നിയന്ത്രിക്കാൻ കഴിഞ്ഞു.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസർമാരാണ് ലേഖകർ)

References

GoI (2021) *Economic Survey 2020-21: Vol II, Prices and Inflation*, Ministry of Finance Department of Economic Affairs, New Delhi

Kakarlapudi, K K, and Renjith, P S (2020) *Taming the Prices During the Pandemic*, Kerala Economy, 1(4), pp 31-35

Patnaik, I and R, Pande (2021), *Why higher inflation could be India's next big worry amid worsening Covid crisis.* The Print, 23 April 2021, accessible at https://theprint.in/ilanomics/why-higher-inflation-could-be-indias-next-big-worry-amid-worsening-covid-crisis/644334/

RBI (2021) Reserve Bank of India *Annual Report, 2020-21*, Reserve Bank, Mumbai

Renjith, P S, and Kakarlapudi, K K, (2021) *Taming the Prices During the Pandemic: Further Exploration*, Kerala Economy, 2 (1), pp 24-28.

**സെക്ടറൽ ഫോക്കസ്**

# വൈദ്യുതി നികുതി വരുമാനത്തിൽ കേരളം നേരിടുന്ന വെല്ലുവിളി

സക്കറിയ സിദ്ദിഖി , കെ. ജെ ജോസഫ്, ഋജുമോഹൻ എ

**ആമുഖം**

ഉന്നത വിദ്യാഭ്യാസം നേടിയ യുവാക്കൾ ജോലി തേടി കേരളത്തിന് പുറത്തേക്ക് പോകുന്ന സാഹചര്യത്തിൽ ഉയർന്ന നൈപുണ്യം ആവശ്യമായി വരുന്ന കൂടുതൽ തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കേരളം നടത്തിയ സാമൂഹ്യ ചെലവഴിക്കലിന്റെ മുഴുവൻ നേട്ടങ്ങളും കൊയ്യുന്നതിന് ഇത് അവശ്യം വേണ്ടുന്ന കാര്യമാണ്. സ്ഥിരത പുലർത്തുന്ന ഒരു വരുമാന അടിത്തറ സജ്ജമാക്കുന്നതിനും ഇത് സഹായകമാണ്. അടിസ്ഥാന സൗകര്യ വികസനത്തിന് അനുഗുണമായ വിധത്തിൽ മൂലധന ചെലവുകൾ ഉയർത്തേണ്ടത് ഇത്തരത്തിൽ തൊഴിൽ സാധ്യത ഉയർത്തുന്നതിന് ആവശ്യവുമാണ്.

എന്നാൽ കേരളമുൾപ്പടെയുള്ള എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും സർക്കാർ ചെലവഴിക്കൽ സന്നിഗ്ദമായ അവസ്ഥയിലാണ്, പ്രത്യേകിച്ച് കോവിഡിന് ശേഷം. ഇതുമൂലം സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദഗതിയിലാവുകയും സർക്കാർ നയങ്ങൾ അതിനനുസൃതമായി മാറുകയും ചെയ്തപ്പോൾ സംസ്ഥാന സർക്കാരുകളുടെ റവന്യൂ വരുമാനം കുത്തനെ കുറയുകയും സബ്സിഡികൾ ഉൾപ്പടെ വരുന്ന റവന്യൂ ചെലവുകൾ ഗണ്യമായ തോതിൽ ഉയരുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നുള്ള വരുമാനം ഒഴിച്ച് നിർത്തിയാൽ ബജറ്റിൽ പ്രതീക്ഷിച്ചതും യഥാർത്ഥത്തിൽ ലഭിച്ചതുമായ വരുമാനത്തിൽ 22000 കോടി രൂപയുടെ കുറവുണ്ട്. ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിരുന്ന 67420 കോടി രൂപയിൽ നിന്നും 33 ശതമാനം കുറവാണ് ഇത്. 2019-20 വർഷത്തെ യഥാർത്ഥ വരുമാന കണക്കുമായി ഒത്തുനോക്കുമ്പോൾ റവന്യൂ വരുമാനം 10 ശതമാനം കണ്ട് കുറയുകയും ചെലവുകൾ 12 ശതമാനം ഉയരുകയും ചെയ്തു. (ഏകദേശം 14000 കോടി രൂപയുടെ വർധന). മൊത്തത്തിലെടുക്കുമ്പോൾ 2020-21 സാമ്പത്തിക വർഷത്തിലെ റവന്യൂ കമ്മി 24200 കോടി രൂപയാണ്. ജി എസ് ഡി പിയുടെ 2.9 ശതമാനം വരുമിത്.

> ***വൈദ്യുതി നികുതി ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 1825 കോടി രൂപ സമാഹരിക്കാവുന്ന സാഹചര്യത്തിൽ യഥാർത്ഥ വരുമാനം കേവലം 62 കോടി രൂപ മാത്രമായിരുന്നു.***

മാനവവികസന സൂചികകളുടെ കാര്യത്തിൽ കേരളം മികച്ച നേട്ടം കൈവരിച്ചുവെങ്കിലും ഇത് നിലനിർത്തുക എന്ന വലിയ വെല്ലുവിളി ഇന്ന് നേരിടുന്നുണ്ട്. കൊടികളുടെ നിറഭേദ




Source: RBI's data on State Finances 2020 and CEA (2020)

മന്യേ ഇത് സംസ്ഥാനം ഭരിക്കുന്ന സർക്കാരുകളുടെ ഉത്തരവാദിത്വമായി മാറിയിരിക്കുകയാണ്. ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ നിർബന്ധമായി വരുന്ന ചെലവുകൾ സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ സിംഹഭാഗവും കവർന്നെടുക്കുകയാണ്. (2020 21 ലെ റവന്യു വരുമാനത്തിന്റെ 72 ശതമാനം വരുമിത്.) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയ സാഹചര്യത്തിൽ നടപ്പ് വർഷത്തിൽ ഇത് വീണ്ടും ഉയരും. ഇത്തരം ചെലവഴിക്കൽ രീതി മൂലധന ചെലവുകൾക്കുള്ള സാധ്യത പരിമിതപ്പെടുത്തുകയാണ്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തുക എന്നതിന് മുന്തിയ പരിഗണന നൽകുക എന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. വൈദ്യുതിക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി ഇത്തരത്തിൽ വരുമാനം വർധിപ്പിക്കുന്നതിന് അവസരം നൽകുന്ന ഒരു പ്രധാന മാർഗമാണ്. കേരളത്തിൽ വൈദ്യുതി ഡ്യൂട്ടി നിരക്ക് ഉയർത്തുന്നതിന്റെ സാധ്യതകളാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

**പശ്ചാത്തലം**

വൈദ്യുതി ഉപഭോഗത്തിന്മേൽ ഏർപ്പെടുത്തുന്ന നികുതിയായ ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒരു വരുമാനം എന്ന നിലയിൽ ശുഷ്കമാണെങ്കിലും പല സംസ്ഥാനങ്ങളുടെ കാര്യത്തിലും ഇത് ഏറെ നിർണ്ണായകമാണ്. എന്നാൽ കേരളത്തിന്റെ കാര്യമെടുത്താൽ ഈ രംഗത്തെ പ്രകടനം മോശമാണെന്ന് കാണാം. ഉദാഹരണത്തിന്, 2018-19 ലെ കാര്യമെടുത്താൽ സംസ്ഥാനത്ത് വിൽക്കുന്ന ഓരോ ദശലക്ഷം യൂണിറ്റ് വൈദ്യുതിക്കും നികുതിയായി ലഭിക്കുന്നത് കേവലം 29000 രൂപ മാത്രമാണ്. ഒഡിഷ (17 ലക്ഷം), ഛത്തീസ്ഗഡ്, ഗുജറാത്ത്, മഹാരാഷ്ട്ര (8 ലക്ഷം), പശ്ചിമ ബംഗാൾ, ഹിമാചൽ പ്രദേശ്,

***കേരളത്തിന്റെ ഈ രംഗത്തെ കുറഞ്ഞ വരുമാനത്തിന് ഒരു കാരണം സംസ്ഥാനത്തെ ഉപഭോക്താക്കൾ ഡ്യൂട്ടി നൽകാത്തതല്ല; പ്രത്യുത ഇത് സമാഹരിക്കുന്ന വൈദ്യുതി ബോർഡ് സംസ്ഥാന സർക്കാരിലേക്ക് അടയ്ക്കുന്നില്ല എന്നതാണ്.***

പഞ്ചാബ് (5 ലക്ഷം) എന്നീ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ താഴെയാണെന്ന് കാണാം. കേരളത്തിന്റെ വൈദ്യുതി ഉപഭോഗവും പല മേഖലകളിലെ ശരാശരി ഡ്യൂട്ടിയും കണക്കിലെടുക്കുമ്പോൾ 2018-19 ൽ 1825 കോടി രൂപ സമാഹരിക്കാവുന്ന സ്ഥാനത്ത് യഥാർത്ഥത്തിൽ ലഭ്യമായിരിക്കുന്നത് 62 കോടി രൂപ മാത്രമാണ്. (സി ഇ എ- 2020, സി ഇ എ- 2019). കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ചുള്ള സി & എ ജി റിപ്പോർട്ട് പ്രകാരം 2019 മാർച്ച് 31 ൽ ഈ ഇനത്തിൽ വരുന്ന കുടിശിക 1486.50 കോടി രൂപയാണ് (സി എ ജി- 2021). (രേഖാചിത്രം- 1)

കേരളത്തിന്റെ ഈ രംഗത്തെ മോശം പ്രകടനത്തിന് കാരണം സംസ്ഥാനത്തെ ഉപഭോക്താക്കൾ ഡ്യൂട്ടി നൽകാത്തതല്ല; പ്രത്യുത ഇത് സമാഹരിക്കുന്ന വൈദ്യുതി ബോർഡ് സംസ്ഥാന സർക്കാരിലേക്ക് അടയ്ക്കുന്നില്ല എന്നതാണ്. ഉദാഹരണത്തിന് സി എ ജി യുടെ 2016 ലെ കേരള റവന്യു വരുമാന റിപ്പോർട്ടിലെ ഏഴാം അധ്യായം കാണുക. ഇതനുസരിച്ച് 2002 ഏപ്രിൽ മുതൽ 2013 ഒക്ടോബർ വരെ ഇലെക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ 5123 കോടി രൂപയാണ് കെഎസ് ഇ ബി സംസ്ഥാന സർക്കാരിലേക്ക് അടയ്ക്കാനുള്ളത്. കേരള പബ്ലിക്ക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മറ്റിയുടെ നാലാം റിപ്പോർട്ടിൽ ഇതിനെ കുറിച്ച് താഴെ കാണും വിധമാണ് പ്രതിപാദിച്ചിട്ടുള്ളത്.

'തൊണ്ണൂറുകളുടെ മദ്ധ്യം മുതൽ വൈദ്യുതി നികുതി സർക്കാരിലേക്ക് അടയ്ക്കുന്നത് കെ എസ് ഇ ബി നിർത്തി. ഈയിനത്തിൽ വലിയൊരു സംഖ്യ കുടിശ്ശികയായി അടയ്ക്കാനുണ്ട്. ഇതിനായി സർക്കാർ പല തവണ ആവശ്യപ്പെടുകയും ചെയ്തു. ഇത്തരം അവസരങ്ങളിൽ കെ എസ് ഇ ബി ചൂണ്ടിക്കാണിച്ച തൊടുന്യായം വൈദ്യുതി നിരക്ക് പരിഷ്കരിക്കാത്തത് മൂലം ഉല്പാദന ച്ചെലവിലും താഴെയാണ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത് എന്നാണ്. അതു കൊണ്ട് ഇത് വൈദ്യുതി സബ്സിഡിയായി കണക്കാക്കണമെന്നാണ് കെ എസ് ഇ ബി വാദിക്കുന്നത്. കെ എസ് ഇ ബി ഇത് കുടിശിക വരുത്തി എന്നതാണ് വസ്തുത.

എസ് ഇ ആർ സി രൂപീകരിച്ചതിന് ശേഷവും കെ എസ് ഇ ബി ഇത് സർക്കാരിലേക്ക് അടച്ചിട്ടില്ല എന്ന് കാണാം. ഇക്കാര്യം പലതവണ ചർച്ച ചെയ്യുകയും ചെയ്തു. ഒടുവിൽ വൈദ്യുതി നിയമം അനുസരിച്ച് കെ എസ് ഇ ബി, കെ എസ് ഇ ബി ലിമിറ്റഡ് ആയി മാറിയപ്പോൾ ഈ വിഷയം വീണ്ടും ചർച്ച ചെയ്തു. എന്നാൽ 2011 നവംബർ മൂന്നിന് ഇറങ്ങിയ ജി ഒ (എം എസ്) നമ്പർ 42 /2011 /പി ഡി പ്രകാരം ഈയിനത്തിൽ അടുത്ത 10 വർഷത്തേക്ക് ലഭ്യമാകുന്ന വരുമാനം ഒരു കോർപസ് പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി നൽകി. അതിനു ശേഷം ഈ തുക പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള കോർപ്പസ് ഫണ്ടായി വക മാറ്റുകയായിരുന്നു.'

2016 ലെ കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മറ്റി (കെ പി ഇ ആർ സി) റിപ്പോർട്ടിൽ ഇത്തരം പ്രവണത തുടരാൻ പാടില്ലെന്ന ശക്തമായ ശുപാർശ മുന്നോട്ട് വയ്ക്കുന്നുണ്ട്. കാരണം, ഇത് സർക്കാർ വരുമാനത്തെയും ചെലവുകളെയും യഥാതഥമല്ലാതെ കാണിക്കുന്നതിനിടയാക്കുകയും സർക്കാർ അക്കൗണ്ടുകളുടെ സുതാര്യത ഇല്ലാതാക്കുകയും ചെയ്യുന്നതാണ്. ഇത് സർക്കാരിന്റെ ധനഉത്തരവാദിത്വത്തിന്റെ അടിസ്ഥാന ഘടനയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കെ പി ഇ ആർ സിയുടെ അഞ്ചാം റിപ്പോർട്ടും ഇക്കാര്യം അടിവരയിട്ട് വ്യക്തമാക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ റവന്യു വരുമാനത്തെ കൃത്യമായി വിശകലനം ചെയ്യുന്നതിനെയും ഇത് പ്രതികൂലമായി ബാധിക്കുന്നു. കാരണം,

**Table 1.** Electricity duty as applied in different states for different consumer categories in 2018-19

| Name of state/UTs | Domestic | Commercial | Agricultural | LT-Industry | HT-Industry | Railway Traction |
|---|---|---|---|---|---|---|
| Gujrat | Rural areas-7.5% Urban areas - 15% | 25% | 0 | A10% | 15% | |
| Punjab | 13% | 13% | 13% | 13% | 13% | 13% |
| Odisha | 4% | 4% | 2% | 5% | 8% | 0% |
| Maharashtra | 16% | 21% additional tax - 9.04 P/KWh | 0 | 9.3% additional tax - 9.04 P/KWh | 9.3% addl. tax - 9.04P/KWh | 0 |
| Karnataka | 6% | 6% | 0 | 6% | 6% | 6% |
| Tamil Nadu | 0% | 5% | 0 | 5% | 5% | 0% |
| Haryana | 10 P/KWh | 10 P/KWh | 0 | 10 P/KWh | 10 P/KWh | 0% |
| Andhra Pradesh | 6 P/KWh | 6 P/KWh | 0 | 6 P/KWh | 6 P/KWh | 6 P/KWh |
| Telangana | 6 P/KWh | 6 P/KWh | 0 | 6 P/KWh | 6 P/KWh | 0% |
| Kerala | 10% | 10% | 10% | 10% | 10 P/KWh | 0% |

Source: Electricity Tariff and Duty Average Rates Electricity Supply in India, March 2018, Central Electricity Authority, Government of India

കേരളം വൈദ്യുതി ഡ്യൂട്ടി ഇനത്തിൽ എത്ര തുക സമാഹരിക്കുന്നുവെന്ന് വ്യക്തതയില്ല. ഇത് ഒരിക്കലും സർക്കാർ കണക്കിലേക്ക് വരുന്നതുമില്ല. ഇതിനെല്ലാത്തിനുപരിയായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കണ്ടെത്തിയ ഒരു കാര്യം ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന തുക സർക്കാർ ഉത്തരവിന് വിരുദ്ധമായി പെൻഷൻ ഫണ്ടിനല്ലാതെ മറ്റു കാര്യങ്ങൾക്കായി കെ എസ് ഇ ബി ഉപയോഗിക്കുന്നു എന്നതാണ്.

വൈദ്യുതി ഡ്യൂട്ടിയുടെ കാര്യത്തിലെ ഗുരുതരമായ ഈ അപാകത ചൂണ്ടിക്കാട്ടിയതിന് ശേഷം നിലവിലെ വൈദ്യുതി നിരക്കിന്റെയും ഡ്യൂട്ടിയുടെയും വൈദ്യുതി ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ എങ്ങനെ വരുമാനം ഉയർത്താം എന്ന വിഷയത്തിലേക്ക് കടക്കുകയാണ്.

**വരുമാനം ഉയർത്തുന്നതിനുള്ള സാധ്യതകൾ**

**വിവിധ വിഭാഗങ്ങളിൽപെടുന്ന ഉപഭോക്താക്കളുടെ നിരക്കുകളിൽ വരുത്തേണ്ട മാറ്റം**

തിരഞ്ഞെടുക്കപ്പെട്ട ഏതാനും സംസ്ഥാനങ്ങളിലെ വ്യത്യസ്ത ഉപഭോക്താക്കളുടെ താരിഫ് നിരക്കുകളാണ് പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നത്. ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവായി ആറ് വിഭാഗങ്ങളായാണ് ഇന്ത്യയിൽ വൈദ്യുതി നിരക്ക് ക്രമീകരിച്ചിരിക്കുന്നത്. ഈ ആറ്

***റെയിൽവെ, കാർഷിക മേഖല (0 ഡ്യൂട്ടി ), ഉയർന്ന വോൾട്ടതയിലുള്ള വ്യാവസായിക ഉപഭോക്താക്കൾ (യൂണിറ്റിന് 10 പൈസ എന്ന പ്രത്യേക നിരക്ക് ) എന്നിവ ഒഴികെയുള്ള എല്ലാ മേഖലകൾക്കും കേരളം 10 ശതമാനം നിരക്കിൽ ഡ്യൂട്ടി ചുമത്തുന്നു. അതായത് ഉയർന്ന വോൾട്ടതയിലുള്ള വ്യാവസായിക ഉപയോക്താക്കൾക്ക് ഫലത്തിൽ ഏറ്റവും കുറഞ്ഞ തീരുവയേ വരുന്നുള്ളു എന്നർത്ഥം.***

വിഭാഗങ്ങൾ ഇനി പറയുന്നവയാണ് : 1) ഗാർഹിക ഉപയോഗം, 2) വാണിജ്യ സ്ഥാപനങ്ങൾ, 3) കുറഞ്ഞ വോൾട്ടതയിലുള്ള വ്യവസായിക ഉപയോഗം, 4) ഉയർന്ന വോൾട്ടതയിലുള്ള വ്യാവസായിക ഉപയോഗം, 5) കാർഷിക പ്രവർത്തനങ്ങൾ, 6) ഉയർന്ന വോൾട്ടത ആവശ്യമുള്ള റെയിൽവെയുടെ ഉപയോഗം. ഗാർഹികം, വാണിജ്യം, കാർഷികം എന്നീ മേഖലകൾക്കുള്ള വൈദ്യുതി വിതരണത്തിന് താരതമ്യേന ഉയർന്ന ചെലവ് വരുന്നു. കുറഞ്ഞ വോൾട്ടതയിൽ വൈദ്യുതി വിതരണം ചെയ്യുന്നത് മൂലം പ്രസരണ നഷ്ടം സംഭവിക്കുന്നു എന്നതാണ് ഇതിന് കാരണം. ഇതുകൂടാതെ ഇത്തരം മേഖലകളിൽ വൈദ്യുതി മോഷണവും സാധാരണമാണ്. കാർഷിക, ഗാർഹിക മേഖലയിൽ നിന്നും വരുമാനം താരതമ്യേന കുറവാണ്. രാഷ്ട്രീയ കാരണങ്ങളാൽ ഈ വിഭാഗങ്ങളിലെ ഉപയോക്താക്കളിൽ നിന്ന് കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത് എന്നതാണ് ഇതിന് കാരണം. കേരളമാണ് ഏറ്റവും ഉയർന്ന പ്രതിശീർഷ ഉപഭോഗം രേഖപ്പെടുത്തുന്ന സംസ്ഥാനം. അതിനാൽ കേരളത്തിലെ ഉപഭോക്താക്കൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നികുതി അടക്കമുള്ള ഉയർന്ന താരിഫ് നൽകാൻ കഴിയുന്നവരാണ്.

**റെയിൽവെയുടെ ഉപഭോഗത്തിനുള്ള നികുതി**

കേരളം ഉൾപ്പടെ പല സംസ്ഥാനങ്ങളും റെയിൽവെയുടെ വൈദ്യുതി ഉപയോഗത്തിന് ഡ്യൂട്ടി ഈടാക്കുന്നില്ല എന്ന കാര്യം അത്ഭുതകരമാണ് (പട്ടിക- 1). എന്നാൽ പഞ്ചാബ്, കർണാടക, ആന്ധ്രപ്രദേശ്, ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, ബിഹാർ എന്നീ സംസ്ഥാനങ്ങൾ റെയിൽവെയിൽ നിന്ന് നികുതി ഈടാക്കുന്നു. ഇത്തരത്തിൽ ചില സംസ്ഥാനങ്ങൾ നികുതി ഈടാക്കുമ്പോൾ കേരളത്തിനും ഈ മാർഗം അവലംബിക്കാവുന്നതാണ്.

**നികുതി ഉയർത്താവുന്ന മറ്റു വിഭാഗങ്ങൾ**

പഞ്ചാബ്, മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ കേരളത്തേക്കാൾ ഉയർന്ന ഡ്യൂട്ടിയാണ് ഗാർഹികേതര ഉപഭോക്താക്കൾക്ക് ചുമത്തുന്നത് (പട്ടിക-1). ഗുജറാത്തിന്റെ കാര്യത്തിൽ വിവിധ ഉപഭോക്തൃ വിഭാഗങ്ങൾക്ക് വ്യത്യസ്ത നികുതി നിരക്കുകളാണ് ചുമത്തിയിരിക്കുന്നത്. ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കൾക്കാണ് അവിടെ ഏറ്റവും കുറഞ്ഞ നിരക്ക്. (നഗര പ്രദേശങ്ങളിൽ ഇത് 15 ശതമാനമാണെങ്കിൽ ഗ്രാമീണ മേഖലയിൽ 7.5 ശതമാനമാണ്.) വാണിജ്യ ആവശ്യങ്ങൾക്ക് ഏറ്റവും ഉയർന്ന നിരക്കായ 25 ശതമാനം ചുമത്തുമ്പോൾ ഉയർന്ന വോൾട്ടതയിലെ വൈദ്യുതി ഉപയോഗിക്കുന്ന വ്യാവസായിക ഉപഭോക്താക്കൾക്ക് 15 ശതമാനമാണ് ഡ്യൂട്ടി (പട്ടിക-1). എന്നാൽ കുറഞ്ഞ വോൾട്ടതയിലുള്ള വ്യാവസായിക ഉപഭോക്താക്കൾക്ക് 10 ശതമാനം മാത്രമാണ് തീരുവ. (പട്ടിക- 1)

കാർഷിക മേഖല ഉൾപ്പടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും പഞ്ചാബ് 13 ശതമാനം എന്ന നിരക്കിൽ ഡ്യൂട്ടി ചുമത്തുമ്പോൾ (പട്ടിക- 1), റെയിൽവെ, കാർഷിക മേഖല (0 ഡ്യൂട്ടി), ഉയർന്ന വോൾട്ടതയിലുള്ള

***ഉയർന്ന പ്രതിശീർഷ ഉപഭോഗമുള്ള കേരളത്തിൽ ഉയർന്ന നിരക്കിലുള്ള ഡ്യൂട്ടി ചുമത്തുന്നതിൽ അസാധാരണമായി ഒന്നുമില്ല. പഞ്ചാബ് ചുമത്തുന്ന 13 ശതമാനമെങ്കിലും കേരളത്തിന് ചുമത്താൻ കഴിയണം. സംസ്ഥാനത്തെ ഗാർഹികേതര ഉപഭോക്താക്കൾ പ്രത്യേകിച്ച് വ്യവസായ, വാണിജ്യ ഉപഭോക്താക്കൾക്ക് ഉയർന്ന ഡ്യൂട്ടി വഹിയ്ക്കാൻ കഴിയുന്നവരാണ്.***

വ്യാവസായിക ഉപഭോക്താക്കൾ (യൂണിറ്റിന് 10 പൈസ എന്ന പ്രത്യേക നിരക്ക്) എന്നിവ ഒഴികെയുള്ള എല്ലാ മേഖലകൾക്കും കേരളം 10 ശതമാനം നിരക്കിൽ ഡ്യൂട്ടി ചുമത്തുന്നു. അതായത് ഉയർന്ന വോൾട്ടതയിലുള്ള വ്യാവസായിക ഉപയോക്താക്കൾക്ക് പ്രായോഗിക തലത്തിൽ ഏറ്റവും കുറഞ്ഞ തീരുവയേ വരുന്നുള്ളു എന്നർത്ഥം. യൂണിറ്റിന് 10 പൈസ എന്ന നിരക്ക് ഫലത്തിൽ 1988 ലെ 29 ശതമാനം എന്ന നിരക്കിൽ നിന്ന് 2015 ആകുമ്പോൾ കേവലം രണ്ടു ശതമാനമായി കുറയുന്നു എന്ന് സി എ ജി (2016, അധ്യായം-7) ചൂണ്ടിക്കാട്ടുന്നു. ഈ കാലഘട്ടത്തിൽ താരിഫ് നിരക്ക് 35 പൈസയിൽ നിന്ന് 520 പൈസയായി ഉയർന്നതാണ് ഇതിന് കാരണം. ഇതിന്റെ ഫലമായി, ഹൈ ടെൻഷൻ (എച്ച് ടി) ഉപയോക്താക്കളുടെ കാര്യത്തിൽ നികുതി ഒരിക്കലും കൂടിയിട്ടില്ല എന്ന് കാണാൻ കഴിയും. എന്നാൽ മറ്റെല്ലാ വിഭാഗങ്ങൾക്കും വൈദ്യുതി നിരക്കിന് അനുസരിച്ച് നികുതിയും കൂടിയതായി കാണാം. അതിനാൽ എച്ച് ടി മേഖലയിൽ നിന്നും ഡ്യൂട്ടി വഴിയായുള്ള വരുമാനം വളരെ കുറഞ്ഞ തോതിലായിരുന്നു. ഈ നികുതി യൂണിറ്റടിസ്ഥാനത്തിലോ, അളവിന്റെ അടിസ്ഥാനത്തിലോ (യൂണിറ്റിന് 6 പൈസ-പട്ടിക-1) ആയതിനാൽ ആന്ധ്രപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിലും ഈ ഇനത്തിലുള്ളവരുമാനം കുറവാണ്. 2018-19 ൽ ഒരു ദശലക്ഷം യുണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ ഡ്യൂട്ടി വഴി ലഭ്യമായ വരുമാനം കേവലം 2000- 2700 രൂപ മാത്രമാണ്.

ഉയർന്ന വോൾട്ടതയിലെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് വിലയ്ക്കനുസൃതമായ വിധത്തിൽ നികുതി നിർണ്ണയിക്കേണ്ടത് അവശ്യം വേണ്ടുന്ന കാര്യമാണ്. ഇതിന് 1989 ലെ കേരള വൈദ്യുതി സർചാർജ് (ലെവി ആൻഡ് കളക്ഷൻ) നിയമത്തിൽ ഭേദഗതി ആവശ്യമാണ്. ലോ ടെൻഷൻ വൈദ്യുതി ഉപയോഗത്തിനുള്ള ഡ്യൂട്ടി നിശ്ചയിച്ചിരിക്കുന്നത് 1969 ലെ കേരള ഇലെക്ട്രിസിറ്റി ഡ്യൂട്ടി (ഭേദഗതി) നിയമം അനുസരിച്ചാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എന്നാൽ അതിനു ശേഷം ഇന്നോളം ഈ നിയമത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്നതാണ് കൗതുകമുളവാക്കുന്ന കാര്യം. ഹൈ ടെൻഷൻ ഉപഭോക്താൾക്കായി കേരള ഇലെക്ട്രിസിറ്റി സർചാർജ് (ലെവി ആൻഡ് കളക്ഷൻ) എന്ന പേരിൽ ഡ്യൂട്ടി നിശ്ചയിക്കുന്നതിനായി ഒരു പ്രത്യേക നിയമമുണ്ട്. ഇതനുസരിച്ച് യുണിറ്റ് അടിസ്ഥാനമാക്കിയാണ് നിരക്ക് നിർണ്ണയിക്കുന്നത്. അതുകൊണ്ട് ഇത്തരം നിയമങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തേണ്ടതും നികുതി നിരക്കുകളിൽ മാറ്റം കൊണ്ടുവരേണ്ടതും ആവശ്യമായ കാര്യമാണ്.

മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ഡ്യൂട്ടി നിലനിൽക്കുന്നതിനാൽ ഇത് ഉയർത്തുന്നതിനുള്ള സാധ്യത തെളിഞ്ഞു കാണാം. ഉയർന്ന പ്രതിശീർഷ ഉപഭോഗമുള്ള കേരളത്തിൽ ഉയർന്ന നിരക്കിലുള്ള നികുതി ചുമത്തുന്നതിൽ അസാധാരണമായി ഒന്നുമില്ല. പഞ്ചാബ് ചുമത്തുന്ന 13 ശതമാനമെങ്കിലും കേരളത്തിന് ചുമത്താൻ കഴിയണം. രണ്ടാമതായി ഗാർഹികേതര ഉപഭോക്താക്കൾപ്രത്യേകിച്ച് വ്യവ

**Table 2.** Share of industrial, commercial and railway traction total electricity consumption, 2018-19

| State | Industrial | Commercial | Railway traction | Total |
|---|---|---|---|---|
| Punjab | 33.89 | 7.33 | 0.46 | 41.68 |
| Gujarat | 59.35 | 4.33 | 0.77 | 64.45 |
| Maharashtra | 32.24 | 11.52 | 2.32 | 46.07 |
| Odisha | 38.09 | 9.46 | 6.21 | 53.76 |
| Kerala | 21.12 | 11.47 | 1.50 | 34.09 |
| Andhra Pradesh | 33.38 | 8.53 | 2.77 | 44.68 |
| Telangana | 23.76 | 9.85 | 1.24 | 34.85 |
| Karnataka | 22.78 | 10.50 | 0.16 | 33.44 |
| Tamil Nadu | 38.28 | 11.20 | 0.98 | 50.46 |
| Total (All India) | 33.42 | 9.47 | 1.82 | 44.70 |

Source: All India Electricity Statistics: General Review 2020, Central Electricity Authority

**Figure 2**. Average price electricity (tariff +duty) for lowest band of electricity for consumers in Kerala




Source: All India Electricity Statistics: General Review 2020, Central Electricity Authority

**Table 3.** Average electricity tariff and duty for different categories for lowest band of consumers

| | State | Punjab | Gujarat | Maha-rashtra | Odisha | Kerala | Andhra Pradesh | Telan-gana | Karna-taka | Tamil Nadu |
|---|---|---|---|---|---|---|---|---|---|---|
| Small and Medium | Tariff | 618 | 527 | 653 | 570 | 617 | 721 | 720 | 590 | 455 |
| | Duty rate | 80 | 53 | 70 | 29 | 55 | 6 | 6 | 35 | 23 |
| | **Total** | **698** | **580** | **723** | **599** | **672** | **727** | **726** | **625** | **478** |
| large HT(industry) | Tariff | 728 | 457 | 858 | 644 | 664 | 838 | 843 | 756 | 768 |
| | Duty rate | 95 | 6 | 89 | 52 | 10 | 6 | 6 | 44 | 38 |
| | **Total** | 823 | 463 | 947 | 696 | 674 | 844 | 849 | 800 | 806 |
| Commercial | Tariff | 730 | 468 | 953 | 613 | 780 | 897 | 905 | 848 | 801 |
| | Duty rate | 95 | 117 | 209 | 25 | 74 | 6 | 6 | 51 | 40 |
| | **Total** | **825** | **585** | **1162** | **638** | **854** | **903** | **911** | **899** | **841** |
| Domestic | Tariff | 516 | 303 | 510 | 360 | 345 | 203 | 85 | 463 | 233 |
| | Duty rate | 67 | 23 | 82 | 14 | 32 | 6 | 0 | 28 | 6 |
| | **Total** | **583** | **326** | **592** | **374** | **377** | **209** | **85** | **491** | **239** |
| Traction | Tariff | 871 | 600 | 894 | 666 | 619 | 532 | 632 | 737 | 802 |
| | Duty rate | 113 | 0 | 0 | 0 | 0 | 0 | 0 | 44 | 0 |
| | **Total** | **984** | **600** | **894** | **666** | **619** | **532** | **632** | **781** | **802** |

സായ, വാണിജ്യ ഉപഭോക്താക്കൾ ഉയർന്ന ഡ്യൂട്ടി വഹിയ്ക്കാൻ കഴിയുന്നവരാണ്.

## വൈദ്യുതി നികുതി വരുമാനവർധനക്ക് ഉപയുക്തമാക്കുന്നതിലെ പരിമിതികൾ

മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വൈദ്യുതി തീരുവ വഴി വരുമാനം വർധിപ്പിക്കുന്നതിന് കേരളത്തിന് ചില പരിമിതികൾ ഉണ്ട്. കാരണം, കേരളത്തിന്റെ വൈദ്യുതി ഉപയോഗ രീതികളാണ്. എന്നിരുന്നാലും ഇത് മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകളുണ്ട്. കേരളത്തിലെ ഉപയോഗത്തിന്റെ ഏറിയ പങ്കും ഗാർഹിക ഉപയോഗമാണ്. 2018-19 ലെ കണക്കുകൾ പ്രകാരം മൊത്തം ഉപയോഗത്തിന്റെ 51 ശതമാനവും ഗാർഹിക ഉപയോഗമാണ്. വാണിജ്യം, വ്യവസായം, റെയിൽവെ തുടങ്ങിയ മേഖലകളുടെ 2018-19 ലെ ഉപയോഗ വിഹിതം പട്ടിക രണ്ടിൽ കാണാം. സംസ്ഥാനത്ത് ഉയർന്ന നിരക്കുകൾക്ക് അനുയോജ്യമായ രാഷ്ട്രീയ സ്ഥിതിയല്ല ഉള്ളതെന്ന് കാണാം. ഈ മേഖലകളുടെ മൊത്തത്തിലുള്ള ഉപയോഗം കേരളത്തിൽ കുറവാണ്. ഗുജറാത്തിൽ ഇത് 64 ശതമാനമായിരിക്കുമ്പോൾ കേരളത്തിൽ 34 ശതമാനമാണ്. എന്നാൽ ഒഡിഷ, പഞ്ചാബ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇത്ര ഉയർന്ന വിഹിതം കാണാൻ കഴിയുന്നില്ല. ഒഡിഷയിൽ ഇത് 54 ശതമാനവും മഹാരാഷ്ട്രയിൽ 46 ശതമാനവും പഞ്ചാബിൽ 41.6 ശതമാനവുമാണ്. അതുകൊണ്ട് ഇവിടെ വൈദ്യുതി നികുതി ഉയർത്തി വരുമാനം വർധിപ്പിക്കുന്നതിനുള്ള നല്ല സാധ്യതയുണ്ട്. (പട്ടിക-2)

## വൈദ്യുതി ഡ്യൂട്ടി ഉയർത്തുന്നതിലെ രാഷ്ട്രീയ പ്രശ്നങ്ങൾ

വൈദ്യുതി നിരക്കും നികുതിയും ചേർന്നുള്ള ചാർജ് കേരളത്തിൽ കുറവാണെന്ന് മൂന്നാം പട്ടികയിൽ നിന്ന് വ്യക്തമാണ്. എന്നാൽ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കുള്ള വൈദ്യുതി നിരക്ക് റെയിൽവെയെ അപേക്ഷിച്ച് കൂടുതലാണെന്ന് കാണാം. റെയിൽവേക്ക് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടില്ല എന്നതാണ് ഇതിന് പ്രധാന കാരണം. (രേഖാചിത്രം- 2) (പട്ടിക- 3)

റെയിൽവെയുടെ കാര്യത്തിൽ ഡ്യൂട്ടി കൊണ്ടുവരുന്നതിന് കേരളത്തിന് അനുകൂലമായ സാഹചര്യമാണുള്ളത്. കാരണം, ഒരു യുനിറ്റിന് 6.19 രൂപയാണ് കേരളം റെയിൽവേയിൽ നിന്ന് ഈടാക്കുന്നത്. പഞ്ചാബിൽ ഇത് 1.13 രൂപ നികുതി അടക്കം 9.84 രൂപയാണ്.

അതുപോലെ, ഡ്യൂട്ടി ഉൾപ്പടെ ഹൈ ടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് മഹാരാഷ്ട്ര ഈടാക്കുന്നത് യൂണിറ്റിന് 9.45 രൂപയാണ്. കേരളത്തിൽ ഇത് 6.74 രൂപയും (പട്ടിക- 3). അതുകൊണ്ട് ഹൈ ടെൻഷൻ മേഖലയിൽ നികുതി വർധന വരുത്താവുന്നതാണ്. എന്നാൽ ഇതുവഴി റവന്യൂ വരുമാനം വല്ലാതെ ഉയരുമെന്ന് കരുതുക വയ്യ. കാരണം, കേരളത്തിൽ ഇത്തരം ഉപഭോക്താക്കൾ 15 ശതമാനം മാത്രമാണ്. എന്നാൽ പഞ്ചാബിന്റെ കാര്യത്തിൽ ഇത് 28.09 ശതമാനവും ഗുജറാത്തിന്റെ കാര്യത്തിൽ 42.44 ശതമാനവും മഹാരാഷ്ട്രയുടെ കാര്യത്തിൽ 24.78 ശതമാനവുമാണ്.

വാണിജ്യ ഉപയോക്താക്കളുടെ കാര്യത്തിലും ഡ്യൂട്ടി വർധിപ്പിക്കുന്നതിന് സാധ്യതയുണ്ട്. മഹാരാഷ്ട്രയിൽ ഈ വിഭാഗത്തിനുള്ള ശരാശരി നിരക്ക് 11.62 രൂപയായിരിക്കുമ്പോൾ കേരളത്തിൽ ഇത് 8.54 രൂപ മാത്രമാണ് (പട്ടിക- 3). ഇവിടെ ഒരു കാര്യം വളരെ പ്രസക്തമാണ്. കേരളത്തിലെ മൊത്തം വൈദ്യുതി ഉപയോഗത്തിന്റെ 11 ശതമാനം വരുന്നത് ഈ മേഖലയിലാണ്. ഇത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്നതാണ്. കേരളത്തിൽ ഏറ്റവും ഉയർന്ന പ്രതിശീർഷ ഉപഭോഗമുള്ളതിനാൽ ഈ മേഖലയിൽ ഡ്യൂട്ടി വർദ്ധിപ്പിക്കുന്നത് പ്രയാസമേറിയ ഒരു

**Table 4:** Scenarios for additional revenue under electricity duty provided that duty rates were high enough to match the tariff (inclusive of duty) level of Benchmark states in 2018-19

| Consumer category | Consumption Level in 2018-19 (Million Units) | Existing Average Tariff (Paise/ unit) | Existing Duty Rate (Paise/ unit) | Benchmark state | Average Tariff (paise/ unit) | Duty (Paise/ unit) | space for increment in Duty or tariff (in Paise/ unit)* | Projected Additional revenue in 2018-19 (Rs Crore) | Bench mark state | Average Tariff (paise/ unit) | Duty (Paise/ unit) | Space for increment in Duty or tariff (Paise/ unit) | Projected Additional revenue in 2018-19 (Rs Crore) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Domestic | 10927.01 | 345 | 32 | Maharashtra | 510 | 82 | 215 | **2349.31** | Karnataka | 463 | 28 | 114 | **1245.68** |
| Commercial | 2455.89 | 780 | 74 | Maharashtra | 953 | 209 | 308 | **756.41** | Karnataka | 848 | 51 | 45 | **110.52** |
| LT Industry | 1186.05 | 617 | 55 | Andhra Pradesh | 721 | 6 | 53 | **65.23** | Punjab | 618 | 80 | 24 | **30.84** |
| HT Industry | 3336.89 | 664 | 10 | Maharashtra | 858 | 89 | 275 | **910.97** | Odisha | 644 | 52 | 24 | **73.41** |
| Railway | 321.07 | 619 | 0 | Punjab | 871 | 113 | 365 | **117.19** | Telangana | 632 | 0 | 13 | **4.17** |
| | | | | | | | | **4199.12** | | | | | **1464.62** |

***കേരളത്തിലെ വൈദ്യുതി ഉപയോഗത്തിന്റെ പകുതിയിലേറെയും ഗാർഹിക ഉപഭോഗമാണ് ( 51 ശതമാനം ). ഈ മേഖലയിൽ വരുത്തുന്ന ചെറിയ ചാർജ് വർധന പോലും വലിയ തോതിൽ വരുമാന വർധനക്ക് ഇടയാക്കുന്നതായി കാണാം. ഈ മേഖലയിൽ കേരളത്തിന്റെ നിരക്കും നികുതിയും മഹാരാഷ്ട്രയ്ക്കും കർണ്ണാടകത്തിനും സമാനമായിരുന്നുവെങ്കിൽ 2018 -19 സാമ്പത്തിക വർഷത്തിൽ ലഭിക്കുമായിരുന്ന അധിക വരുമാനം 2349 കോടിക്കും 1246 കോടിക്കുമിടയിലാണ്.***

കാര്യമായി മാറുന്നില്ല.

ഗാർഹിക ഉപഭോക്താക്കളുടെ നിരക്ക് വർധിപ്പിക്കുന്നത് രാഷ്ട്രീയമായി അപകടകരമെന്ന് വിശേഷിപ്പിക്കാവുന്ന ഒരു നീക്കമാണ്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഗാർഹിക വൈദ്യുതി നിരക്ക് ഏറ്റവും കുറഞ്ഞ 3.77 രൂപ മാത്രമാണ്. മഹാരാഷ്ട്രയിൽ യൂണിറ്റിന് 5.92 രൂപയും പഞ്ചാബിൽ 5.83 രൂപയും കർണാടകത്തിൽ 4.91 രൂപയുമാണ് നിരക്ക്. ഡ്യൂട്ടിയിൽ നേരിയ വർധന വരുത്തിയാൽ പോലും കേരളത്തിന് വരുമാനത്തിൽ നല്ല വർധന ഉണ്ടാക്കാൻ കഴിയും. ഗാർഹിക ഉപയോഗം സംസ്ഥാനത്തെ മൊത്തം ഉപയോഗത്തിന്റെ 51 ശതമാനമാണ് എന്നതാണ് കാരണം. പഞ്ചാബിന്റെ കാര്യത്തിൽ ഇത് 28.26 ശതമാനവും ഗുജറാത്തിൽ 16 ശതമാനവും മഹാരാഷ്ട്രയിൽ 21.6 ശതമാനവും തമിഴ്നാട്ടിൽ 29.41 ശതമാനവും കർണാടകത്തിൽ 20.76 ശതമാനവും ആന്ധ്രാപ്രദേശിൽ 25.63 ശതമാനവുമാണ്.

## അധികവരുമാനത്തെ കുറിച്ചുള്ള ചില അനുമാനങ്ങൾ

2018-19 ൽ കേരള സർക്കാരിനോ കെ എസ് ഇ ബിക്കോ ലഭിക്കുമായിരുന്ന അധിക വരുമാനത്തിന്റെ രണ്ട് സാദ്ധ്യതകൾ മൂന്നാം പട്ടിക മുന്നോട്ട് വയ്ക്കുന്നുണ്ട്. വൈദ്യുതി ഡ്യൂട്ടിയുടെ കാര്യത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച രണ്ടു സംസ്ഥാനങ്ങൾക്കൊപ്പമാണ് കേരളത്തിന്റെ ശരാശരി താരിഫും നികുതിയും എന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കണക്കെടുപ്പ്. ഇതനുസരിച്ചുള്ള അധിക വരുമാനം ആ വർഷത്തിൽ കണക്കാക്കുന്നത് 1825 കോടി രൂപയാണ്. ഈ അധിക വരുമാനം സർക്കാരും കെ എസ് ഇ ബിയും തമ്മിൽ പങ്ക് വയ്ക്കേണ്ട വരുമാനമാണ്. എന്നാൽ ഇത്തരമൊരു വീതംവയ്പ്പ് ഈ ലേഖനത്തിന്റെ ലക്ഷ്യമല്ല, മറിച്ച് മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനങ്ങളെ പോലെ ഉയർന്ന നിരക്കായിരുന്നെങ്കിൽ ലഭ്യമാകുമായിരുന്ന വരുമാനം ചൂണ്ടികാണിക്കുകയാണ് ചെയ്തത്. ഇത് പങ്ക് വയ്ക്കുന്നത് ഇരു കക്ഷികളുടെയും സമവായത്തിന്റെ അടിസ്ഥാനത്തിലാണ്.

അധിക വരുമാനത്തെ കുറിച്ചുള്ള ആദ്യത്തെ സാധ്യത മികച്ച വരുമാനം നേടുന്ന ഇതര സംസ്ഥാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇത് ഇത്തരത്തിൽ സമാഹരിക്കാമായിരുന്ന അധിക വരുമാനത്തെ കുറിച്ചുള്ള വ്യക്തമായ ചിത്രം നൽകുന്നു. രണ്ടാമത്തെ സാധ്യത ഡ്യൂട്ടിയും ചേർത്തുള്ള ശരാശരി നിരക്ക് കേരളത്തേക്കാൾ അല്പം മുകളിലുള്ള സംസ്ഥാനങ്ങളുമായി തട്ടിച്ചുള്ളതാണ്. ഇത് 2018-19 വർഷത്തിൽ ലഭ്യമാകുമായിരുന്ന ഏറ്റവും കുറഞ്ഞ വരുമാന വർദ്ധനവിനെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. 2018-19 ലെ വിവിധ വിഭാഗങ്ങളുടെ ഉപഭോഗമാണ് ഈ അനുമാനകണക്കുകൾ തയ്യാറാക്കുന്നതിനായി എടുത്തിരിക്കുന്നത്. ഇതെല്ലാം വ്യക്തമാക്കുന്ന വസ്തുത 2018-19 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ഇത്തരത്തിൽ അധികമായി നേടാൻ കഴിയുമാ

യിരുന്ന വരുമാനം 1464 കോടിക്കും 4199 കോടിക്കും ഇടയിലാണ് എന്നതാണ് (പട്ടിക- 4).

**അധിക വരുമാനം ഉപഭോഗമേഖലയുടെ അടിസ്ഥാനത്തിൽ**

കേരളത്തിലെ വൈദ്യുതി ഉപയോഗത്തിന്റെ പകുതിയിലേറെയും ഗാർഹിക ഉപഭോഗമാണ് (51 ശതമാനം). അതുകൊണ്ട് മൂന്നാം പട്ടികയിൽ കാണിച്ചിരിക്കുന്നത് പോലെ ഈ മേഖലയിൽ വരുത്തുന്ന ചെറിയ ചാർജ് വർധന പോലും വലിയ തോതിൽ വരുമാന വർധനക്ക് ഇടയാക്കുന്നതായി കാണാം. ഈ മേഖലയിൽ കേരളത്തിന്റെ നിരക്കും ഡ്യൂട്ടിയും മികച്ച രണ്ടു സംസ്ഥാനങ്ങളുടേതിന് സമാനമായിരുന്നുവെങ്കിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിക്കുമായിരുന്ന അധിക വരുമാനം 1246 കോടിക്കും 2349 കോടിക്കുമിടയിലാണ്.

വാണിജ്യ മേഖലയാണ് മറ്റൊരു പ്രധാന വൈദ്യുതി ഉപഭോഗ രംഗം. ഈ രംഗത്ത് നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ ലഭിക്കുമായിരുന്ന അധിക വരുമാനം 756 കോടിക്കും 111 കോടിക്കുമിടയിലാണ്. കുറഞ്ഞ വോൾട്ടതയിലുള്ള വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായ മേഖലയിൽ നിന്നും ലഭ്യമാകുമായിരുന്ന അധിക വരുമാനമാകട്ടെ 65 കോടിക്കും 30 കോടിക്കും ഇടയിലാണ്.

ഉയർന്ന വോൾട്ടതയിലുള്ള വൈദ്യുതി ഉപയോഗിക്കുന്ന ഹൈ ടെൻഷൻ വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും ലഭിക്കുമായിരുന്ന വരുമാനം 910 കോടിക്കും 73 കോടിക്കും ഇടയിൽ വരും. ഈ വിഭാഗത്തിലെ ഉപയോക്താക്കളുടെ നിരക്ക് ഗാർഹിക രംഗത്തുള്ളവരുടേതിനേക്കാൾ ഏറെ താഴെയാണെന്നോർക്കണം. യൂണിറ്റിന് കേവലം 10 പൈസ മാത്രമാണ് ഇവർക്കുള്ള നികുതി നിരക്ക്. അതിന്റെ കാരണങ്ങൾ നേരത്തെ വിവരിച്ചതാണ്.

നികുതി ഈടാക്കാത്ത മറ്റൊരു പ്രധാന ഉപഭോഗ മേഖല റെയിൽവെയാണ്. ഇവിടെ മുൻനിരയിലെ സംസ്ഥാനങ്ങളുടേതിന് സമാനമായ നിരക്കിൽ ഡ്യൂട്ടി ഈടാക്കിയിരുന്നെങ്കിൽ 117 കോടി മുതൽ നാലു കോടി വരെയാണ് ലഭിക്കാമായിരുന്ന അധിക വരുമാനം. ഇത്തരത്തിൽ കുറഞ്ഞ തോതിലുള്ള വരുമാനത്തിന്റെ പ്രധാന കാരണം, റെയിൽവെയുടെ വൈദ്യുതി ഉപയോഗം താരതമ്യേന കുറവാണ് എന്നതാണ്.

**വരുമാനസമാഹരണത്തിൽ കെ എസ് ഇ ബിയുടെ വീഴ്ചകൾ**

